

# ANGST

കാലത്തിന്റെ പരിച്ഛേദമാണ് കലാലയം... അതുകൊണ്ട്
സമൂഹ മനസ്സിന്റെ ആകുലതകളുടെയും ഇടമായി അത് മാറുന്നു..


MALABAR
CHRISTIAN
COLLEGE
Calicut 673 001, Kerala

| | |
|---|---|
| ചീഫ് എഡിറ്റർ: | ഡോ. സച്ചിൻ പി. ജയിംസ് |
| സ്റ്റാഫ് എഡിറ്റർ: | പ്രസൂൻ വി.എസ്. |
| സ്റ്റുഡന്റ് എഡിറ്റർ: | സോന മോൾ പി.ടി. |
| രൂപവിന്യാസം : | മായക്ഷേത്ര |
| കവർ ഇൻ & ബാക്ക് : | അരുൺകുമാർ സി. |
| | (പൂർവവിദ്യാർത്ഥി) |

Statement of ownership and other particulars about the publication of Malabar Christian College Magazine 2023-24

Publisher: Dr. Sachin P. James,
Principal, Malabar Christian College

Editor: Sona Mol P. T. Student Editor, Malabar Christian College

Owner Address : Malabar Christian College : Malabar Christian College, Kozhikode-673001

I, Sona Mol P.T. hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Sona Mol P.T.

# Principal's Message



**Dr. Sachin. P. James**
Principal Incharge

Dear Students, Faculty, and Alumni,

As we reflect on the past year, I am filled with pride and gratitude for the incredible achievements and milestones reached by our college community. Our students have excelled in academics, research, arts, sports, community service and other extracurricular activities, demonstrating their exceptional talent and dedication. Our faculty has worked tirelessly to provide innovative teaching methods, mentorship, and guidance, fostering a nurturing environment for our students to grow. They also have continued to push boundaries, engaging in cutting-edge research and fostering a culture of innovation. Our alumni have made notable contributions in their respective fields, inspiring us with their success stories.

This magazine showcases the vibrant campus life, student achievements, and faculty expertise that make Malabar Christian College a beacon of excellence in education.

Our Vision for the Future: Embracing Change, Embracing Growth

As we move forward, we remain committed to:

- Fostering a culture of innovation, creativity, entrepreneurship and critical thinking
- Enhancing industry partnerships for research, internships and career opportunities
- Strengthening our commitment to social responsibility and community engagement
- Fostering inclusivity, diversity, and social responsibility
- Supporting student well-being and mental health initiatives

A Message to Our Students

As you navigate your academic journey, remember that success is not solely defined by grades or achievements. It is about embracing challenges, learning from failures, cultivating empathy, resilience, developing character and compassion.

A Message to Our Alumni

Your accomplishments are a testament to the college's legacy. Stay connected, share your experiences, inspire our current students to strive for excellence and mentor our students to become the leaders of tomorrow.

As we embark on a new academic year, I am thrilled to introduce this edition of our college magazine. This publication showcases the vibrant spirit of Malabar Christian College, highlighting our achievements, innovations, and the incredible stories of our community.

Thank you for your unwavering support and commitment to Malabar Christian College Together, we will continue to soar to greater heights. I extend my sincere gratitude to our faculty, staff, and students for their tireless efforts in making Malabar Christian College a hub of academic excellence and personal growth. Together, let us continue to empower minds, enrich futures and create a lasting impact on our world.



# Manager's Message



**Rev. Dr. Shaji N. P**
Manager

# Empowering Minds, Enriching Futures

Dear Students, Faculty, and Staff,

I am delighted to introduce this latest edition of our college Magazine for the official publication of Malabar Christian College, Calicut, for the academic year 2023-24. This magazine is a tribute to the vibrant and diverse community we proudly call our own. As we proceed through the challenges and opportunities to provide better collegiate education for our community, Malabar Christian College remains committed to providing a world-class education that prepares our students for success in all aspects of their lives. Our faculty and staff work tirelessly to ensure that our students receive an exceptional learning experience, and our student's achievements and accomplishments testify to their hard work and dedication.

In this edition of the magazine, we showcase how our students, faculty, and staff are making a positive impact on our community and beyond. From research projects to community service initiatives, our contributors have shared inspiring stories highlighting the college's excellence, innovation, and service values. We also look at some exciting campus developments, including new facilities, programs, and initiatives that will enhance our student's learning experience and help us stay at the forefront of higher education. As we move forward into the new academic year, I want to thank all members of our college community for their hard work and commitment to our mission. I am proud to be a part of this community, and I am confident we will continue to achieve great things together.

I hope you enjoy this edition of our college Magazine, and I invite you to share your thoughts and feedback. We are always looking for ways to improve and make our magazine more engaging and relevant to your interests. Thank you again for your support, and I wish you all the best for the new academic year.

# സമർപ്പണം

സ്നേഹത്തിന്റെ ആദ്യാക്ഷരം പകർന്നു തന്നവർക്ക്.

അരാജകത്വത്തിന്റെ ഇരുമ്പ് കവാടങ്ങൾ ചവിട്ടിത്തുറന്നവർക്ക്.

ഇരുട്ടു മാറ്റി എഴുത്തിലൂടെ വെളിച്ചത്തിന്റെ വഴി കാട്ടിയവർക്ക്

യുദ്ധഭൂമിയിൽ പൊലിഞ്ഞ ജീവനുകൾക്ക്.

വേർതിരിവുകൾ ഇല്ലാതെ ഒരുമിച്ച് നീങ്ങിയവർക്ക്.

# എഡിറ്റോറിയൽ



ഓരോ ചിന്തകളും ആകുലതകളായി മാറുന്ന കാലം..
ഒരുപാട് അരുതുകൾ മാത്രം കാണപ്പെടുന്ന കാലം..

എഴുത്തുകൾ നിരന്തരം വേട്ടയാടപ്പെട്ടു കൊണ്ടിരിക്കുന്ന കാലം.

ചിന്തകളിൽ ആകുലതകളും ഭയവും പടർന്നു കയറുന്ന കാലം. സ്വാതന്ത്ര്യങ്ങൾ കടിഞ്ഞാൺ ബന്ധിതമാകുന്നകാലം.

പലതിനെയും ഭയന്നുകൊണ്ട് ജീവിയ്ക്കുന്ന ഈ കാലം ചെറുത്തു നിൽപിന്റേതുകൂടി ആകുന്നു. പുതുമുന്നേറ്റങ്ങളും ചിന്തകളും മനസ്സിൽ നിറയ്ക്കുന്ന ആകുലതകളും കാലത്തിന്റെ പരിച്ഛേദം കൂടിയായിത്തീരുന്നു.

“Angst” എന്നപദം ജർമൻ ഭാഷയിൽ ഭയത്തെ കുറിക്കുന്നു. ഇംഗ്ലീഷിൽ ആഴമേറിയ ആകുലതയെയാണ് ഈ പദം പ്രതിനിധാനം ചെയ്യുന്നത്. നാം കടന്നുപോവുന്ന കാലത്തിൽ ഇത്തരം ചിന്തകളിൽ വ്യാപരിക്കുന്ന എഴുത്തുകൾ ആവശ്യമോ അതിലുപരി അനിവാര്യമോ ആണ്. മാറുന്ന കാലത്തിലെ ആകുലത നിറഞ്ഞ ചില ഭയങ്ങളും ചിന്തകളും Angst പങ്കുവെയ്ക്കുന്നു. കാലത്തിന്റെ ഈ അടയാളം ഇനി വായനക്കാർക്കുള്ളത്.

അഭിവാദ്യങ്ങളോടെ

എഡിറ്റർ
സോന മോൾ പി ടി.

# ഉള്ളെഴുത്തുകൾ




Principal's Message

Manager’s Message

സമർപ്പണം

എഡിറ്റോറിയൽ

പ്രകൃതി

വായന

ലഹരി

മാധ്യമലോകം

ലിംഗനീതി

സിനിമ

ക്വീർ.. ദളിത്സാഹിത്യം

വിദ്യാഭ്യാസം

കോളേജ് റിപ്പോർട്ട്

യൂണിയൻ റിപ്പോർട്ട്

നന്ദി

## പ്രകൃതി



# പാരിസ്ഥിതിക ചിന്തകൾ

ദിയ. എ.
ഒന്നാം വർഷം, ബി.എസ്.സി., കെമിസ്ട്രി

"വസുധൈവ കുടുംബകം" എന്ന ഭാരതീയദർശനം ഉൾക്കൊള്ളുന്ന ഫലകം, ഐക്യരാഷ്ട്രസഭയുടെ ഇന്ത്യൻ ആസ്ഥാനത്ത് തിളങ്ങുന്ന സന്ദേശമായി മാറിയിരിക്കുന്നു. അനൈക്യം ബാധിച്ച ലോകത്തിനു മുന്നിൽ സഹിഷ്ണുതയു ടെയും സഹവർത്തിത്തത്തിന്റെയും ഇന്ത്യൻ പ്രതീകമായി ഈ ഫലകം ഇനിയുള്ള കാലം നിലകൊള്ളും.

യുദ്ധവെറിയിലും അധിനിവേശ തന്ത്രങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന രാഷ്ട്രങ്ങൾക്കുമുന്നിൽ, 'വസുധൈവ കുടുംബകം' എന്ന ആശയത്തിന് ഏറെ പ്രസക്തിയുണ്ട്. മനുഷ്യരാശി എക്കാലത്തും വലിയ നേട്ടങ്ങളുടെ കൊടുമുടികൾ കീഴടക്കി മുന്നോട്ടുപോകുന്ന ഈ വേളയിൽ, സ്വന്തം കാലിനടിയിലെ മണ്ണിനെപ്പറ്റിയുള്ള അവബോധം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. പ്രകൃതിയിലെ ജീവനുള്ളതിനെയും ജീവനില്ലാത്തതിനെയും വെട്ടിപ്പിടിച്ച് സ്വന്തമാക്കിയ മനുഷ്യൻ, പിന്നീട് അവർക്കിടയിലെ രാജാവ് ആകാനായി ദേശത്തിന്റെയും വർണ്ണത്തിന്റെയും കൂട്ടുപിടിച്ച് ബലഹീനരായ മനുഷ്യരെ അടിമകളാക്കി. ഭൂമിയുടെ ആരംഭകാലംതൊട്ട് ഇന്നുവരെ മനുഷ്യരാശിയോളം വലിയൊരു അത്ഭുതം ഇവിടെ സംഭവിച്ചിട്ടില്ല എന്നും മനുഷ്യനാൽ അസാധ്യമായതൊന്നും ഇന്ന് ലോകത്തിൽ ഇല്ല എന്നുമുള്ള അഹന്തയിൽ നിന്നുണ്ടായ ചിന്താഗതി കൊണ്ടാവാം മനുഷ്യൻ ഇന്ന് ഭൂമിയെ അത്രമേൽ ഉപദ്രവിക്കുന്നത്. 'ഭൂമിയോളം ക്ഷമിക്കുക' എന്ന് നാം പറയാറുണ്ടെന്ന് കരുതി എക്കാലവും മനുഷ്യനോട് ഭൂമി ക്ഷമിക്കണമെന്നില്ല എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. കഴിഞ്ഞ കുറച്ചു വർഷങ്ങളായി കണ്ടുവരുന്ന കാലാവസ്ഥാവ്യതിയാന വും മറ്റും നമുക്കുള്ള മുന്നറിയിപ്പുകളാണ്. അടിത്തറയിലെ കല്ലുകൾ എടുത്തു കൊണ്ട് താഴികക്കുടം പണിയരുതെന്ന് ഈ മാറ്റങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു.



വികസനം വേണം. മനുഷ്യൻ ഇനിയും ഉയരങ്ങൾ താണ്ടണം. പക്ഷേ അത് ഒരിക്കലും സ്വന്തം നാശത്തിലേക്ക് കൂപ്പുകുത്തിക്കൊണ്ടാവരുത്. മനുഷ്യനെപ്പോലെത്തന്നെ ഭൂമിയിൽ ജീവിക്കാൻ എല്ലാ ജീവജാലങ്ങൾക്കും അവകാശമുണ്ട്. അതൊരിക്കലും മനുഷ്യൻ വെച്ച് നീട്ടുന്ന ഔദാര്യമാകരുത്. മനുഷ്യന്റെ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം പ്രകൃതിയിലുണ്ട്. ആ ഉത്തരം കൈക്കലാക്കിക്കഴിഞ്ഞതിനുശേഷം ഉത്തരം തന്ന ആളെത്തന്നെ നശിപ്പിക്കുന്ന പ്രവണതയാണ് ഇന്ന് മനുഷ്യൻ ചെയ്തുകൊണ്ടിരിക്കുന്നത്.

ഇനി വരുന്ന തലമുറയ്ക്ക് ഇവിടെ സുരക്ഷിതമായി ജീവിക്കാൻ ശാസ്ത്രത്തിന്റെ അടിത്തറ മാത്രം പോരാ. പ്രകൃതിയുടെ തിരിച്ചടി തരണം ചെയ്യാൻ കെൽപുള്ള മണിമാളികകൾ തീർത്താ ലും ഭൂമിവിട്ട് ചൊവ്വയിൽ കുടിയേറിപ്പാർത്താലും തന്റെ ചുറ്റിലുമുള്ള പ്രകൃതിയെ സംരക്ഷിക്കാൻ മടികാണിക്കുന്ന മനുഷ്യർ എന്നെങ്കിലും ഒരിക്കൽ ഈ പ്രപഞ്ചത്തിൽനിന്ന് തന്നെ ഇല്ലാതാവും. അതിനാൽ 'വസുധൈവ കുടുംബകം' എന്ന ചിന്താഗതി ഇടയ്ക്കെങ്കിലും ഓർക്കുന്നതിനപ്പുറം പ്രസംഗിക്കുന്നതിനപ്പുറം പ്രവൃത്തിപഥത്തിൽ നിർബന്ധമായും കൂടെ കൂട്ടേണ്ട ഒന്നെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

# പച്ചയിൽ പച്ചയായ ഒരാൾ

ഡോ.ദീപേഷ് കരിമ്പുങ്കര





അപ്പൂപ്പൻ താടിമരം എന്നൊരു മരമുണ്ട്. പാകമായി തോട് പൊട്ടിയാൽ ആകാശത്തുനിന്ന് കാറ്റത്ത് ഓരോന്നായി അത് ഭൂമിയിലേക്ക് പറന്നുവരും. ഒരു വിത്തിനറ്റത്ത് അനേകം വെള്ളിനരകളോട് കൂടിയ അത് കാഴ്ചയിൽ അപ്പൂപ്പൻ താടി പോലെ തോന്നിക്കും. പറന്ന് പറന്ന് എവിടെയെങ്കിലും ചെന്ന് അത് ഇത്തിരി നേരം വിശ്രമിക്കും. അടുത്ത കാറ്റനക്കത്തിൽ പിന്നെയുമത് എവിടേക്കെങ്കിലും പറന്നുപോവും. ഇത്തരത്തിൽ പാറിപ്പറന്ന് ജീവിച്ച ഒരാൾ നമുക്കിടയിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് ശോഭീന്ദ്രൻ എന്നായിരുന്നു. കുട്ടികളെല്ലാം അദ്ദേഹത്തെ ശോഭീന്ദ്രൻ മാഷ് എന്ന് വിളിച്ചു. മാഷിന് കുട്ടികളെയും കുട്ടികൾക്ക് മാഷിനെയും വലിയ ഇഷ്ടമായിരുന്നു. താടി വെളുത്ത് നീതാണെങ്കിലും അദ്ദേഹത്തിന്റെ വേഷം പച്ചക്കുപ്പായവും പച്ച പാന്റുമായിരുന്നു. തലയിൽ ഒരു തൊപ്പിയുണ്ട്. അതും പച്ചയാണ്. ഇതുകൊണ്ടായിരിക്കാം പലരും അദ്ദേഹത്തെ പച്ച മനുഷ്യൻ എന്ന് വിളിച്ചിരുന്നത്. വേഷംകൊ് മാത്രമല്ല ജീവിതം കൊണ്ടും അദ്ദേഹം ഒരു പച്ച മനുഷ്യനായിരുന്നു.

മാഷോട് ഒരിക്കൽ കുട്ടികൾ ചോദിച്ചു.

മാഷെന്താണ് ആകെ പച്ചയായിരിക്കുന്നത് ?

മാഷ് ചിരിച്ചുകൊണ്ടുപറഞ്ഞു.

പച്ച സ്നേഹത്തിന്റെ നിറമാണ്. സൗഹൃദത്തിന്റെ നിറമാണ്. കനിവിന്റെയും കരുതലിന്റെ നിറമാണ്. അതുകൊ് പച്ചയെ ഞാൻ സ്നേഹിക്കുന്നു. നിങ്ങൾക്കും പച്ചയോട് ഇഷ്ടമല്ലേ ?

കുട്ടികൾ പറഞ്ഞു.

ഉണ്ട് മാഷെ, കണ്ണിൽ തെളിയുന്നതെല്ലാം പച്ച. ഇലപ്പച്ച. ചെടിപ്പച്ച, മരപ്പച്ച

പച്ചമനുഷ്യൻ തലയാട്ടി കേട്ടിരുന്നു. ഒരു മരം കാറ്റത്ത് ഇളകിയാടുന്നതുപോലെ.

പച്ചയിൽത്തന്നെ എത്ര പച്ചയുണ്ട് ?

കുട്ടികൾ ചിന്തയിലാണ്ടു. മനസ്സിൽ കാടും മലയും നാടും മേടും തെളിഞ്ഞു.

മാഷ് പറഞ്ഞു. മനുഷ്യരോരോത്തരും ഒരോ നിറമല്ലേ ?

അതെ മാഷെ.

പലനിറമാർന്ന മനുഷ്യർ. പലദേശങ്ങളിൽ. പല ഗോത്രങ്ങൾ, വംശപരമ്പരകൾ. സസ്യങ്ങൾക്കും അതുപോലെ പല പച്ചകൾ. പച്ച പ്രാണന്റെ നിറമാണ്. ജീവന്റെ ചേതനയും ചേതോഹാരിതും അതിനു പലനിറമാർന്ന മനുഷ്യർ. പലദേശങ്ങളിൽ. പല ഗോത്രങ്ങൾ, വംശപരമ്പരകൾ. സസ്യങ്ങൾക്കും അതുപോലെ പല പച്ചകൾ. പച്ച പ്രാണന്റെ നിറമാണ്. ജീവന്റെ ചേതനയും ചേതോഹാരിതയും അതിനു

പലനിറമാർന്ന മനുഷ്യർ. പലദേശങ്ങളിൽ. പല ഗോത്രങ്ങൾ, വംശപരമ്പരകൾ. സസ്യങ്ങൾക്കും അതുപോലെ പല പച്ചകൾ. പച്ച പ്രാണന്റെ നിറമാണ്. ജീവന്റെ ചേതനയും ചേതോഹാരിതയും അതിനുണ്ട്. പലനിറമാർന്ന മനുഷ്യർ. പലദേശങ്ങളിൽ. പല ഗോത്രങ്ങൾ, വംശ പരമ്പരകൾ. സസ്യങ്ങൾക്കും അതുപോലെ പല പച്ചകൾ. പച്ച പ്രാണന്റെ നിറമാണ്. ജീവന്റെ ചേതനയും ചേതോഹാരിതയും അതിനുണ്ട്.

പച്ച ബൈക്കിൽ മാഷ് യാത്ര പറഞ്ഞിറങ്ങുമ്പോൾ കുട്ടികളുടെ കൈകൾ ആകാശത്തിലേക്കുയർന്നു. സ്കൂൾ മുറ്റത്ത് മാവിൻചില്ലകൾ കാറ്റത്ത് ഒന്നാകെ ഇളകിയാടി.

മാഷ് പോയിക്കഴിഞ്ഞിട്ടും കുട്ടികൾ സ്കൂൾ മുറ്റത്തുതന്നെ നിന്നു. ആദ്യമായി കാണുന്നതുപോലെ ഓരോ ചെടികളിലും കണ്ണോടിച്ചു. ചുറ്റിലും പടർന്നു പന്തലിച്ചു നിൽക്കുന്ന മരങ്ങൾ. മരത്തിൽ വന്നിരിക്കുന്ന കിളികൾ. കൂടുകൂട്ടി ചേക്കേറുന്നവ. മുട്ടയിടുന്നവ. കുഞ്ഞുങ്ങളെ വിരിയിച്ച് കുടുംബമായി താമസിക്കുന്നവ. മഴയിൽ. വെയിലിൽ. മഞ്ഞിൽ നനഞ്ഞ്, വിയർത്ത്, തണുത്ത് കഴിഞ്ഞു കൂടുന്നവ. പലനിറമാർന്ന മനുഷ്യർ. പലദേശങ്ങളിൽ. പല ഗോത്രങ്ങൾ, വംശപരമ്പരകൾ. സസ്യങ്ങൾക്കും അതുപോലെ പല പച്ചകൾ. പച്ച പ്രാണന്റെ നിറമാണ്. ജീവന്റെ ചേതനയും ചേതോഹാരിതും അതിനുണ്ട്.

പച്ച ബൈക്കിൽ മാഷ് യാത്ര പറഞ്ഞിറങ്ങുമ്പോൾ കുട്ടികളുടെ കൈകൾ ആകാശത്തിലേക്കുയർന്നു. സ്കൂൾ മുറ്റത്ത് മാവിൻ ചില്ലകൾ കാറ്റത്ത് ഒന്നാകെ ഇളകിയാടി.

മാഷ് നിറങ്ങളെക്കുറിച്ച് പറഞ്ഞ പാട്ട് ആരോ ഒന്ന് മൂളി.

പച്ചയ്ക്കെത്ര പച്ചനിറം
നീലയ്ക്കെത്ര നീലനിറം
മഞ്ഞയ്ക്കെത്ര മഞ്ഞനിറം
വെള്ളയ്ക്കെത്ര വെള്ളനിറം
മനുഷ്യർക്കെത്ര മനുഷ്യനിറം.

മരക്കൊമ്പിലിരിക്കുന്ന പച്ചക്കിളി കൂടി അതേറ്റു പാടിയോ? ഇല്ല. കുട്ടികളുടെ ചുണ്ടിൽ നിന്ന് വീണ്ടും അതേ വരികൾ അന്തരീക്ഷത്തിൽ വാർന്നുവീഴുന്നു. അതോടൊപ്പം എവിടെ നിന്നോകുറെ അപ്പൂപ്പൻതാടി കാറ്റത്ത് പറന്നു വന്നു. കുട്ടികൾ അവയോരോന്നും സ്വന്തമാക്കാനായി ഓടിക്കൂടി. കൈവെള്ളയിൽ ഏറ്റുവാങ്ങി. കിട്ടിയവർ സന്തോഷിച്ചു. ആഹ്ലാദത്തോടെ അവരത് ഊതിപ്പറത്തി. പറന്നു പോകുമ്പോൾ അതിനു പിന്നാലെ പാഞ്ഞ് ഓടിക്കിതച്ച് ആഹ്ലാദിച്ചു.

ഇന്റർവെൽ സമയത്ത് മണി മുഴങ്ങിയപ്പോൾ എല്ലാവരും ക്ലാസിലേക്ക് ഓടിക്കേറി.

രഞ്ജിത് മാഷാണ് ക്ലാസിൽ. സ്കൂളിലെ പരിസ്ഥിതി ക്ലബിന്റെ മേൽനോട്ടം മാഷിനാണ്.

മാഷ് കുട്ടികളോട് ചോദിച്ചു.

ശോഭീന്ദ്രൻ മാഷിനെ എല്ലാവരും പരിചയപ്പെട്ടല്ലോ. എന്തു തോന്നി നിങ്ങൾക്ക് ?

വിടർന്ന കണ്ണുകളോടെ ജെസ്നി പറഞ്ഞു

മാഷെ കണ്ടപ്പോൾ സാന്റാക്ലോസിനെപ്പോലെ തോന്നി.

കുട്ടികളെല്ലാവരും ചിരിച്ചു. അതിനുശേഷം പലരും പരസ്പരം നോക്കി പറഞ്ഞു. അതെ അതു ശരിയാണല്ലോ. ചുവപ്പിൽ വെള്ളയരികുകളുള്ള ഗൗണിട്ടാൽ ശോഭി മാഷ് ശരിക്കും ഒരു ക്രിസ്മസ് അപ്പൂപ്പനെപ്പോലെത്തന്നെ. വാത്സല്യം തുളുമ്പുന്ന മുഖം. തെളിഞ്ഞ കണ്ണുകൾ, മൃദുലമായ സ്പർശം, പതുക്കനെയുള്ള വാക്കുകൾ.

ക്ലാസിൽ വന്നശേഷം അദ്ദേഹം ആദ്യമായി പറഞ്ഞതെന്തായിരുന്നു.

'എല്ലാവർക്കും സ്നേഹം'.

രഞ്ജിത്ത് മാഷ് പറഞ്ഞു. 'മാഷ് എല്ലാവരെയും സ്നേഹിച്ചിരുന്നു. എല്ലാവരും മാഷേയും.

നിങ്ങൾക്ക് മാഷെ ഇഷ്ടമായോ ?'

കുട്ടികൾ എല്ലാവരും ചേർന്നു പറഞ്ഞു. 'ഇഷ്ടായി മാഷെ'.

അതിനിടെ ദീക്ഷിത് ചോദിച്ചു.

'എനിക്ക് ശോഭിമാഷിന്റെ പച്ച ബൈക്കിനോട് ഇഷ്ടം. എനിക്കതിൽ കയറണമായിരുന്നു.

മാഷതിൽ കയറിയിട്ടുണ്ടോ ?'

രഞ്ജിത്ത് മാഷ് പറഞ്ഞു. 'ഉണ്ട്. ഒന്നുരുണ്ടുതവണ'.

എന്നിട്ട്? 'ജഹനാര കൗതുകത്തോടെ ചോദിച്ചു.

'മാഷ് കുറെ കഥകൾ പറഞ്ഞു. ബൈക്കിന്റെ കഥകൾ. ബൈക്കിൽ കയറിയവരുടെ കഥകൾ. ജോണിന്റെ കഥകൾ. അങ്ങനെയങ്ങനെ. പറഞ്ഞാൽ തീരാത്ത കഥയാണ് മാഷിന്റെ ജീവിതം'.

'പറഞ്ഞാൽ തീരാത്ത കഥയോ ?'

'അതെ'.

'എന്നാൽ ഒരു കഥ പറയ് മാഷെ'

രഞ്ജിത്ത് മാഷിന്റെ മനസ്സിൽ പച്ച രാജദൂത് ബൈക്ക് തെളിഞ്ഞു.

ജോണിന്റെ കഥ, ശോഭിമാഷിന്റെ കഥ, പച്ച ബൈക്കിന്റെ കഥ പറയാൻ തുടങ്ങി.

1986 ലെ ഒരു ജൂൺ മഴക്കാലം. ഫോർട്ടുകൊച്ചിയിൽ അമ്മ അറിയാൻ സിനിമയുടെ ഷൂട്ടിംഗ് നടക്കുന്നു.

വയനാട്ടിൽ വെച്ച് മകൻ മരിച്ചു. ആ വിവരം അമ്മയെ അറിയിക്കാൻ സുഹൃത്തുക്കളായ ഒരു കൂട്ടം ചെറുപ്പക്കാർ കൊച്ചിയിലേക്ക് യാത്രതിരിക്കുന്നു. ഓരോയിടത്തുമുള്ള ചങ്ങാതിമാരെ വിവരമറിയിച്ചും അവരെക്കൂടി കൂട്ടിയുമാണ് യാത്ര. അക്കൂട്ടത്തിലൊരാളായി ശോഭിമാഷും. അന്ന് മാഷിന് ഇടതൂർന്ന് സമൃദ്ധമായ നല്ല കറുത്ത താടിരോമങ്ങളുണ്ടായിരുന്നു. നടത്തം ചുറുചുറുക്കോടെ വേഗത്തിലാണ്. ഫോർട്ട് കൊച്ചിയിലെ കടലിന് സമാന്തരമായ വഴി. കടലും ചീനവലകളുമാണ് പശ്ചാത്തലത്തിൽ. വഴിയിൽ വെച്ച് അവർ മരിച്ചവന്റെ അമ്മയെ കാണുന്നു. വേദനയോടെ വിവരം അറിയിക്കുന്നു. അമ്മയറിയാൻ സിനിമയിൽ ഷൂട്ട് ചെയ്ത ആദ്യസീൻ അതായിരുന്നു. ഒരു മാസത്തിലേറെ നീണ്ട ഷൂട്ടിംഗ് കഴിഞ്ഞു. മാഷ് ബൈക്കിൽ കോഴിക്കോട്ടേക്ക് മടങ്ങാനൊരുങ്ങി. ഒരു മാസത്തെ അടുത്ത പരിചയം. സ്നേഹപൂർവ്വമായ ഇടപഴകലിന്റെ അനേകം മുഹൂർത്തങ്ങൾ. അതുകൊണ്ടായിരിക്കാം ജോൺ ശോഭിമാഷിന്റെ ബൈക്കിന്റെ പിറകിൽ കയറിയിരുന്നു.

മാഷ് ചോദിച്ചു. 'എങ്ങോട്ടാ ജോണേ?'

'എങ്ങോട്ടു വേണമെങ്കിലും പോകാം. ബൈക്ക് പോകുന്നിടത്തെല്ലാം ഞാനുമുണ്ട്'. ജോണും ശോഭി മാഷും ചേർന്നുള്ള ബൈക്ക് യാത്രകളുടെ ആദ്യസീൻ അതായിരുന്നു. ബൈക്കിൽ അവരിരുവരും അനേക ദൂരങ്ങൾ താി. കടൽക്കരകളിൽ അവർ കാറ്റേറ്റിരുന്നു.

അസ്തമനസന്ധ്യയുടെ തുടുതുടുത്ത നെറ്റിയിൽ നോക്കിയിരുന്ന് പല സായാഹ്നങ്ങളിലും അവർ സൂര്യനെപ്പോലെ ചുവന്നു. ചക്രവാളങ്ങൾക്കപ്പുറത്തുനിന്ന് ഇരുട്ട് പടികയറി വരുന്നത് നോക്കിയിരുന്നു. രാപ്പകലുകളുടെ ചുരങ്ങൾ താണ്ടി.

കുന്നിൻപുറങ്ങളിൽ ചെന്നിരുന്ന് താഴ്വരപ്പച്ചയിൽ നോക്കി പാടിത്തിമർത്തു.

ജോൺ ബൈക്കിന് പിറകിൽ കൈകൾ നീട്ടി പക്ഷിയെപ്പോലെ ചിറകുവിരിച്ചു. സൗഹൃദത്തിന്റെ സ്നേഹസത്രങ്ങളിൽ അവർ അന്തിയുറങ്ങി. കഥകൾ പറഞ്ഞ് പൊട്ടിച്ചിരിച്ചു.

ശോഭിമാഷ് പറയാറുണ്ടായിരുന്നു. 'ജോണിന് ജീവിതം ഉത്സവമായിരുന്നു'.

അത് സമ്പന്നതകൊണ്ട് നേടാവുന്ന ഒന്നായിരുന്നില്ല. ഹൃദയസമ്പത്തുകൊണ്ടുമാത്രം നേടുന്ന ആഹ്ലാദത്തിലേക്ക് ജോൺ തന്റെ ജീവിതത്തെ എന്നും പുനരാനയിച്ചുകൊണ്ടിരുന്നു.

ജോണിന് ഒന്നും സ്വന്തമായുണ്ടായിരുന്നില്ല. സ്വന്തമായി ഒരു വസ്ത്രം പോലും.

കുട്ടികൾ കഥ കേട്ടിരിരുന്നു.

വസ്ത്രം ധരിക്കാത്ത ആളാണോ ജോൺ എന്ന ചിന്തയിൽ കുട്ടികൾ ഒരുനിമിഷം എത്തിച്ചേർന്നു.

അതിനിടെ ആരോ ചോദിച്ചു. 'അപ്പോ മാഷെ ജോൺ വസ്ത്രം ധരിക്കാറില്ലേ ?'

മാഷ് പറഞ്ഞു.

'പിന്നെ. വസ്ത്രം ധരിക്കും. പക്ഷെ, അത് ആരുടെയെങ്കിലുമായിരിക്കും. ചെല്ലുന്ന ഇടങ്ങളിൽ തങ്ങും. ആരുടെയെങ്കിലും വസ്ത്രം ധരിക്കും. അത് മറ്റൊരിടത്ത് അഴിച്ചിട്ട്. അവിടെ നിന്ന് തരപ്പെട്ടത് ധരിച്ച് അടുത്ത യാത്രകൾ തുടങ്ങും. അങ്ങനെയായിരുന്നു ജോൺ'.

കുട്ടികൾ ജോണിനെ മനസ്സിൽ കാണാൻ തുടങ്ങിയിരുന്നു. രണ്ടുപേർക്കൊപ്പം അവരും ബൈക്കിൽ യാത്ര ചെയ്യുന്നതുപോലെ തോന്നിത്തുടങ്ങിയിരുന്നു.

സൈറ ചോദിച്ചു. 'ശോഭിമാഷെ ഞങ്ങൾ കണ്ടു. പക്ഷേ, ജോണിനെ കണ്ടില്ലല്ലോ'.

രഞ്ജിത്ത്മാഷ് ഒരുനിമിഷം നിശബ്ദനായി. പിന്നെ ഒരു നിശ്വാസത്തോടെ ഇപ്രകാരം പറഞ്ഞു.

'ജോണിനെ ഇനിയാർക്കും കാണാനാവില്ല'.

'അതെന്താ മാഷെ ?'



'ഒരുദിവസം ജോൺ ആകാശത്തിൽ നിന്ന് ഭൂമിയിലേക്ക് പറന്നിറങ്ങി. പിന്നെയെങ്ങോട്ടോ പോയ് മറഞ്ഞു'.

കുട്ടികൾക്ക് പെട്ടെന്ന് അതിന്റെ അർത്ഥം പിടികിട്ടിയില്ല. അവർ നിർന്നിമേഷരായി നോക്കി നിൽക്കേ മാഷ് പറഞ്ഞു.

'ജോൺ കോഴിക്കോട്ടെ ഒരു ബിൽഡിംഗിന്റെ മുകൾത്തട്ടിലെ അരികിൽ നിൽക്കുകയായിരുന്നു. പെട്ടെന്ന് കാൽതെന്നി താഴേക്ക് വീണു. ജോൺ മരിച്ചുപോയി'.

എല്ലാവരുടെയും മുഖം പെട്ടെന്ന് മങ്ങി. അവരുടെ മനസ്സിൽ വിഷാദം തളം കെട്ടിനിന്നു.

കോഴിക്കോട് മെഡിക്കൽകോളേജിലെ മോർച്ചറിയിൽ ജോൺ ചേതനയറ്റുകിടന്നു. അപ്പോൾ ജോണിന്റെ ദേഹത്തുണ്ടായിരുന്നത് ശോഭിമാഷുടെ പച്ച കുപ്പായമായിരുന്നു. രണ്ടു പോക്കറ്റുള്ള പട്ടാളപ്പച്ച നിറമുള്ള കുപ്പായം. ജോണിനും ആ പച്ചക്കുപ്പായം വലിയ ഇഷ്ടമായിരുന്നു.

കുട്ടികളുടെ മനസ്സിൽ പച്ച ബൈക്കിൽ കൈകൾ ആകാശത്തേക്ക് വീശി നീങ്ങുന്ന ജോണിന്റെ രൂപം തെളിഞ്ഞിരിക്കണം. വികൃതിയായ തരംഗ് എഴുന്നേറ്റു നിന്ന് ജോണിനെപ്പോലെ കൈവീശിക്കാണിച്ചു.

രഞ്ജിത്ത് മാഷ് ചോദിച്ചു.

'നിങ്ങളാരെങ്കിലും ജോണിന്റെ ഫോട്ടോ കിട്ടുണ്ടോ ?'

ഇല്ല എന്ന ഒറ്റവാക്ക് ഒരേ സമയത്ത് ക്ലാസ്സിൽ നിറഞ്ഞു. മാഷ് ഫോൺ കയ്യിലെടുത്ത് അതിലെ ചിത്രങ്ങളിലേക്ക് ഒന്നു പരതിനോക്കി.

ജോണും ബൈക്കും ശോഭിമാഷും ഒറ്റ ഫ്രെയിമിൽ. ചിത്രം കുട്ടികളെ കാണിച്ചു. കാണാത്ത രാജ്ദൂത് ബൈക്ക്. ഇതുവരെ കണ്ടിട്ടില്ലാത്ത ജോൺ.

നേരത്തെ തരംഗ് കാണിച്ചതുപോലെ ജോൺ വായുവിലേക്ക് കൈകൾ നീട്ടി നിൽക്കുന്നു.

ജഹനാര പറഞ്ഞു. 'മാഷെ, ഇതൊരു പുസ്തകമാണല്ലോ'.

മാഷ് പറഞ്ഞു. 'അതെ, ശോഭിമാഷുടെ ഓർമകളുടെ പുസ്തകം. ജോണും മാഷും ചേരുന്ന യാത്രകളുടെ പുസ്തകം'.

'മോട്ടോർ സൈക്കിൾ ഡയറീസ് ജോണിനൊപ്പം' എന്ന പുസ്തകത്തിന്റെ കവറാണ് ഇപ്പോൾ കണ്ടത്. ഞാൻ ആ കഥകൾ പറഞ്ഞാൽ ശരിയാവില്ല. പുസ്തകത്തിലത് മനോഹരമായി മാഷ് എഴുതിയിട്ടുണ്ട്.

നിങ്ങൾക്കത് വായിക്കാം. വായിക്കില്ലേ ?

വായിക്കാം മാഷെ. എല്ലാവരും ആവേശത്തോടെ പറഞ്ഞു.
സ്കൂളിലെ കുട്ടിലൈബ്രറിയിൽ എത്രത്തോളം പുസ്തകങ്ങൾ. ജാസ്മിനും അവനിയും ചില്ലലമാരയിലെ പരസ്പരം ചേർന്ന് നിൽക്കുന്ന പുസ്തകങ്ങൾക്കിടയിൽ കണ്ണോടിച്ചു.
മോട്ടോർ സൈക്കിൾ ഡയറീസ്.
ജാസ്മിൻ എന്തോ വലിയ കണ്ടുപിടുത്തം നടത്തിയ മട്ടിൽ ആഹ്ലാദം പ്രകടിപ്പിച്ചു.
വാതിൽ തുറന്ന് പുസ്തകം കയ്യിലെടുത്തു.
പുറംചട്ടയിൽ മറ്റാരാളുടെ ചിത്രം. പേരെഴുതിയത് ചെഗുവേര.
പുസ്തകം തിരിച്ചും മറിച്ചും നോക്കി തിരികെ വയ്ക്കുമ്പോൾ ജാസ്മിന്റെ മനസ്സിൽ ഇത്തിരി പോന്ന നിരാശ. പച്ചനിറമുള്ള ആ പുസ്തകം എവിടെ ?
സ്റ്റാഫ് റൂമിൽ ചെന്ന് രഞ്ജിത്ത് മാഷോട് ചോദിക്കാം.
സ്റ്റാഫ് റൂമിൽ പക്ഷേ, മാഷില്ല. സ്നേഹടീച്ചറുണ്ട്. ടീച്ചർ അടുത്തേക്ക് വിളിച്ചപ്പോൾ മടിയോടെ ചെന്നു. കാര്യം പറയാതെ തിരിച്ചു പോരാമെന്ന് കരുതിയതാണ്. പക്ഷേ, ടീച്ചർ പലതും ചോദിക്കുന്നു. ജാലകത്തിലൂടെ കാറ്റ് ഒഴുകിവന്നു. മേശമേൽ വെച്ച വെളുത്ത പേപ്പറുകളെ പറത്തിക്കൊണ്ടുപോയി. അതിനടയിൽ അവൾ കണ്ടു. ഒരു പുസ്തകം. പരിചയമുള്ള മുഖം. ശോഭിമാഷുടെ ചിരിക്കുന്ന ചിത്രം. പക്ഷെ, മോട്ടോർ സൈക്കിൾ ഡയറീസ് ജോണിനൊപ്പം അല്ല. മറ്റൊന്നാണ്. ജാസ്മിൻ പുസ്തകം കയ്യിലെടുത്ത് പതുക്കെ പുസ്തകത്തിന്റെ പേരുവായിച്ചു.
മൊളക്കാൽമുരുവിലെ രാപ്പകലുകൾ. പ്രൊഫ.ശോഭീന്ദ്രന്റെ ഓർമകൾ.
സ്നേഹടീച്ചർ ചോദിച്ചു.
'ജാസ്മിന് ഈ പുസ്തകം വേണോ ?'
'ഉം'. അവളൊന്ന് മൂളി.
'എന്നാലെടുത്തോ'. അവൾ അതുമെടുത്ത് ക്ലാസിലേക്ക് ഓടിപ്പോയി. ജഹനാരയും അവനിയും അവളുടെ കൂടെച്ചേർന്ന് പുസ്തത്തിന്റെ പേജുകളോരോന്നായി മറിച്ചുനോക്കി.
മൊളക്കാൽമുരു കർണാടകത്തിലെ ഒരതിർത്തി ഗ്രാമമാണ്. ഇരുപത്തിയേഴാമത്തെ വയസ്സിൽ മാഷ് അവിടത്തെ ഒരു ഗവ.കോളേജിൽ അധ്യാപകനായി ജീവിച്ചതിന്റെ ഓർമയാണ് പുസ്തകത്തിലുള്ളത്. അതിന്റെ അവസാന താളുകളിൽ മൊളക്കാൽമുരുവിലെ അമ്പതുവർഷം മുമ്പത്തെ ഓർമച്ചിത്രങ്ങൾ. ഓരോ ചിത്രങ്ങളിലൂടെ അവർ കണ്ണോടിച്ചു.
പ്രകാശത്തിൽ ഒരു ബൈക്ക്. കുറെ കൂട്ടുകാർ.
സ്നേഹടീച്ചർ ക്ലാസിൽ വന്നപ്പോൾ എല്ലാവരും മൊളക്കാൽ മുരുവിലെ കാഴ്ചകൾ നോക്കി നിൽക്കുകയായിരുന്നു.
ടീച്ചർ പറഞ്ഞു. ആ പുസ്തകത്തിൽ കണ്ണുകാണാൻ വയ്യാത്ത ഒരു കുട്ടിയുണ്ട്. അവന്റെ പേര് തിമ്മയ്യ എന്നായിരുന്നു. ബാംഗ്ലൂർ കോളേജിൽനിന്ന് മാഷ് മൊളക്കാൽമുരുവിലേക്ക് പോയപ്പോൾ തിമ്മയ്യയ്ക്ക് വലിയ വിഷമമായി. മാഷ് വിട്ടുപോയിട്ടും തിമ്മയ്യ മാഷിന് പതിവായി കത്തുകളയച്ചു. നിറങ്ങളെക്കുറിച്ച് ഒരു കത്ത് എന്ന അധ്യായം കാണുന്നവരുടെയും കാണാത്തവരുടെയും സങ്കല്പങ്ങളെയും യാഥാർത്ഥ്യത്തെയും കുറിച്ച് നമ്മളെ ചിന്തിപ്പിക്കുന്നു.
അവനി ചോദിച്ചു. മാഷ് എന്തിനാ തിമ്മയ്യയെ വിട്ടുപോയത്.
ടീച്ചർ പറഞ്ഞു. സ്നേഹം മനസ്സിലുണ്ടെങ്കിൽ ആരും ആരെയും വിട്ടുപോകുന്നില്ല. കത്തുകളിലൂടെ അവർ തമ്മിലുള്ള ബന്ധം തുടർന്നു. ഡെക്കാൻ പീഠഭൂമിയിലെ ഒരുഷ്ണമേഖല പ്രദേശമാണ് മൊളക്കാൽ മുരു. ഉരുളക്കിഴങ്ങ് രൂപത്തിലുള്ള വലിയ പാറക്കൂട്ടങ്ങളുടെ കൽമലകളാണ് അവിടത്തെ ഭൂപ്രകൃതി. മൊളക്കാൽമുരുവിലെ കുട്ടികളും ഇതുപോലെ മാഷെ സ്നേഹിച്ചു. കോളേജിലേക്ക് ഒന്നിച്ച് പോവാൻ കുട്ടികൾ മാഷെ താമസ സ്ഥലത്തിന് പുറത്ത് കാത്തിരുന്നു. അവർ ശോഭീന്ദർ മേഷ് എന്ന് വിളിച്ചുപോന്നു, വൈകിട്ട് അവരൊന്നിച്ചുനടന്ന് മടങ്ങി. അവധി ദിവസങ്ങളിൽ മാഷ് കുട്ടികളെയും കൂട്ടി എന്ന മലകയറി. കൂഗോ ബെട്ടയിലിരുന്ന് (പ്രതിധ്വനി മല) പ്രകൃതിയുടെയും ജീവിതത്തിന്റെയും പാഠങ്ങൾ മാഷ് കുട്ടികളെ പഠിപ്പിച്ചു. ഗുഡദേര ബാവി എന്ന കുളക്കടവിലേക്ക് ചെന്ന് ഒന്നിച്ച് കുളിച്ചു. കന്നട എഴുതാനും വായിക്കാനും പഠിപ്പിച്ചത് കുട്ടികളായിരുന്നു. ചെന്നനാൾ തൊട്ട് മൊളക്കാൽമുരുവിൽ പ്രകാശ മാഷുടെ ആത്മസുഹൃത്തായി. ഗ്രാമീണരെ മാഷ് സ്നേഹിച്ചു. അവരാകട്ടെ ആ സ്നേഹം പതിന്മടങ്ങ് തിരിച്ചു നൽകി.

1972 മുതൽ 75 വരെ മാഷ് അവിടെയുണ്ടായിരുന്നു. അതു കഴിഞ്ഞ് മാഷ് മൊളക്കാൽമുരുവിനോടും യാത്രപറഞ്ഞു. പുസ്തകത്തിലെ ഉരുളക്കിഴങ്ങ് പാകത്തിലുള്ള വലിയ പാറക്കൽമലകളിലേക്ക് ജാസ്മിൻ നോക്കിയിരുന്നു. അതിനുശേഷം യാത്ര പറഞ്ഞിറങ്ങുന്ന അവസാന അധ്യായത്തിലേക്ക് കണ്ണോടിച്ചു.
മാഷിനുവന്ന ഒരു രജിസ്ട്രേഡ് കത്ത്. മാഷത് വായിക്കുന്നു.
അയച്ച മേൽവിലാസം സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്.



സന്ദേശം. Selected. Join on 10th November 1975. ജാസ്മിൻ ചോദി ച്ചു. ഗുരുവായൂരപ്പൻ കോളേജിൽ മാഷ് പഠിപ്പിച്ചിരുന്നോ? പുസ്തകത്തിലിങ്ങനെ കാണുന്നു.

കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിൽ മാഷ് ഡിഗ്രിക്ക് പഠിച്ചി രുന്നു. പിന്നീട് ഗുരുവായൂരപ്പൻ കോളേജിൽ പഠിക്കുകയും പഠിപ്പി ക്കുകയും ചെയ്തു. സ്നേഹ ടീച്ച റുടെ മനസ്സ് പൊടുന്നനെ പൊക്കു ന്നിലേക്ക് പോയി. അവിടെ പഠിച്ച കാലം ഓർത്തു.

ശോഭിമാഷോടൊപ്പം മരത്തൈകൾ നട്ടു നടന്ന കാലം. ഒരു കാലത്ത് മൊട്ടക്കുന്നായിരുന്ന പൊക്കുന്ന് ഇന്ന് മനോഹരമായി തീർന്നിരിക്കുന്നു. മരങ്ങൾ ഇടതൂ ർന്ന തണലിടങ്ങളുടെ തണുപ്പും സുഖവുമുള്ള പൊക്കുന്ന്. ശില്പ ങ്ങളുടെ മനോഹരമായ ക്യാമ്പസ്.

ശോഭീന്ദ്രൻ മാഷുടെ പച്ച ബൈ ക്കിന്റെ പിന്നിൽ എന്നും കുറേ മരത്തൈകളുണ്ടാകും. ബൈക്കിൽ നിന്നിറങ്ങുമ്പോൾ മാഷോടൊപ്പം ചേരാൻ കോളേജിൽ കുറേ കുട്ടികളുണ്ടായിരുന്നു. അവരെ യുംകൂട്ടി അവിട മാകെ പലതരം മരങ്ങൾനട്ടു. അവയെല്ലാം ഇന്ന് വള ർന്നുവലുതായി ആകാശംമുട്ടി നിൽ ക്കുന്നു. ജഹനാര ചോദിച്ചു.

'ടീച്ചറും മാഷോടൊപ്പം മല കയറാനൊക്കെ പോയോ ?'

'ഓ, മാഷൊടൊപ്പം മല കയറിയിട്ടുണ്ട്. കാട്ടിൽ പോയ ിട്ടുണ്ട്. മഴയാ്രതയിൽ പങ്കെടുത്തിട്ടുണ്ട്'.

'കാട്ടീ പോയോ? 'അതായിരുന്നു റഷീദിന്റെ ആകാ ംക്ഷയോടുള്ള ചോദ്യം.

'കാട്ടിൽ പോയി. തോൽപ്പെട്ടിയിൽ. എൻ.എസ്.എസ് ക്യാമ്പിന്റെ ഭാഗമാ യി പത്തുദിവസം അവിടത്തങ്ങി. കുട്ടികളും മാഷും നാട്ടുകാരമെ ല്ലാം ചേർന്ന് കാട്ടിലൊ രു കുളമുണ്ടാക്കി.

'കാട്ടിലെന്തിനാ ടീച്ചറെ കുളം കുഴിക്കുന്നത്? 'എല്ലാവ രുടെയും മനസ്സിൽ ഉത്തരമില്ലാത്ത ആ സംശ യം ഉയർന്നിട്ടുണ്ടായിരുന്നു.

ടീച്ചർ പറഞ്ഞു.

'വേനൽക്കാലത്ത് കാട് വരളും. നാട് പോലെത്തന്നെ. കാട്ടിലെ മൃഗങ്ങൾ ക്ക് വെള്ളം കിട്ടാതായാൽ അവ യെല്ലാം ചത്തുപോകും. ആനകൾ ക്ക് ഒരുപാട് വെള്ളം വേണം. അതുകൊണ്ട് മൃഗങ്ങൾക്ക് വെള്ളം കുടിക്കാനാ ണ് കുളം ഉണ്ടാക്കിയത്'.

ആനക്കൂട്ടങ്ങൾ വന്ന് വെള്ളം കുടിക്കുന്നതും കുളിക്കുന്നതും കുട്ടികൾ മനസ്സിൽക്കണ്ടു. മാനു കൾ, കാട്ടുപോത്തുകൾ, കുരങ്ങു കൾ എല്ലാവരും വന്ന ദാഹം തീർക്കുന്ന ഒരു കുളം. കിളികൾ പറന്നു വന്ന് ചിറകിട്ടടിച്ച് തിമർക്കുന്ന കുളം.

ജാസ്മിൻ പറഞ്ഞു. ടീച്ചറെ നമുക്ക് മൊളക്കാൽ മുരുവിലേക്ക് പോണം.

കാട്ടിലെ കുളം കാണാനും പോകണം.

പുറത്ത് നൂലിഴപോലെ മഴ വീഴാൻ തുടങ്ങി. അത് പിന്നെപ്പിന്നെ ചരലെറിയുന്നതുപോലെയായി. നേരത്തെ കാറ്റത്ത് പറന്നുക ളിച്ചിരുന്ന അപ്പൂപ്പൻ താടികൾ മഴവെള്ളത്തിൽ ഒലിച്ചുപോകുന്നത് കുട്ടികൾ ജനാലയി ലൂടെ നോക്കി നിന്നു.

ടീച്ചർ പറഞ്ഞു.

വെള്ളം അതിനെ എത്തിക്കുന്ന ഏതെങ്കിലും ഇടത്ത്



ചെന്നടിഞ്ഞ് ഇനി ആ വിത്തുകൾ മുളയ്ക്കും.

കുറച്ച് കഴിയുമ്പോൾ വലിയ മരമായി മാറും. പൂവിടും. കിളികൾക്ക് കൂടൊരുക്കാനുള്ള ചില്ലകൾ വിരിച്ചുവെച്ച് നിലകൊള്ളും. ഭൂമിക്കും നമുക്കും തണലും തണുപ്പുമായ്ത്തീരും. ശോഭീന്ദ്രൻ മാഷെ പോലെ.

ബെല്ലടിച്ച് സ്കൂൾ വിടുമ്പൊഴേക്കും മഴയൊന്ന് ശമിച്ചു. കുട്ടികളെയെല്ലാം വീട്ടിലെത്തിക്കാൻ മഴ യൊന്നു മാറിനിന്നതാവാം. മഴ തകർത്തുപെയ്യാൻ തുടങ്ങി. റോഡ് പുഴയായിമാറി. പുഴകൾ കരകവിഞ്ഞ് കടലുപോലെ പരന്നു. അന്ന് കുട്ടികളോരോരുത്തരും കലക്ടറുടെ ഫെയിസ്ബുക്ക് പേജിൽ നോക്കിയിരുന്നു. ഒടുവിൽ കലക്ടർ അവധി പ്രഖ്യാപിച്ചതോടെ എല്ലാവരും തുള്ളിച്ചാടി. അടുത്ത ദിവസങ്ങളിലും അതുതന്നെ ആവർത്തിച്ചു. അവധി. അവധി. അവധി. കുട്ടികൾ സന്തോ ഷിച്ചു. പക്ഷെ, അതേസമയം വെള്ളത്തിനടിയിലായ വീടുകളിൽ കഴിയുന്ന എത്രയോ മനുഷ്യർ ദുരിത മേൽക്കുകയായിരുന്നു. മരണത്തെ മുഖാമുഖം കാണുകയായിരുന്നു. നാട് മാത്രമല്ല കാടാകെ ഇളകിമറിഞ്ഞു. മനുഷ്യരെപ്പോലെ കാടുകളിൽ മൃഗങ്ങളും പക്ഷികളും പേടിച്ചരണ്ടു. തുടർച്ചയായി പെയ്ത മഴയിൽ മലമുടികൾ വെള്ളം കുടിച്ചു വീർത്തു. മണ്ണും വെള്ളവും കൂടിക്കലർന്ന് മലയുടെ ഉടൽ തകർന്നു. മലയൊന്നാകെ പിളർന്നുവന്ന് അതിന്റെ താഴ്വാരങ്ങളെ തുടച്ചെടുത്ത് സംഹാരതാ ണ്ഡവമാടി.

നിലവിളിക്കുംമുമ്പെ എല്ലാം കഴിയുന്നു. കണ്ണുകളടയുന്നു.

കഥയും കാലവും ജീവിതവും നമ്മെ പഠിപ്പിക്കുന്നത് ഇതല്ലാതെ മറ്റെന്താണ് ?

ഇന്നു കറുത്ത താടിമേഘങ്ങൾ പെയ്തൊഴിഞ്ഞ് ആകാശം വെള്ള താടിമേഘങ്ങളായി ഒഴുകുന്നു. കഴിഞ്ഞതെല്ലാം നമ്മൾ എളുപ്പം മറക്കാൻ പഠിക്കുന്നു. മറക്കുന്നു. ഓരോ മറവിക്കിടയിലും കാലം മനുഷ്യരെ പലതും ഓർമ്മിക്കാൻ വരുന്നു. അല്ല; കാലം വരികയോ പോവുകയോ ചെയ്യുന്നില്ല. നമ്മളാണ് വന്നുപോകുന്നവർ.

# പരിസ്ഥിതി നിരീക്ഷകന്റെ ആകുലതകൾ





ഡോ. ബിജീഷ് ചന്ദ്രശേഖരൻ
അസി.പ്രൊഫസർ,
സസ്യശാസ്ത്രവിഭാഗം.

മനുഷ്യന് എന്നും ആകുലതകളാണ് . ജീവമണ്ഡലത്തിലുള്ള പാരിസ്ഥിതിക ആകുലതകൾ (Environmental concern) പ്രധാനമായും ഞാൻ അല്ലെങ്കിൽ നമ്മൾ ഉൾപ്പെടുന്ന മനുഷ്യന്റെ ചിന്താരഹിത പ്രവർത്തനങ്ങളാൽ സൃഷ്ടിക്കപ്പെടുന്ന ദോഷകരമായ മാറ്റങ്ങളാണ്. അവ ദൂരവ്യാപകമായ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് നാം മനപ്പൂർവ്വം മറക്കുന്നു. (Biosphere) ആഹാരശൃംഖലയിലെ ഒരു കണ്ണി എന്ന നിലയിൽ മറ്റെല്ലാ ജീവിജാലങ്ങളെപ്പോലെയും മനുഷ്യന് തിന്നണമെന്നോ അല്ലെങ്കിൽ തിന്നപ്പെടണമെന്നോ ഉള്ള ആകുലതയുടെ ആവശ്യം മാത്രമേ നിലനിൽക്കേണ്ടതുള്ളൂ. എന്നാൽ ആ ശൃംഖലയിലെ പ്രധാനിയാണെന്ന് സ്വയം വിശ്വസിക്കുന്ന 'മനുഷ്യൻ' എന്ന ജീവിവർഗത്തിന് ഒരുപാട് ആകുലതകലുണ്ട്. സമ്പാദിക്കണം, വിദ്യാഭ്യാസം നേടണം, പാർപ്പിടം ഒരുക്കണം, വാഹനം സ്വന്തമാക്കണം, തലമുറയെ നിലനിർത്തണം എന്നിങ്ങനെ ആ പട്ടിക നീളുന്നു. മാത്രമല്ല, തന്റെ വർഗ്ഗത്തിൽപ്പെട്ട മറ്റുള്ളവരേക്കാൾ മികച്ച രീതിയിൽത്തന്നെ വേണം എല്ലാം എന്നുള്ള അവന്റെ ചിന്ത ആ ആകുലതയുടെ വ്യാപ്തി വീണ്ടും വർധിപ്പിക്കുന്നു.

നിപ്പ വൈറസോ, കൊറോണ വൈറസോ പോലെ കണ്ണുകൊണ്ടു കാണാൻ പോലും സാധ്യമാകാത്ത ഒരു സൂക്ഷ്മജീവി വിചാരിച്ചാൽ ദിവസങ്ങൾകൊണ്ടുതന്നെ ഭൂമുഖത്തുനിന്നും അപ്രത്യക്ഷമാക്കാൻ കഴിയുന്നതാണ് മനുഷ്യൻ എന്ന ഈ ഒരുകണ്ണിഎന്ന് അവൻ ഇന്നും തിരിച്ചറിയുന്നില്ല. ഒരു പരിസ്ഥിതി നിരീക്ഷകൻ എന്നനിലയിൽ ചില ചിന്തകൾ ഞാൻ ഇവിടെ പങ്കുവെക്കുന്നു. അത് പരിസ്ഥിതിയെ മാത്രം ബാധിക്കുന്ന ആകുലതകൾ അല്ല. നമ്മൾ ഉൾപ്പെടുന്ന ഈ ജീവമണ്ഡലത്തെ മുഴുവനായും ബാധിക്കുന്നവയാണ്.

പരിസ്ഥിതി മലിനീകരണം എന്ന പേരിൽ അറിയപ്പെടുന്ന സംയോജിതമലിനീകരണത്തിൽ ഉൾപ്പെടുന്ന വായുമലിനീകരണം, ജലമലിനീകരണം, ശബ്ദമലിനീകരണം എന്നിവ വർദ്ധിച്ചുവരുന്ന വ്യവസായശാലകളുടെയും വാഹനങ്ങളുടെയും അനിയന്ത്രിതമായ രാസവളങ്ങളുടെയും കീടനാശിനികളുടെയും വർധിച്ച ഉപയോഗം മൂലമാണ് സംഭവിക്കുന്നത്. കൂടാതെ കൃത്യതയില്ലാത്ത വ്യാവസായിക മാലിന്യനിർമാർജനവും ഗാർഹികമാലിന്യസംസ്കരണത്തിൽ കാണിക്കുന്ന അനാസ്ഥയും ജലസ്രോതസ്സുകളും അന്തരീക്ഷവും ഒരുപോലെ മലിനമാകുന്നതിന് കാരണമാകുന്നുണ്ട് .

മാറുന്ന കാലവും ഭൂമിയിലെ ജീവന്റെ നിലനിൽപും ഇന്നിന്റെ പ്രധാനപ്പെട്ട ആധികളിൽ പെടുന്നു. ഡോ. ബിജീഷ് ചന്ദ്രശേഖരൻ തന്റെ ചിന്തകൾ പങ്കുവയ്ക്കുന്നു.

കൃഷി, കെട്ടിടനിർമ്മാണം എന്നിവയ്ക്കുവേണ്ടി പ്രകൃതിദത്ത ആവാസവ്യവസ്ഥകൾ നഷ്ടപ്പെടുകയും വനനശീകരണംകൂടി വരുന്നതായും കാണുവാൻകഴിയും. പുതിയ IUCN റിപ്പോർട്ട് പ്രകാരം ഓരോ സെക്കൻഡിലും ഒരു ഫുട്ബോൾ മൈതാന വിസ്തൃതിയിൽ ഉള്ള പ്രകൃതിദത്ത ആവാസവ്യവസ്ഥ നശിപ്പിക്കപ്പെടുന്നുണ്ട്. ഇവ മഴക്കുറവിനും ജൈവവൈവിധ്യനഷ്ടത്തിനും (BIODIVERSITY LOSS) കാരണമാവുന്നു. കൂടാതെ ഈ അവസ്ഥ ജന്തുജന്യ രോഗങ്ങളുടെ വ്യാപ്തി വർധിപ്പിക്കുന്നു. കോവിഡ്, നിപ്പ, ഡെങ്കിപ്പനി, ചിക്കുൻഗുനിയ പോലുള്ള രോഗങ്ങൾക്ക് ഇവ കാരണമാകുന്നു.

പ്രകൃതിവിഭവങ്ങളുടെ അമിതമായ ചൂഷണം, പ്രകൃതിസന്തുലനം വലിയ രീതിയിൽ തകിടം മറിക്കുന്നു എന്നുള്ളത് ഒരു വലിയ ആകുലത തന്നെയാണ്. സമുദ്രമത്സ്യ സമ്പത്തിന്റെ അമിത ഉപയോഗം അവയുടെ നാശത്തിനും, പ്ലവകങ്ങളുടെ ഉയർന്ന വളർച്ചക്കും ഇടയാക്കുന്നത്, സമുദ്രത്തിലെ ധാതു ശോഷണത്തിനും പവിഴപ്പുറ്റുകളുടെ ജൈവ വൈവിധ്യശോഷണത്തിനും കാരണമാവുന്നു. ഉയർന്ന തോതിലുള്ള തേൻ, അരക്ക് ശേഖരണങ്ങൾ നടത്തുന്നത് തേനീച്ചകളുടെയും മറ്റു പ്രാണി വർഗ്ഗങ്ങളുടെയും എണ്ണം കുറയ്ക്കുന്നതിനും അവയുടെ ലാർവകൾ നശിച്ചുപോകുന്നതിനും വരും തലമുറകൾ നഷ്ടപ്പെടുന്നതിനും കാരണമാകുന്നു. അതുവഴി, പരാഗണങ്ങൾ കുറയുകയും വിളവ് നഷ്ടപ്പെടുകയും ചെയ്യുന്നു.

ഓമനമൃഗങ്ങളായും പക്ഷികളായും ഇറ ക്കുമതി ചെയ്യുന്ന വിദേശ ജീവിവർഗങ്ങൾ (EXOTIC SPECIES OR ALIEN SPECIES) പിന്നീട് നമ്മുടെ പ്രകൃതിദത്ത ആവാസവ്യവസ്ഥയിൽ എത്തപ്പെടുകയും അവ തനത് തദ്ദേശീയ ജീവിവർഗങ്ങളുടെ (ENDEMIC SPECIES) ഭക്ഷണക്രമത്തെയും ഇണചേരന്ന പ്രക്രിയകളെയും തകിടം മറിക്കുകയും തദ്ദേശ ജീവികളുടെ ആവാസവ്യവസ്ഥ സ്വന്തമാക്കുകയും ചെയ്യുന്നു. കേരളത്തിലെ പ്രധാന നദികളിലും ജലസ്രോതസ്സുകളിലുമെല്ലാം എത്തപ്പെട്ട ആഫ്രിക്കൻ മുഷി, GIFT (Genetically Improved Farm Tilopia), തിലോപ്പിയ, ചെന്നവിയൻ ആമ (Red Eared slider turtle) എന്നിവ ഇവിടത്തെ തനത് ജീവിവർഗങ്ങൾക്ക് ഭീഷണിയായിക്കൊണ്ടിരിക്കുന്ന അധിനിവേശ സ്പീഷീസുകളായി മാറിയിരിക്കുന്നു. സസ്യജാലങ്ങളായ ആഫ്രിക്കൻ പായൽ (Salvinia molesta), കുളവാഴ (Eichhornia), മുട്ടപ്പായന്ന (Pistia sp.), ആനത്തൊട്ടാവാടി എന്നിവയും അധിനിവേശ സസ്യങ്ങളുടെ കാര്യത്തിൽ മുന്നിട്ടു നിൽക്കുന്നു. ജൈവ വൈവിധ്യങ്ങളുടെ ശോഷണം ഭക്ഷ്യശൃംഖലയിലെ കണ്ണികൾ നഷ്ടപ്പെടുത്തുവാനും ആവാസവ്യവസ്ഥ പെട്ടന്ന് നശിക്കുവാനും കാരണമാകുന്നു. ആധുനിക കൃഷിരീതികൾക്കായി ഇറക്കുമതി ചെയ്യുന്ന ഹൈബ്രിഡ് വിത്ത് ഇനങ്ങളും കീടനാശിനികളും ഇത്തരത്തിൽ നമ്മുടെ പല തനത് വിത്തിനങ്ങളെയും പരാഗണത്തിന് സഹായിക്കുന്ന പൂമ്പാറ്റകളെയും വംശനാശത്തിന്റെ വക്കിൽ എത്തിച്ചിരിക്കുന്നു.

ആവാസ വ്യവസ്ഥകളുടെ നശീകരണം കാലാവസ്ഥയിലും പ്രകൃതിയിലും പല രീതിയിലുള്ള വലിയ മാറ്റങ്ങൾ വരുത്തുന്നു ഇവ കനത്ത മൺസൂൺ മഴ, വെള്ളപ്പൊക്കം, മലവെള്ളപ്പാച്ചിൽ, മണ്ണിടിച്ചിൽ, മലനിരകളിലെ മരങ്ങളുടെയും ചെടികളുടെയും നാശം തുടങ്ങിയവയ്ക്ക് കാരണമാകുന്നു. ഇത് വഴി ജനജീവിതം ദുസഹമാക്കാനും സാമ്പത്തിക അവസ്ഥ ഗുരുതരമാവാനും കാരണമാകുന്നു. ഇത്തരത്തിൽ വലിയ രീതിയിൽ ആവാസ വ്യവസ്ഥകൾ നഷ്ടപ്പെടുന്നത് മൂലം ആന, കടുവ, പന്നി പോലുള്ള വന്യജീവികൾ നാട്ടിലേക്ക് ഇറങ്ങുകയും കൃഷിയുടെയും മനുഷ്യന്റെയും നാശത്തിനും കാരണമാകുന്നു. അത് മനുഷ്യൻ വന്യജീവി സംഘർഷങ്ങൾക്ക് വഴിവെക്കുന്നു.



കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി സമുദ്രനിരപ്പ് ഉയർന്നതും കടൽ വിഴുങ്ങൽ കൂടുന്നതും തീരപ്രദേശങ്ങളിൽ വലിയ പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്.

ഇങ്ങനെ പറഞ്ഞു വരുമ്പോൾ മനുഷ്യനെക്കാൾ ആകുലതകൾ പ്രകൃതിക്ക് ഉണ്ട്. വനനശീകരണം തടയുക, വനവത്കരണം നടത്തുക എന്നിവയിലൂടെയും നിത്യോപയോഗവസ്തുക്കളുടെ അമിത ഉപയോഗം കുറയ്ക്കുക, പുനരുപയോഗം, പുനരുൽപാദനം എന്നിവ നടത്തുക (REDUCE, REUSE, RECYCLE - 3R PRINCIPLE) അതുപോലെ പുനരുപയോഗശേഷിയുള്ള ഊർജ്ജസ്രോതസ്സുകൾ ഉപയോഗിക്കുക, സുസ്ഥിര കൃഷി രീതികൾ നടപ്പിലാക്കുക; വ്യവസായങ്ങൾ, ഗതാഗതം, നിർമ്മാണം തുടങ്ങിയ മേഖലകളിൽ കാർബൺ ഉത്പാദനം കുറയ്ക്കുക; പ്ലാസ്റ്റിക് നിയന്ത്രണം മികച്ചരീതിയിൽ നടപ്പിലാക്കുക; ആഗോള സഹകരണംവഴി അന്താരാഷ്ട്ര കരാറുകൾ പാലിച്ച് സമഗ്ര രീതിയിലുള്ള പരിസ്ഥിതി പ്രവർത്തനങ്ങൾ നടപ്പിലാക്കുക തുടങ്ങിയ ഒരുപാട് ഉപായങ്ങളും നമ്മുടെ മുന്നിലുണ്ട്. ഇതിൽ മുൻഗണന കൊടുക്കേത് ആളുകളിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുക എന്നുള്ളതാണ്, സ്കൂൾ വിദ്യാഭ്യാസം മുതൽ കരികുലത്തിൽ ഇവയ്ക്ക് വേണ്ട പ്രാധാന്യം കൊടുത്തുകൊണ്ട് കോളേജുകളിലും സമൂഹത്തിലും പരിസ്ഥിതിയുമായി ബന്ധപ്പെട്ടുള്ള ബോധവൽക്കരണ പരിപാടികൾ നടത്തുക എന്നുള്ളത് അത്യന്താപേക്ഷിതമാണ്.

ഇത്തരത്തിലുള്ള ഉപാധികൾ ഒക്കെ നമ്മുടെ മുൻപിൽ ഉണ്ടെങ്കിലും ഇന്നും 'ഭൂമിക്കൊരു ചരമഗീതം' വായിച്ചുകൊണ്ട് ആത്മനിർവൃതി അടയുക മാത്രമാണ് നാമെല്ലാം ചെയ്യാറ്. ഇനിയും മരിക്കാത്ത ഭൂമി. ഇത് നിന്റെയും എന്റെയും ചരമഗീതം എന്ന് കവി മനസ്സ് തിരിച്ചറിഞ്ഞുകൊണ്ട് പ്രകൃതിയുടെ ആകുലതകൾ മനസ്സിലാക്കി അത് പ്രകൃതിയുടെ മാത്രമല്ല എന്റെ കൂടിയാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അത് അകറ്റാനുള്ള മാർഗങ്ങൾ കൈവരിക്കുകയാണ് വേണ്ടത്. പ്രകൃതിയുടെ ആകുലതകൾ മാറുന്നതിലൂടെ നമ്മുടെ ആകുലതകളുടെ ഏറിയപങ്കും പരിഹരിക്കാൻ കഴിയുകയുള്ളൂ.

# ഭൂമി മരിക്കുന്നു



**ഷാനിബ എൻ.**
**രണ്ടാം വർഷ ബി.എ. മലയാളം**



ആവാസവ്യവസ്ഥയുടെ അടിസ്ഥാനഘടകമാണ് പരിസ്ഥിതി. എന്നാൽ പരിസ്ഥിതിയിൽ നിരന്തരമായി സംഭവിച്ചുകൊണ്ടിരിക്കുന്ന നാശങ്ങൾ അനവധിയാണ്. വികസനത്തിന്റെയും വ്യവസായികവൽക്കരണത്തിന്റെയും ഭാഗമായി മനുഷ്യൻ പ്രകൃതിയെ നിരന്തരം ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു. ഇത് ആവാസവ്യവസ്ഥയുടെ നിലനിൽപ്പിനെ കാര്യമായി ബാധിച്ചിരിക്കുന്നു.

കേരളത്തിന്റെ ജൈവവൈവിധ്യത്തിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്നഒന്നാണ് പശ്ചിമഘട്ട മലനിരകൾ. പശ്ചിമഘട്ടത്തിലെ ഏത് ചുരം കയറി മുകളിലെത്തിയാലും അതിമനോഹരമായ പ്രകൃതി ഭംഗിയാണ് കാണാൻ കഴിയുക. 3000 മുതൽ 4000 അടിവരെ ഉയരത്തിൽ നിരനിരയായി കാണുന്ന മലകൾ വൃക്ഷനിബിഡമാണ്. ഇടയ്ക്കിടെ കറുത്ത ഭീമാകാരമായ പാറകൾ കാണാം. അവയ്ക്ക് മുകളിലും കുറ്റിക്കാടുകളുണ്ട്.

രഘുരാജാവ് ഇന്ത്യയിലെ നാലതിരുകൾ കീഴടക്കിയതിനെപ്പറ്റി വിവരിക്കുന്നിടത്ത് കാളിദാസൻ പശ്ചിമഘട്ട മലനിരകളെ ഒരു പുതപ്പെണ്ണിനോടാണ് ഉപമിക്കുന്നത്. ശിരസ്സ് കന്യാകുമാരിയുടെ അടുത്താണെന്നും, ആനമലയും നീലഗിരിയും സ്തനങ്ങളാണെന്നും, ഗോവ ചുണ്ടുകളാണെന്നും, പാദങ്ങൾ താപി നദിക്ക് അടുത്താണെന്നും അദ്ദേഹം വർണിക്കുന്നു. പശ്ചിമഘട്ടവും ഹിമാലയത്തിന്റെ കിഴക്ക് ഭാഗവും ഇന്ത്യൻ ജൈവവൈവിധ്യത്തിന്റെ പ്രധാന കേന്ദ്രങ്ങളായി ഇന്നും നിലകൊള്ളുന്നു. ഇന്ത്യയിൽ മാത്രം കാണുന്ന നിരവധി ഇനം സസ്യ ജീവജാലകങ്ങളുടെ ആവാസകേന്ദ്രമാണ് പശ്ചിമഘട്ടം. കിഴക്കൻ ഹിമാലയവും പശ്ചിമഘട്ടവും സസ്യജീവജാലകങ്ങളുടെ അക്ഷയഖനി മാത്രമല്ല, നിരന്തര ഭീഷണി നേരിടുന്ന ലോകത്തെ രണ്ടു പ്രധാന ജൈവസമ്പന്ന മേഖലകൾ കൂടിയാണ്. പ്രളയം, വരൾച്ച, പ്രകൃതിക്ഷോഭങ്ങൾ എന്നിവ ഇപ്പോൾ നിരന്തരമായി നാം അനുഭവിക്കുന്നതാണ്. ഇത്തരത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ, പരിസ്ഥിതിയുടെ ജൈവികതയിൽ ഉണ്ടായിരിക്കുന്ന കോട്ടങ്ങളെ സൂചിപ്പിക്കുന്നു.



ഹരിതഗൃഹവാതകങ്ങളും കാലാവസ്ഥാഘടികാരത്തെ തകർക്കാൻ കാരണമായി. 1880കൾക്ക് ശേഷമുണ്ടായ വ്യവസായ വിപ്ലവത്തിന്റെ പരിണിതഫലമായി 1.09 ഡിഗ്രി സെന്റിഗ്രേഡ് താപവർദ്ധന ഉണ്ടായപ്പോൾത്തന്നെ, കാലാവസ്ഥാവ്യതിയാനത്തിന്റെ ദുരന്തങ്ങൾ അസഹനീയമായിരുന്നു. ഭൂമിയെ മാലിന്യമു ക്തമാക്കുന്നന്ന തനതു സംവിധാനങ്ങളായ കാർബൺ നിക്ഷേപങ്ങളായി നില കൊള്ളുന്ന കാടിന്റെയും മണ്ണിന്റെയും സമുദ്രങ്ങളുടെയും കാര്യശേഷി കുറഞ്ഞുപോയിരുന്നു. ഇനിയുള്ള വർഷങ്ങളിൽ അത് കൂടുതൽ കുറയാനാണ് സാധ്യത. ഇന്ന് ലോകം അന്തരീക്ഷത്തിലേക്ക് പുറന്തള്ളി കൊണ്ടിരിക്കുന്ന ഹരിതഗൃഹവാതകങ്ങളുടെ 50 ശതമാനം കാടുകൾ, മണ്ണ്, സമുദ്രം എന്നീ മൂന്ന് സംഭരണികൾ ആഗിരണം ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ സംഭവിച്ചില്ലായിരുന്നെങ്കിൽ നമ്മൾ നേരത്തെ തന്നെ 1.5 ഡിഗ്രി കടന്നുപോകുമായിരുന്നു.

1870 മുതൽ 2019 വരെയുള്ള ഇന്ത്യയുടെ വിഹിതം 3 ശതമാനം ഇതിലേക്ക് മാത്രമായതിനാൽ ഇന്ത്യയ്ക്ക് ഒന്നും ചെയ്യാനില്ല എന്ന് തെറ്റിദ്ധാരണവേണ്ട. പ്രളയവും പേമാരിയും ചുഴലിക്കാറ്റും അനുഭവിച്ചുകൊണ്ടിരിക്കുന്ന രാജ്യമാണ് ഇന്ത്യ. 2018ൽ പ്രളയത്തോടെയാണ് മൺസൂൺ കടന്നുപോയത്. 480 പേരുടെ മരണത്തിനിടയാക്കിക്കൊണ്ടും 55 ലക്ഷത്തോളം ജനങ്ങളെ ദുരിതത്തിൽ എറിഞ്ഞുകൊണ്ടുമാണ് ആ വർഷം പ്രളയം നമ്മെ കടന്നുപോയത്. അതിനെ നേരിടാൻവേണ്ട തയ്യാറെടുപ്പുകൾ ഇല്ലാതെ പോയതിന്റെ നേർക്കാഴ്ചകൾ ആയിരുന്നു 2018 ൽ ഉണ്ടായ പ്രളയക്കെടുതികൾ. വികസിത ഇന്ത്യക്കാർ കടിഞ്ഞാൺ ഇല്ലാതെ പ്രകൃതി ചൂഷണം ചെയ്തു. വികലമാകുന്നതിന്റെ തീക്ഷ്താനുഭവങ്ങൾ ഇതൊന്നുമറിയാത്ത മറ്റുസ്ഥലങ്ങളിലാണ് പലപ്പോഴും പ്രകടമാകുന്നത്. കുടത്തിൽനിന്ന് ഭൂതത്തെ തുറന്നു വിട്ടത് പോലെ ഗ്രീൻഹൗസ് ഗ്യാസുകൾ അമിതമായി പുറത്തുവിട്ട് അനർത്ഥങ്ങൾ സൃഷ്ടിക്കുന്ന വ്യവസായ ഭീമന്മാർ അപ്പോഴും കർട്ടനുപിന്നിലായി മറഞ്ഞു നിൽക്കും. പുഴയൊഴുകേണ്ട വഴികളെല്ലാം ഇഷ്ടികച്ചൂളകളും കെട്ടിടങ്ങളും പോലെയുള്ള പുത്തൻ മനുഷ്യനിർമിതികൾ കയ്യടക്കി. തുടർച്ചയായി മൂന്ന് വർഷങ്ങളിലും അമിതമായ പ്രളയവും മലയിടിച്ചിലും സമ്മാനിച്ച ദുരിതം ഇനിയും മറക്കാറായിട്ടില്ല.

കാലാവസ്ഥാവ്യതിയാനത്തിന്റെ തീവ്രമായ പകർനാട്ടങ്ങൾ ലോകമെമ്പാടും സംഭവിച്ചുകൊണ്ടിരിക്കുന്നു. ഭൂമിക്കും പരിസ്ഥിതിക്കും ആസന്നമായിരിക്കുന്ന കഠിനമായ ദുരന്തങ്ങളെക്കുറിച്ച് ആഗോള തലത്തിലുള്ള കൂട്ടായ്മ നൽകുന്ന സൂചനയാണ് ഐപിസിയുടെ ആറാമത്തെ റിപ്പോർട്ട്. ഇതുവരെ പറഞ്ഞതുപോലെ മുടന്തൻ ന്യായങ്ങൾ പറയാൻ പലരും ഉണ്ടാകും. പക്ഷേ, അങ്ങനെ കളയാൻ സമയമില്ല എന്ന യാഥാർത്ഥ്യം ഇനിയെങ്കിലും നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.



# വായന

## വായനയുടെ പുതുരുചികൾ

ഫർസാന എം.കെ.
ഒന്നാം വർഷം, എ.എ. എക്ണോമെട്രിക്സ്.

(വായന മാറുന്നു, മരിക്കുന്നു തുടങ്ങിയ മുറവിളികൾ ഈ കാലത്തിൽ ഇടയ്ക്കിടെ ഉയരാറുണ്ട്. കാലത്തിനും സാങ്കേതിക വിദ്യയ്ക്കുമൊപ്പം മാറുന്ന വായന, വായനാസ്വഭാവം എന്നിവയെക്കുറിച്ചുള്ള ആകുലതകൾ ഇവിടെ ഒത്തുചേരുന്നു.)

കാലഘട്ടം മാറുന്നതിനനുസരിച്ച് മാറ്റങ്ങൾ നിരവധിയാണ് മനുഷ്യജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. അവയിൽ ചിലതൊക്കെ മാറ്റമില്ലാതെ ഇന്നും തുടരുന്നു. ആദ്യാക്ഷരം കുറിക്കുമ്പോൾ നാം എഴുതുന്ന 'ഹരി ശ്രീ ഗണപതയേ നമഃ' എന്ന വാചകത്തിൽ തുടങ്ങുന്നു ഒരു ജീവന്റെ അക്ഷരങ്ങളോടുള്ള ബന്ധം. ഇതൊരു മതത്തിന്റെ മാത്രം ആചാരമാണെങ്കിലും അക്ഷരങ്ങളിലോട്ട് ഊളിയിടാൻ ഓരോരുത്തരും തയ്യാറെടുക്കുന്നതിന്റെ മുന്നോടിയാണിത്. പല രീതിയിൽ പല ഭാവത്തിൽ ഇതൊക്കെ ഇന്നും നമ്മൾ ആചരിക്കുന്നു. കാലഘട്ടം മാറുന്നതിനനുസരിച്ച് വായനാരീതിയിലും മാറ്റങ്ങൾ വന്നുകഴിഞ്ഞു. താളിയോലകളിൽ വായിച്ചു തുടങ്ങിയ മനുഷ്യർ ഇന്ന് വായിക്കാനായി നൂതനസാങ്കേതിക വിദ്യകൾ തേടുന്നു. ഇന്ന് പുതുയുഗം ട്രെന്റിന് പുറകെ ഓടുകയാണ്. PDF, ഓഡിയോ ഫയലുകൾ, റേഡിയോ നോവലുകൾ, എങ്ങ കേൾവികൾ,യൂട്യൂബ് ആവിഷ്കാരങ്ങൾ എന്നിവയൊക്കെ അതിനുദാഹരണങ്ങൾ തന്നെ. പുസ്തകവായന ഇവിടെ പല വഴികളിലൂടെ വികസിക്കുന്നുണ്ട്. ഒരു പുസ്തകം പുറത്തിറങ്ങിയാൽ അതു വായിക്കുന്നതും അതിന്റെ ഒരു ഫോട്ടോ ഇടുന്നതുമൊക്ക പലർക്കും ഇന്നിന്റെ ആവേശമാണ്. ഇതു വായനക്കാരുടെ എണ്ണം തീർച്ചയായും കൂട്ടും. അതുപോലെ ബുക്കുകൾ പരമാവധി എല്ലാവരിലേക്കും എത്തിച്ചേരുകയും ചെയ്യും. പുസ്തകങ്ങൾ എല്ലാം വിരൽത്തുമ്പിൽ കിട്ടുന്ന ഇക്കാലത്ത് നമുക്ക് ആവശ്യമുള്ളവ ശബ്ദമായും കാഴ്ചയായും കിട്ടിത്തുടങ്ങി. ഇതൊന്നും വായനക്കാരുടെ അളവിൽ കുറവ് വരുത്തിയിട്ടില്ല എന്ന് ഈ അടുത്ത് പുറത്തിറങ്ങിയ 'റാം C/o ഓഫ് ആനന്ദി' നമുക്ക് മനസ്സിലാക്കി തരുന്നു. അക്ഷരങ്ങളിലൂടെ അനുഭവിച്ചറിയുന്ന ചില ജീവിതത്തിന്റെ നേർക്കാഴ്ചകളുണ്ട്. പച്ചയായ മനുഷ്യരുടെ ജീവിതാനുഭവങ്ങൾ അക്ഷരങ്ങളിലൂടെ കുറിച്ചിടുകയാണ് ഓരോ എഴുത്തുകാരും ചെയ്യുന്നത്. എഴുത്തുകാരുടേയും വായനക്കാരുടേയും മാത്രമായ ആ സ്വതന്ത്ര ലോകത്തിലെ ഭാവന പിന്നീട് വായനക്കാർക്കു സ്വന്തം. ഒരാളുടെ ദാവനാലോകം മറ്റൊരാളിൽനിന്നും വിഭിന്നമാക്കപ്പെടുന്നതിനാൽ ഒരു പുസ്തകത്തിന്റെ വായനാനുഭവം ഒരാളിൽനിന്നും മറ്റൊരാളിലെത്തുമ്പോൾ തികച്ചും വ്യത്യസ്തമാവുന്നു. അതൊരിക്കലും മറ്റൊരാളിൽ



നിന്നും നമുക്കുകിട്ടിയെന്നുവരില്ല. വളർന്നുവരുന്ന പുതുതലമുറയിൽ വായന നശിക്കാൻ ഉതകുന്ന പല കാര്യങ്ങളും നമുക്കിടയിൽ ഉണ്ട്. പുതുതലമുറ ഏറെ ഇഷ്ടപ്പെടുന്ന കാർട്ടൂണുകൾ പണ്ടത്തെ കാലത്തെ ബാലരമയും കളിക്കുടുക്കയും ചെയ്തിരുന്ന ധർമം ഏറ്റെടുത്ത് കഴിഞ്ഞു. അന്ന് ഓരോ കഥയും വായിക്കുമ്പോൾ മനസ്സിൽ നാം ഉണ്ടാക്കിയെടുക്കുന്ന ഒരു ലോകമുണ്ട്. ഇന്നത് കണ്മുന്നിൽ കാണുമ്പോൾ ആരും വായിക്കാൻ മുതിരില്ല; പക്ഷേ എല്ലാം ഒരാളുടെ ഭാവനയിലേയ്ക്കു ചുരുങ്ങിയെന്ന് നാം ഓർക്കാറില്ല.

'ഇനിയും പറയാത്ത സത്യങ്ങൾ നിനക്കെന്റെ വരികളിൽ വായിച്ചെടുക്കാം. ഇനിയും പിറക്കാത്ത മോഹങ്ങൾ ഞാനെന്റെ വരികളിൽ ഒളിപ്പിച്ചിടട്ടെ..

അക്ഷരങ്ങളോട് നമ്മെ അടുപ്പിക്കുന്ന പ്രധാനപ്പെട്ട ഒരു കൈവഴിയാണ് പുസ്തകവായന. പുസ്തകങ്ങളിൽനിന്നും തെന്നിമാറിയ വായന ഇപ്പോൾ മറ്റു പല രൂപങ്ങളിലേക്കും വ്യതിചലിക്കാൻ തുടങ്ങി. ഈ അടുത്ത് ഒരു പ്രശസ്ത എഴുത്തുകാരന്റെ ഒരു ഇൻസ്റ്റഗ്രാം പോസ്റ്റ് കാണാനിടയായി. 'ഞങ്ങൾ കഷ്ടപ്പെട്ട് തുന്നിച്ചർക്കുന്ന വരികൾ വെറുമൊരു pdf രൂപത്തിലാക്കി പുസ്തകങ്ങളുടെ മൂല്യം ഇല്ലാതാക്കരുത്' എന്നൊരു അപേക്ഷ അതിലുണ്ടായിരുന്നു. എത്ര ദയനീയമാണത് ഒന്നോർത്താൽ നമുക്ക് ആ എഴുത്തുകാരന്റെ അവസ്ഥ മനസിലാക്കാവുന്നതേയുള്ളു. രണ്ടും വായനയാണെങ്കിലും എഴുത്തുകാർ വാർത്തെടുക്കുന്ന വരികൾ ഒരു പുസ്തകരൂപത്തിലേക്കാകുമ്പോൾ അവർക്കുണ്ടാകുന്ന ഒരു സന്തോഷമുണ്ട് അത് Pdf, FM പോലുള്ളവയിലേക്ക് മാറുമ്പോൾ ആ ഒരു അനുഭൂതി കിട്ടണമെന്നില്ല. അതുമൂലം ആ പുസ്തകങ്ങളുടെ വിറ്റുവരവും കുറയുന്നു. ഫോണിൽ ഒന്ന് തൊട്ടാൽ ഒരുപക്ഷെ ശബ്ദമായും ദൃശ്യമായും അവ നമുക്ക് കിട്ടിയേക്കാം. പക്ഷെ പുസ്തകങ്ങളെ അറിയണമെങ്കിൽ വായനയുടെ രുചി നുണയണമെങ്കിൽ ഓരോ പുസ്തകത്തിന്റെയും മണം ആസ്വദിക്കണമെങ്കിൽ പുസ്തക വായനയിലൂടെതന്നെ നാം കടന്നുപോവേണ്ടതുണ്ട്. പലതും നഷ്ടമാക്കുന്ന പുതുതലമുറ, ഈ കാലഘട്ടത്തിൽ വയനയുടെ പ്രസക്തി തിരിച്ചറിയേണ്ടത് അത്യാവശ്യമാണ്. ഓരോ പുസ്തകവായനയിൽ നിന്നും നമുക്കുകിട്ടുന്ന അറിവുകൾ ഈ അർത്ഥത്തിൽ പുതുമയുള്ളത് തന്നെ. അതൊരിക്കലും മറ്റൊരാളുടെ മനസ്സിൽ നിർമ്മിതമായ കാഴ്ച്ചയിൽ നിന്നോ മറ്റൊരാളുടെ ശബ്ദത്തിൽനിന്നോ പൂർണമായും ലഭിക്കുകയില്ല.

ഒഴുകുന്ന പുഴയും കാടും മേടും വായിക്കുമ്പോൾ ഓരോരുത്തർക്കും സ്വന്തമാവുന്ന അനുഭൂതി ആയിരിക്കില്ല മറ്റൊരാളുടെ ഭാവനയിൽ സൃഷ്ടിയ്ക്കപ്പെട്ട ദൃശ്യത്തിലൂടെയും ശബ്ദത്തിലൂടെയും ലഭിക്കുന്നത്. വായന നമ്മുടെ ചിന്തകളെ ഉണർത്തും. സങ്കൽപ്പങ്ങൾകൊണ്ട് നാം ആ കാഴ്ചകൾ നമുക്കു മുൻപിൽ സൃഷ്ടിക്കും. രചയിതാവിന്റെ വിരൽത്തുമ്പിലൂടെ നമ്മളും സഞ്ചരിച്ചുതുടങ്ങും. അയാളുടെ ചിന്തകൾക്കനുസരിച്ച് നമ്മളും കാഴ്ചകൾ കാണാൻ തുടങ്ങും. എന്നാൽ ഇന്നതൊക്കെ നഷ്ടമാക്കുന്നുണ്ടോ? ചോദ്യം പ്രസക്തിയുള്ളത് തന്നെയാണ്. വായന പൂർണമായും.



മരിച്ചു എന്ന് ഉറപ്പിച്ചു പറയാൻ കഴിയില്ല. ഈയടുത്ത് പുറത്തിറങ്ങിയ 'റാം C/o 'ആനന്ദി' വൻലാഭമാണ് രചയിതാവിന് നേടിക്കൊടുത്തത്. അതു ചൂടപ്പം പോലെ വിറ്റുപോയെങ്കിൽ വായന മരിച്ചു എന്ന് എങ്ങനെ പറയാനാകും. ഉത്തരം നമ്മൾ ഇന്നും കണ്ടെത്തിയിട്ടില്ല. 'ഏറ്റവും പ്രിയപ്പെട്ട എന്നോട്' ഒരുപാടുപേരുടെ ഹൃദയംകീഴടക്കിയ മറ്റൊരു നോവലാണ്. ഇവയ്ക്കൊക്കെ വൻസ്വീകരണമാണ് ലഭിച്ചത്. അതിനു വലിയപങ്ക് സോഷ്യൽമിഡിയ വഹിച്ചിട്ടുമുണ്ട്. ഇവ വാങ്ങിക്കാനും ഫോട്ടോയെടുത്ത് സോഷ്യൽ മിഡിയയിൽ പോസ്റ്റുചെയ്യാനും ആളുകൾ തിരക്ക് കൂട്ടി. ഇതിന്റെയൊക്കെ അർത്ഥമെന്താണ്.? ശരിക്കും വായനയോടുള്ള പ്രിയംകൊണ്ടുതന്നെയാണോ ഇതൊക്കെ സംഭവിച്ചത്? പൂർണ്ണമായിട്ടും അല്ലാ എന്നു തന്നെയാവും ഉത്തരം. എങ്കിലും ഈ രീതിയും നമുക്ക് പ്രയോജനപ്പെടുത്താം. വായന ഇല്ലാതാവാൻ തുടങ്ങുന്നിടത്തുനിന്നും ഒരു ഉയർത്തെഴുന്നേൽപ്പ് ഇപ്പോൾ സാധ്യമാകും. പുതുതലമുറയ്ക്ക് വായനയുടെ പ്രസക്തി മനസ്സിലാക്കി കൊടുക്കാൻ നമുക്ക് ഈ സോഷ്യൽ മിഡിയതന്നെ പ്രയോജനപ്പെടുത്താം. പറഞ്ഞുവരുമ്പോൾ ഇന്നത്തെതലമുറയ്ക്ക് എല്ലാം പ്രഹസനമാണ്. ട്രെൻഡിനൊപ്പം ഞാനും എന്ന വെറും പേക്കുത്ത്. അതിനിടയ്ക്ക് മൂല്യമേറിയതൊന്നും അവരുടെ കണ്ണിൽ കാണാതെ പോയി.. എടുത്ത് പറയേണ്ടത് റാം c/o ആനന്ദി തന്നെ. ഞാൻ അടക്കം പലരും അതു വാങ്ങി പോസ്റ്റിട്ടു. വായിച്ചു എന്ന് അഭിമാനംകൊണ്ടു. കയ്യിൽകിട്ടിയവർ ലോകം കീഴടക്കിയതുപോലെ സന്തോഷിച്ചു. ഒന്നു ചോദിച്ചോട്ടെ കേരളത്തിൽ ആദ്യമായിട്ടിറങ്ങുന്ന ബുക്ക് ആണൊ റാം c/o ആനന്ദി? അതിനൊക്കെമുൻപ് എത്രയെത്ര പുസ്തകങ്ങൾ ഇവിടെ പുറത്തിറങ്ങിയിട്ടുണ്ട്? അവയെല്ലാം ഇതുപോലെ ഇവിടെ ആഘോഷിക്കപ്പെട്ടിട്ടുണ്ടോ? ഇല്ല. അതിനു കാരണം ഇപ്പോൾ ഇതാണ് ട്രെൻഡ് എന്നുള്ളത് തന്നെയാണ്. ഒരു പ്രമുഖ വീഡിയോ ക്രിയേറ്ററിന്റെ വീഡിയോ കാണാനിടയായി. റാം c/oആനന്ദി തന്നെയായിരുന്നു വിഷയം' ആരെങ്കിലും ഇതു വായിച്ചോ? വായിച്ചെങ്കിൽ എനിക്കും ഒന്ന് അയക്കോ? ചേട്ടാ ആ ഫോട്ടോ ഒന്ന് കിട്ടിയാലും മതി.' എന്നൊക്കെ. ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത് എന്താണ്? പലർക്കും ഇതൊന്നും വായിക്കാൻപോലും താൽപര്യം ഇല്ല. പക്ഷെ ഫോട്ടോ വേണം. അത്രേ ഉള്ളു. ഇന്ന് പല പുസ്തകങ്ങളും ആളുകൾക്കിടയിലേക്ക് എത്തിക്കണമെങ്കിൽ റീൽസും ഓഫറുകളും കൊണ്ടുവരേണ്ട അവസ്ഥയാണ്.



ഇന്നിറങ്ങുന്ന പല പുസ്തകങ്ങളും ജനകീയമായതിന്റെ കാരണങ്ങളിൽഒന്ന് മടുപ്പുതോന്നാത്ത രീതിയിൽ അവയിൽ കഥാത്രങ്ങളുടെ ജീവിതം വരച്ചിട്ടിരിക്കുന്നതുകൊണ്ടാവാം. ഇനിയും ദിനങ്ങൾ

കൊഴിഞ്ഞുവീഴും. നാളെ ഇതിലും വലിയ ട്രെൻഡ് ജനിക്കും. കാലത്തിനോടൊപ്പം ഓടിത്തുടങ്ങിയ ഞാനും പതിയെ മാറി തുടങ്ങും. മാറ്റങ്ങൾ നല്ലതാണ് അതു നല്ലരീതിയിൽ ഉപയോഗിക്കുമ്പോൾ. പക്ഷെ നമ്മൾ കാത്തുസൂക്ഷിക്കേണ്ട പൈതൃകത്തെ ഇല്ലായ്മ ചെയ്തുകൊണ്ടാവരുത് ഒന്നും. വായനയുടെ മൂല്യമറിഞ്ഞ ഒരാളും അതിനെ ഇങ്ങനെ പ്രഹസനങ്ങൾക്ക് വിട്ടുകൊടുക്കില്ല. ഇന്നത്തെ തലമുറയിൽ വായന വളരെ കുറവാണെന്നു പറയാൻ ഇതൊക്കെത്തന്നെ ധാരാളം. വായനയുടെ ഗുണങ്ങൾ അറിഞ്ഞുവേണം പുതുതലമുറ വളരാൻ അതിനീ സോഷ്യൽമിഡിയതന്നെ ഉപയോഗിക്കാമല്ലോ. ഒരറിവും ചെറുതല്ല. വളർന്നു വരുന്ന തലമുറ വായനയുടെ പ്രസക്തി മനസ്സിലാക്കി പുസ്തകങ്ങളെ മുറുകെപിടിക്കട്ടെ. അതിനുവേണ്ടി നമുക്ക് ഓരോരുത്തർക്കും പ്രയത്നിക്കാം. ഒരു പുതുതലമുറയെ വാർത്തെടുക്കാം.

  

# ഖദീജ മുംതാസ്

**ഡോ. ഖദീജ മുംതാസുമായി രണ്ടാം വർഷ ബിരുദ വിദ്യാർത്ഥികളായ സോന മോൾ പി.ടി. (മലയാളം), സഫീദ പി. (മലയാളം), നന്ദന എ.കെ. സുവോളജി) എന്നിവർ നടത്തിയ അഭിമുഖം.**

ബർസ' എന്ന നോവലിന്റെ അർത്ഥം മുഖം തുറന്നിട്ടവൾ എന്നാണ്. നോവലിലെ സബിത എന്ന കഥാപാത്രം ഇത്തരത്തിലുള്ളതാണ്. ഇങ്ങനെയൊരു നോവൽ എഴുതണം എന്ന് എപ്പോൾ മുതലാണ് ആലോചിച്ചു തുടങ്ങിയത് ?

ബർസയിൽ നമ്മൾ കാണുന്ന സന്ദേഹങ്ങൾ കുട്ടിക്കാലംമുതൽ ഉണ്ട്. അകത്തുനിന്നുള്ള ഒരാൾക്ക് ഇത് എഴുതുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. 'ഡോക്ടർ ദൈവമല്ല' എന്ന പേരിൽ ഒരു കോളം ചെയ്യാൻ തുടങ്ങിയിരുന്നു. അങ്ങനെ കുറച്ചു ബന്ധങ്ങൾ സാഹിത്യലോകത്ത് ലഭിച്ചിരുന്നു. ഡോക്ടർ ദൈവമല്ല എന്ന കോളത്തിൽ സൗദി അറേബ്യയിലെ നേഴ്സുമാരുടെ അനുഭവങ്ങൾ പറയുന്നുണ്ട്. ഇതുവായിച്ച് ഒരെഴുത്തുകാരൻ ഇത്തരം അനുഭവങ്ങളുള്ള ഒരെഴുത്തുകാരിക്ക് എന്തുകൊണ്ട് ഒരു നോവൽ എഴുതാൻ സാധിക്കില്ല എന്നുചോദിച്ചു. ഈ ചോദ്യമാണ് പുതിയൊരു നോവൽ എഴുതാനുള്ള സാധ്യത തുറന്നത്.

? ഡോക്ടറുടെ കുട്ടിക്കാലം, പഠനകാലം എല്ലാം



എങ്ങനെയുള്ളതായിരുന്നു ?

പെൺകുട്ടികൾ മാത്രമുള്ള ഒരു കുടുംബത്തിൽ ജനിച്ചുവളർന്നതിന്റെ സ്വാതന്ത്ര്യക്കുറവ് ഉണ്ടായിരുന്നെങ്കിലും വിദ്യാഭ്യാസത്തിനും വായനയ്ക്കും നല്ല പ്രാധാന്യം നൽകിയിരുന്ന ഒരു കുടുംബത്തിൽ ആയിരുന്നു ജനനം. കുട്ടിക്കാലംമുതലേ പുസ്തകങ്ങളോട് നല്ലബന്ധമുണ്ടായിരുന്നു. വായനയിലൂടെ ആയിരുന്നു ലോകത്തെ കണ്ടിരുന്നത്. തൃശ്ശൂർ ജില്ലയിൽ വളർന്ന എനിക്ക് വായനയിലൂടെയാണ് മറ്റെല്ലാ ജില്ലകളും പരിചിതമായത്. സാഹിത്യലോകത്ത് വന്നതിനുശേഷമാണ് സഞ്ചാരസ്വാതന്ത്ര്യം കിട്ടിത്തുടങ്ങിയത്. ഉമ്മയുടെ വായനാശീലം എപ്പോഴും എന്നെ വായിക്കാൻ പ്രചോദിപ്പിച്ചിട്ടുണ്ട്.

? ഡോക്ടർ എന്ന ജോലിയും എഴുത്തും ഒരുമിച്ച് കൊണ്ടുപോകാൻ സാധിച്ചിരുന്നോ?

ഗൈനക്കോളജിസ്റ്റായി പ്രവർത്തിക്കുന്നതിനനുസരിച്ചുള്ള തിരക്കുണ്ട്. അതിനനുസരിച്ച് ടീച്ചിങ്ങും പ്രാക്ടീസും ചെയ്യുന്നുണ്ട്.. പക്ഷേ പാഷനു പിറകെ സഞ്ചരിക്കുമ്പോൾ മുന്നോട്ടുപോകുന്നു എന്നുമാത്രം. വേണമെങ്കിൽ ഗൈനക്കോളജിസ്റ്റായി മാത്രം ഒതുങ്ങിക്കൂടാം. പക്ഷേ അതല്ല എന്റെ കരിയർ, അതല്ല ഞാൻ എന്നുള്ള മനസ്സിലെ പറച്ചിലിലൂടെ എഴുത്താണെന്റെ ലോകം എന്ന് തിരിച്ചറിഞ്ഞു. സമയക്കുറവ് ഉണ്ടാവാറുണ്ട്. പക്ഷേ അതെല്ലാം വേണ്ടതായ രീതിയിൽ ക്രമീകരിച്ചു പോകുന്നുണ്ട്.

? ഒരെഴുത്തുകാരി തീർച്ചയായും ജീവിക്കുന്ന കാലത്തെ സൂക്ഷ്മമായി നിരീക്ഷിക്കുന്ന വ്യക്തി ആയിരിക്കും. ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ പോലും ചോദ്യചിഹ്നമാകുന്ന ഇന്ത്യൻ സാഹചര്യത്തിൽ സ്ത്രീകൾ എത്രമാത്രം സുരക്ഷിതരാണ് ?

പ്ര ഖദീജ മുംതാസ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും തന്റെ സേവനത്തിന്റെ അവസാന കാലത്ത് സ്ഥലം മാറ്റപ്പെട്ട അവർ അതിൽ പ്രതിഷേധിച്ച് സ്വമേധയാ വിരമിയ്ക്കുന്നതിന് അപേക്ഷ നൽകുകയുായി.
2010 ൽ മികച്ച നോവലിനുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയ ബർസ മലയാളസാഹിത്യ ലോകത്തിലെ മികവുറ്റ ഒരു കൃതിയാണ്. തൊഴിലിടങ്ങളിലെ ആകുലതകളും സമൂഹ മനസ്സിന്റെ ആകുലതകളുമെല്ലാം വിഷയമാകുന്ന കൃതികൾ രചിച്ചിട്ടുള്ള ഡോ.ഖദീജ മുംതാസ്, ഇപ്പോൾ കേരളസാഹിത്യ അക്കാദമിയുടെ വൈസ് ചെയർമാനും തിരൂരിലുള്ള തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാലയിലെ അക്കാദമിക് കൗൺസിൽ അംഗവുമാണ്.



വർത്തമാന കാലഘട്ടത്തിൽ സ്ത്രീകൾ കമ്പോളവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. സ്ത്രീയെ വെറും ഭോഗവസ്തുവായി മാത്രം കാണുന്നു. അതിപ്പോൾ സിനിമയിലൂടെ ആണെങ്കിലും പാട്ടുകളിലൂടെയാണെങ്കിലും. മദ്യം മയക്കുമരുന്ന് തുടങ്ങിയവയിലൂടെ സ്ത്രീകളെയും ചൂഷണം ചെയ്യുന്നു. പണ്ടത്തെ കാലത്ത് പരമ്പരാഗതമായ രീതികളിൽ നിന്ന്, അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് പൊരുതി പൊരുതി തിരിച്ചുവന്ന സ്ത്രീകൾ തന്നെ അടിച്ചു താത്താൻ നോക്കുന്ന സാഹചര്യമാണ് ഇപ്പോൾ സമൂഹത്തിൽ ഉള്ളത് എന്നത് ബുദ്ധിമുട്ടേറിയ ഒരു കാര്യം തന്നെയാണ്. പണ്ടുകാലത്തെ അപേക്ഷിച്ച് നോക്കുമ്പോൾ ഇന്ന് സ്ത്രീകൾ അവരുടെ വ്യക്തിത്വം മനസ്സിലാക്കി മുന്നോട്ടുവരുന്നതിൽ മുൻപന്തിയിൽ തന്നെയാണ്.

? രാവുംപകലും ഒരുപോലെ ജോലി ചെയ്യേണ്ടവരാണ് ഡോക്ടർമാർ അവർക്ക് തൊഴിൽ സുരക്ഷ ഉറപ്പാക്കേണ്ടത് ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണ്. അതിനുപകരം വനിതാഡോക്ടർമാരെ രാത്രിയിൽ ജോലിക്ക്നിർത്തണ്ട എന്ന് പറയുന്നത് നീതിക്ക് നിരക്കാത്തതല്ലേ?

പുരുഷൻ വ്യാപരിക്കുന്ന എല്ലാ മേഖലകളിലും സ്ത്രീയും വ്യാപരിച്ചുവരുന്ന ഈ കാലഘട്ടത്തിൽ തന്നെ ഇങ്ങനെ ഒരു തീരുമാനം എടുത്തത് നീതിക്ക് നിരക്കാത്തത് തന്നെയാണ്.

? ഈയൊരു കാലഘട്ടത്തിൽ ക്യാമ്പസുകളെ പോലും ലഹരി കീഴ്പ്പെടുത്തികൊണ്ടിരിക്കുകയാണ്. ഇതിനെ മറികടക്കാൻ എന്താണ് ചെയ്യാൻ കഴിയുക?

ആരാണോ ആക്രമിക്കുന്നത് അവരെയാണല്ലോ തളക്കേണ്ടത്. അല്ലാതെ സ്ത്രീകളെ ലിമിറ്റ് ചെയ്യുക അല്ലല്ലോ വേണ്ടത്. ഒരു നായ കടിക്കാൻ വരുമ്പോൾ നായയെ അല്ലേ നമ്മൾ പിടിച്ചുകെട്ടേണ്ടത്. നായ കടിക്കാൻ വരുന്നവരെ അല്ലല്ലോ.

ഇന്നത്തെ ഈ കാലഘട്ടത്തിൽ, മയക്കുമരുന്നിന്റെ വലിയൊരു ശൃംഖല ഉള്ളതായി നമുക്ക് കാണാൻ സാധിക്കും. എന്നാലേ ഈ ശൃംഖലയെ ഭയപ്പെടുന്നവരും ഉണ്ട്. ഇത്തരം ലോബികൾക്കെതിരെ മുഖം നോക്കാതെ നടപടിയെടുക്കാൻ സാധിച്ചൽ മാത്രമേ നമ്മുടെ തലമുറയെ രക്ഷപ്പെടുത്താൻ സാധിക്കൂ.

എഴുത്തിൽനിന്നാണ് നമ്മൾ ഈ കൊച്ചു സംഭാഷണം തുടങ്ങിയത്. എഴുത്തിൽതന്നെ നമുക്കവസാനിപ്പിക്കാം.

പുതിയകാലത്ത് എഴുത്തിനെ, പ്രത്യേകിച്ച് ക്യാമ്പസ് സാഹിത്യത്തെ എങ്ങനെയാണ് കാണുന്നത്? പ്രതീക്ഷാനിർഭരമാണോ?

സമൂഹത്തിൽ രണ്ടുവിഭാഗം ആൾക്കാരാണ് ഇപ്പൊ ഉള്ളത്. ഒന്ന് വായനയുടെ രീതിയിൽ നിന്നും മാറി തങ്ങളുടെ ഇടങ്ങളിലേക്ക്, അതായത് മയക്കുമരുന്ന്, മദ്യം തുടങ്ങിയവയിലേക്ക് ഒതുങ്ങിക്കൂടുന്ന മനുഷ്യർ. അടുത്ത വിഭാഗം വായനയിലൂടെ കിട്ടുന്ന മൂല്യങ്ങൾ മുറുകെപ്പിടിച്ച് ജീവിക്കുന്നവരും. 1980 കളിലും 90കൾക്കു ശേഷവും കുട്ടികൾക്ക് സർഗാത്മകതവേണ്ട പരീക്ഷയിൽ മാർക്ക് മാത്രം മതി എന്ന് പറയുന്ന മാതാപിതാക്കളെ നമുക്ക് കാണാൻ സാധിക്കും. ഇതിൻറെ ഒക്കെ ഇടയിൽ ഒരുപിടി നല്ലവായനാശീലവും മൂല്യബോധവും ഉള്ള കുട്ടികളെയും കാണുന്നത് പ്രതീക്ഷാനിർഭരമായ ഒരു കാര്യം തന്നെയാണ്. അതുതന്നെയാണ് നാളെയുടെ ശുഭപ്രതീക്ഷ.

# പ്രണയം



**ഫാത്തിമാ ഹുസ്ന സി.**
മൂന്നാം വർഷം, ബി.എ. ഹിസ്റ്ററി

# മൃത്യു



കല്ല്യാണരാത്രിയിൽ
പലതും പറയുന്ന കൂട്ടത്തിൽ
അവൾ പറഞ്ഞു,
എനിക്കൊരു പ്രണയമുണ്ട് !

പുഴയിൽവീണ
പൂവിതളുകളിൽ ഒന്നുപോലെ
പല വാക്കുകളുടെ കൂട്ടത്തിൽ
ആ വാക്കും ഒഴുകിയൊഴുകിപ്പോയി.

കൂട്ടാൻ അടി കരിഞ്ഞപ്പോൾ
'നീ നിന്റെ മറ്റവനെയോർത്തു നിന്നു അല്ലേ'യെന്നോ
ഏതെങ്കിലും ഒരു വിരുന്നിനു പോകുമ്പോൾ
'ഇത്തിരിയധികം നിറമുള്ളതുടുത്തെങ്കിൽ
വഴിയിൽ മറ്റവൻ കാത്തുനിൽക്കുമല്ലേയെന്നോ
ഒരിക്കൽപോലും
ആ പ്രണയം ചോദിച്ചില്ല.

വൈകിയെത്തിയ അന്ന്
മറ്റൊരു വിയർപ്പിന്റെ മണം പൂച്ചയേപ്പോലെ
മൂക്കു വിറപ്പിച്ചുകൊണ്ട് അന്വേഷിച്ചില്ല.

അവളുടെ തൊട്ടടുത്തെത്തിയപ്പോൾ
കട്ടിലിൽ തലയിണയോരത്തു കുനിഞ്ഞുനിന്ന്
കാതിൽ പതുക്കെ,
മൃദുവായി പ്രണയം ചോദിച്ചു :

പറയൂ,
ഒരിക്കൽക്കൂടിയൊന്ന്
കാണാൻ തോന്നുന്നുല്ലോ?
വരാൻ പറയണോ?
അവൾ ലജ്ജ കലർന്ന് ചിരിച്ചു.. വേണ്ട.. അവൾ
മന്ത്രിച്ചു.
അദ്ദേഹം ഇപ്പോൾ വരും, അതിനുമുമ്പ്
നമുക്കൊരുമിച്ചു പോകാം..



**ഹരിപ്രിയ**
**മൂന്നാം വർഷ ബിരുദം,**
**ബി.കോം.**

# മഴയോട്



കൈയിലെ ചായ വിറയാൽ തുളുമ്പുന്നുണ്ടായിരുന്നു. രണ്ടു കുടുംബവും വർത്തമാനത്തിൽ മുക്കുകുത്തിയപ്പോൾ ഞാൻ ആഴക്കടലിലേക്ക് വീണുടയുകയായിരുന്നു. ചെറുക്കനും പെണ്ണിനും എന്തെങ്കിലും സംസാരിക്കാറുണ്ടോ?
ഇളയ മാമന്റെ ചോദ്യം എന്നെ ഹാളിലേക്ക് തന്നെ പിടിച്ചു നിർത്തി. മുറ്റത്തെ നീണ്ട വരാന്തയിൽ ചുമരുചേർന്ന് ഞാൻ നിന്നു. ചിരിച്ചുകൊണ്ട് അവൻ എന്റെ അടുത്തുവന്നു. 'സിന്ധു.
സ്വന്തം വീടാണല്ലേ? അതായിരിക്കും ഇത്രയും ധൈര്യം!' എനിക്ക് ഇല്ലാത്തതും അത് തന്നെ. അരവിന്ദ് എപ്പോഴും പറയുന്ന കാര്യമാണ്; പറയാനുള്ളത് തുറന്നു പറയണമെന്ന്. പറ്റാറില്ല. അച്ഛന്റെ മരണശേഷം അമ്മാവമ്മാരെ പേടിച്ചുവളർന്നത് കൊണ്ടാവാം. അതിനുള്ള ധൈര്യമുണ്ടെങ്കിൽ ഇത്രയും കാലം മുഖത്ത് ഒരു പുഞ്ചിരി മാത്രം നൽകി അങ്ങോട്ടുമിങ്ങോട്ടും നടക്കില്ലായിരുന്നല്ലോ.
കല്യാണം കഴിഞ്ഞാലും എനിക്ക് പഠിക്കാൻ പോണം. സിന്ധു പറയാനായി തയ്യാറെടുത്തു. എന്ത്, എങ്ങനെ, എപ്പോൾ എല്ലാം തീരുമാനിച്ചുറപ്പിച്ചതായിരുന്നു.
'എന്നോട് എന്തെങ്കിലും ചോദിക്കാനുണ്ടോ? '
ചോദ്യം കാതിൽ വന്നലച്ചെങ്കിലും മറുപടി പറയാൻ പറ്റിയില്ല.

കവലയിൽ പെയ്ത് തോർന്ന മഴ ഈ വെയിലത്തും പെയ്യുന്നതു പോലെ തോന്നി.
മഴ ചാറിത്തുടങ്ങിയപ്പോൾത്തന്നെ എനിക്ക് വീട്ടിൽ പോകാമായിരുന്നു. മഴ മാറാനായിട്ട് നിന്നതാണോ അതോ അയാളുടെ വരവ് കാണാനായിട്ടോ? എനിക്കറിയില്ല. മഴ കനത്തപ്പോൾ അയാൾ ഓടി എന്റെ അടുത്തുവന്നു. 'ഇത്തവണ കുറച്ചു നേരത്തെ ഇറങ്ങിയിട്ടും കാര്യമൊന്നുമുണ്ടായില്ല.. കനത്ത മഴ... ഇനിയിപ്പോൾ നാളെ പോകാം 'എന്നും മറ്റും പറഞ്ഞു തുടങ്ങി. പതിവായി ഒരു ചിരിമാത്രം തരുന്ന ആൾ ഇതൊക്കെ പറയുന്നതുകേട്ട് ഞാൻ ആസ്വദിച്ച് നിൽക്കുകയായിരുന്നു. 'തനിക്ക് എന്നോട് എന്തെങ്കിലും പറയാനുണ്ടോ?' അപ്രതീക്ഷിതമായ ആ ചോദ്യം ഒരു മിന്നൽപോലെ എന്നിൽ തറച്ചു.ഞാൻ പിടഞ്ഞു.

'ഈ മഴ സാക്ഷി; നിങ്ങളോട് എനിക്ക് പ്രണയമാണ്. പക്ഷേ മനസ്സിന്റെ മന്ത്രണങ്ങൾ പുറത്തറിയിക്കാതെ മഴ തോർന്നു ..... വീണ്ടും പതിവുപോലെ ഒരു ചിരി മാത്രം സമ്മാനിച്ച് ഞാൻ മുന്നോട്ടു നീങ്ങി.

# അവനിലേക്ക്

നീ വന്നപ്പോൾ തുറക്കാത്ത മുഖമാണ് എന്നെ വരവേറ്റത്.
പതിവുപോലെ ചിരിയില്ല.
കൊച്ചു വർത്തമാനങ്ങളില്ല.
മൗനമായിരുന്നു; രണ്ടുപേരിലും! സമയം നീങ്ങി.....
അവർ ഇരുവരും ആ നാല് ചുവരുകളുടെ ബന്ധനങ്ങളിൽ
നിന്നിറങ്ങി
വീതിയാർന്ന വരാന്തകളിലൂടെ നടന്നു നീങ്ങി.
കൂട്ടിന് ഒരുപാട് സൗഹൃദങ്ങൾ തീർത്ത വലയം ചുറ്റിലും
എന്നിട്ടും തങ്ങൾക്കുവേണ്ടി മാത്രം പണിത
സൗഹൃദവലയത്തിനുള്ളിൽ
അവരൊതുങ്ങിനിന്നു.
പരസ്പരം മുറിഞ്ഞു പോകാത്ത വലക്കണ്ണികൾ
അവരെ ചേർത്തുവച്ചാ
അവളുടെ അവശതകളെ അവൻ ചേർത്തുപിടിച്ചു.
ആരിലും ചാരാത്ത അവളുടെ തോളുകൾ അവനിലേക്ക് ചാഞ്ഞു.
അവൾക്കറിയാമായിരുന്നു
അത് സുരക്ഷയുടെ വലയമാണെന്ന്.
സ്നേഹത്തിന്റെ വലയമാണെന്ന്.
കരുതലിന്റെ വലയമാണെന്ന്.



നിത്യ
രണ്ടാം വർഷം, ബി.എ ഇംഗ്ലീഷ്

# മൗനം



നിനക്കായി നെയ്ത ഈ ലോകം
നിന്നെ നോക്കി പുഞ്ചിരിക്കുന്നു.
എന്റെ മോഹങ്ങൾ വർണ്ണശലഭമായി വാനിൽ പാറിപ്പറക്കുന്നത്
നീ അറിയുന്നില്ലേ?

ഞാനെന്ന കടലിൽ ഒഴുകിയും
എന്നാൽ, നീയാകുന്ന കടലിൽ എന്നെ ഒഴുക്കിയും
കാലചക്രത്തിന്റെ അനന്തതയിലേക്ക്
ഞാൻ ഒഴുകിക്കൊണ്ടേയിരിക്കുന്നു.

വാക്കിൽനിന്ന് നോക്കിലേക്കുള്ള ദൂരം
എനിക്ക് എന്നും വിസ്മയം പകർന്നു.
പറയാത്ത വാക്കുകളുടെ
ചിറകടികൾക്കായുള്ള കാത്തിരിപ്പിൽ
മൗനം പടർന്നു.

പക്ഷേ, ഒന്നെനിക്കറിയാം
നീ കവർന്നെടുത്ത സ്നേഹത്തിന്റെ സാക്ഷ്യപ്പെടുത്തലുകളാണ്
എനിക്ക് മുന്നിലെ ഈ മൗനം.
ജാലകങ്ങൾക്കരികെ ഞാൻ ഏകയായി നിന്നിടുമ്പോൾ,
അറിയാതെ മൗനം പടരുന്നു......
എന്നിലേയ്ക്ക് ......

# ലഹരി




**സിദ്ധാർത്ഥ്**
ഒന്നാം വർഷം എം.എ. JMC


# അവസാനം

കുഞ്ഞനിയൻ അവളെ വിളിച്ചു... ചേച്ചീ... കളിക്കാൻ വാ.... പതിയെ കട്ടിലയൽനിന്ന് എഴുന്നേറ്റ് അവൾ ഉമ്മറപ്പടികടന്ന് മുറ്റത്തേ ക്കിറങ്ങി.. കുറച്ചുനേരം കളിച്ചപ്പോഴേയ്ക്കും വല്ലാത്തൊരു അസ്വസ്ഥത അവളിൽ അനുഭവ പ്പെട്ടുതുടങ്ങിയിരുന്നു. ശരിക്കൊന്നു ചുമച്ചപ്പോൾ കയ്യിൽ നിറയെ ചോര. അത് ഇന്നലത്തേക്കാൾ കൂടുതലുണ്ടെന്ന് ഒറ്റനോട്ട ത്തിൽത്തന്നെ അവൾ മനസ്സിലാക്കി. ഞാനിപ്പോൾ വരാമെന്ന് പറഞ്ഞ് ഉള്ളിലേക്ക് നടന്ന അവൾ, ഡോക്ടർ പറഞ്ഞ കാര്യം വീണ്ടും ഓർത്തെടുത്തു.

"അധികനാൾ ബാക്കിയില്ല. നമ്മൾ കരുതിയതിലും മോശമാണ് അവസ്ഥ."

രോഗം തിന്നുതീരാറായ തന്റെ ശരീരത്തെ കണ്ണാടിയിൽനോക്കി അവൾ കൈകൾ കഴുകി. കൊഴിഞ്ഞുപോയ ഇന്നലെകളെക്കുറിച്ചും ഒരിക്കലും വരില്ലെന്നുറപ്പുള്ള നാളെയെക്കുറിച്ചും അവൾ ആലോചിച്ചു. തിരിച്ച് റൂമിൽപോയി കട്ടിലിൽ ഇരുന്നു; താൻ ഒരു വർഷമായി എന്താണോ ചെയ്യുന്നത് അതുതന്നെ. നാലുവർഷംമുമ്പ് ബാംഗ്ലൂരിലേക്ക് പഠിക്കാൻ പോകുന്നതുവരെ അവൾ ഇങ്ങനെയായിരുന്നില്ല. അച്ഛന്റെ മരണത്തിനുശേഷം അമ്മയേയും അനുജനേയും നോക്കേണ്ടത് ഞാനാണെന്ന വ്യക്തമായ ബോധം അവൾക്കുണ്ടായിരുന്നു. ഇന്നീ നാലുചുമരിനുള്ളിൽ ചുമച്ചു തീരുമ്പോൾ പണ്ട് കൂടെ ചിരിച്ചവർ ഒന്നും കൂടെയില്ല. ലഹരിയെന്ന യജമാന്റെ അടിമയായി മാറിയതെന്നാണെന്ന് പോലും അവൾ ഓർക്കുന്നില്ല. എന്നും കൂട്ടുകാരുടെ സിഗററ്റിൽനിന്നും ഒരു പഫ് എടുത്ത് വലിച്ചിരുന്ന അവൾ പിന്നീട് അടിമയായിത്തീർന്നത് എങ്ങനെയാവും എന്നവൾ ഓർത്തെടുക്കാൻ നോക്കി. ഇല്ല... ഒന്നും ഓർമ്മ വരുന്നില്ല... അമ്മയെ സഹായിക്കണം എന്നുണ്ട്. പക്ഷേ, മനസ്സ് സമ്മതിച്ചാലും ശരീരം സമ്മതിക്കില്ല. ഇനിയും ഈ ശരീരത്തിൽ കൂടുതൽ ആയുസ്സില്ലെന്ന് അവൾക്ക് നന്നായിട്ടറിയാം.. മറ്റാരേക്കാളും നന്നായിട്ട്...

"നാളെ ചെക്കപ്പിന് പോണം." അമ്മ അടുക്കളയിൽനിന്നും വിളിച്ചു പറഞ്ഞു.

കേട്ടെങ്കിലും മറുപടികൊടുക്കാൻ അവൾക്ക് തോന്നിയില്ല. ഒരിക്കലും തിരിച്ചുകിട്ടില്ല എന്നുറപ്പുള്ള എന്റെ ശരീരത്തിനുവേണ്ടി അമ്മ ഇപ്പോഴും പണവും സമയവും മുടക്കാൻ തയ്യാറാണത്രേ. പണ്ടത്തെപ്പോലെ എന്നോടാരും ഇപ്പോൾ സംസാരിക്കാറില്ല. അമ്മ പോലും. സംസാരിക്കുന്നവരുടെയെല്ലാം ഭാഷയിലും ഭാവത്തിലും സഹതാപം കലർന്നിരിക്കും. മരണത്തിലേക്ക് നടന്നുനീങ്ങും മുൻപുതന്നെ, അവരെന്റെ മനസ്സിനെ കൊന്നിരിക്കുന്നു. ശരീരത്തെ ഞാനും. പതിയെ എഴുന്നേറ്റ് കട്ടിലിനടിയിൽനിന്ന് ഒളിപ്പിച്ചുവച്ച സിഗരറ്റ് പാക്കറ്റിലെ അവസാന സിഗരറ്റ് എടുത്ത് അവൾ കത്തിച്ചു. നീട്ടി വലിച്ചു.. വീണ്ടും ... വീണ്ടും .... വീണ്ടും..... അവളുടെ "അവസാനത്തെ പഫ്" നീട്ടി വലിക്കുമ്പോൾ മൂക്കിൽനിന്നും വായയിൽനിന്നും രക്തം വരുന്നുണ്ടായിരുന്നു. തന്റെ ജീവൻ മെല്ലെ അവസാനിക്കുകയാണെന്ന് അവൾ മനസിലാക്കി. സിഗരറ്റ് താഴെയിട്ട് ചുമയ്ക്കാൻ തുടങ്ങി. ചുമച്ചുചുമച്ച് അവളും കത്താൻ തുടങ്ങി. ഒരു സിഗരറ്റ് പോലെയവൾ കത്തിത്തീരാൻ തുടങ്ങി. അവസാന പഫിന്റെ സുഖം അവളിൽ എത്തുന്നതിനുമുൻപുതന്നെ എല്ലാം അവസാനിച്ചു കഴിഞ്ഞിരുന്നു.



# മാധ്യമലോകം



## കെ.കെ.ഷാഹിന യുമായി ഒന്നാം വർഷ എം. സി.ജെ. വിദ്യാർത്ഥി അഷിത കെ. നടത്തിയ അഭിമുഖം.



ഭരണകൂടത്തിന്റെയും പൊതു ജനത്തിന്റെയും നടുവിലാണ് മാധ്യമങ്ങളുടെ സ്ഥാനം. ഭരണകൂടത്തിന്റെ തിരുത്തൽ ശക്തിയായും സമൂഹത്തിന്റെ പ്രതിഫലനമായും മാധ്യമങ്ങൾ പ്രവർത്തിക്കണം. എന്നാൽ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്ത് ഇന്ന് മാധ്യമസ്വാതന്ത്ര്യം നാൾക്കുനാൾ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ലോക പ്രസ് ഫ്രീഡം ഇൻഡക്സിൽ ഓരോ തവണയും താഴേക്ക് താഴേക്ക് പോയി കൊണ്ടിരിക്കുന്നു.

മാധ്യമപ്രവർത്തനത്തിന് മുകളിൽ ഭയത്തിന്റെ കാണാമറ കെട്ടിയിരിക്കുകയാണ്. അതേസമയംതന്നെ സത്യത്തിനൊപ്പം സഞ്ചരിക്കണമെന്ന് വിഭാവനം ചെയ്യുന്ന മാധ്യമങ്ങളിൽ പലതും മൂലധനതാൽപ്പര്യങ്ങൾക്ക് പ്രാധാന്യംനൽകി പ്രവർത്തിക്കുന്നുവെന്ന വിമർശനങ്ങളും ഉയരുന്നുണ്ട്.

മാധ്യമലോകത്തെക്കുറിച്ചും മാധ്യമപ്രവർത്തനത്തിന്റെ ഭാവിയെ സംബന്ധിച്ചും മാധ്യമപ്രവർത്തകയും കമ്മിറ്റി റ്റു പ്രൊട്ടക്റ്റ് ജേർണലിസ്റ്റ്സിന്റെ അന്തരാഷ്ട്ര പ്രസ് ഫ്രീഡം പുരസ്കാര ജേതാവുമായ ഷാഹിന കെ.കെ. സംസാരിക്കുന്നു. ബെംഗളൂരു സ്ഫോടന കേസിൽ പോലീസ് സമർപ്പിച്ച ചാർജ് ഷീറ്റിൽ ഉൾപ്പെടു ത്തിയിട്ടുള്ള ചില സാക്ഷികൾ വ്യാജ സാക്ഷികളാണ് എന്ന് തെളിവ് സഹിതം പുറത്തു കൊണ്ടുവന്നതിന്റെപേരിൽ കർണാടക പോലീസിന്റെ യുഎപിഎ കേസ് നേരിടുന്ന വ്യക്തികൂടിയാണ് ഷാഹിന.

അന്തരാഷ്ട്ര പ്രസ് ഫ്രീഡം പുരസ്കാരം ലഭിക്കുന്ന ആദ്യ മലയാളികൂടിയായ കെ.കെ. ഷാഹിനയുമായി മലബാർ ക്രിസ്ത്യൻ കോളെജിലെ ഒന്നാം വർഷ എം. സി.ജെ. വിദ്യാർത്ഥിയായ അഷിത കെ. നടത്തിയ അഭിമുഖം.

ചോദ്യം: ജനാധിപത്യത്തിന്റെ നാലാം തൂൺ എന്ന് വിശേഷിപ്പിക്കുന്ന മാധ്യമങ്ങൾക്ക് ഇന്നത്തെ സാമൂഹിക, രാഷ്ട്രീയ അവസ്ഥകളയൽജനാധിപത്യത്തിന്റെ മൂല്യം സംരക്ഷിക്കാൻ സാധിക്കുന്നുണ്ടോ?

മീഡിയ എന്നത് സാമൂഹ്യസേവനം മാത്രമാണ് എന്ന കാഴ്ചപ്പാടാണ് പൊതുവിൽ ഉള്ളത്. അത് ശരിയല്ല. സോഷ്യൽ സർവീസിന്റെ ഒരു ഘടകം മാധ്യമപ്രവർത്തനത്തിൽ ഉണ്ട് എന്നെഉള്ളു. മീഡിയ എന്നത് അടിസ്ഥാനപരമായി ഒരു വ്യവസായമാണ്. നിലവിലെ ടെലിവിഷൻ ചാനലുകൾ തന്നെ 'ഷോപ്സ് ആൻഡ് കൊമേഴ്‌സ്യൽ എക്സ്റ്റാബ്ലിഷ്മെന്റ് ആക്ട് നിയമം' അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. എല്ലാ മാധ്യമങ്ങളും സ്വകാര്യ വ്യവസായം തന്നെയാണ് . അത് എല്ലാകാലത്തും അങ്ങനെ തന്നെയായിരുന്നു. വ്യവസായം എല്ലായ്പോഴും ലാഭത്തിന് വേണ്ടിയാണ് പ്രവർത്തിക്കുന്നത്. അടിസ്ഥാനപരമായി മാധ്യമങ്ങളുടെ പ്രൊഡക്ട് വാർത്തകളാണ്. അഥവാ വാർത്തകൾ നിക്ഷ്പക്ഷമായും സത്യസന്ധമായും ജനങ്ങളെ അറിയിക്കുക എന്ന പ്രോസസാണ് മാധ്യമങ്ങളുടെ പ്രൊഡക്ട് എന്നുപറയാം. അതുകൊണ്ടുതന്നെ അതിൽ സോഷ്യൽ കമ്മിറ്റ്മെന്റ് തീർച്ചയായും വേണം. അത് തീർത്തും സ്വാഭാവി കമാണ്. എന്നാൽ കഴിഞ്ഞ കുറച്ചുകാലങ്ങളായിൽ ഇന്ത്യയിലെ മാധ്യമരംഗത്ത് വലിയ രീതിയിൽ ഘടനാപരമായ മാറ്റം വന്നുകൊണ്ടിരിക്കുന്നു .വമ്പിച്ച തോതിലുള്ള കോർപ്പറേറ്റ് വൽക്കരണം നടന്നിട്ടുണ്ട്. ഇത് ഉള്ളടക്കത്തെയും വലിയ തോതിൽ സ്വാധീനിക്കുന്നു . മാധ്യമങ്ങളെ പണം കൊടുത്തുവാങ്ങുന്ന ഒരു രീതി വന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ മാധ്യമങ്ങൾ പുലർത്തിപോന്നിരുന്ന നൈതികതയും രീതിശാസ്ത്രവും അടിസ്ഥാനമൂല്യങ്ങളും തന്നെ ഇല്ലാതാവുന്ന സാഹചര്യം രാജ്യത്ത് ഉണ്ടായിട്ടുണ്ട്. ഇന്ത്യയിൽ ഭരണകൂടത്തോട് കൈകോർത്ത് നിൽക്കുന്ന വമ്പൻ കോർപ്പറേറ്റുകളാണ് പലമാധ്യമസ്ഥാപനങ്ങളും നടത്തുന്നതെന്ന് നമുക്ക് കാണാം. ഇന്ത്യയിലെ മാധ്യമങ്ങൾക്കുവന്ന ഒരു അപചയമാണിത്. ആ ഒരു സാഹചര്യത്തൽകൂടി വേണം ഇതുവിലയിരുത്താൻ.



ചോദ്യം:മാധ്യമങ്ങളിൽ കോർപ്പറേറ്റ്വൽക്കരണം നടക്കുന്നതിനിൽ 'റിപ്പോർട്ടിങ് ദ ട്രൂത്ത്' എന്ന ആശയം ഇല്ലാതാവുന്നുണ്ടോ ? അതിനെ എങ്ങനെ നോക്കിക്കാണുന്നു ?

എല്ലാകാലത്തും മാധ്യമങ്ങൾ വ്യവസായം തന്നെയായിരുന്നു, സ്വകാര്യമേഖലയിൽ തന്നെയാണ് മാധ്യമങ്ങൾ പ്രവർത്തിച്ചിരുന്നത്. കോർപ്പറേറ്റുകൾ ആയിരുന്നില്ല എന്നുമാത്രമായിരുന്നു വ്യത്യാസം. വ്യവസായങ്ങളായി സ്വകാര്യമേഖലയിൽ പ്രവർത്തിക്കുമ്പോളും മാധ്യമങ്ങൾക്ക് വലിയ പരിധിവരെ ട്രൂത്ത് ഫുള്ളായിട്ട് ന്യൂസ് കൊടുക്കാൻ കഴിഞ്ഞിരുന്നു. ഇപ്പോളും നമ്മൾ മുഖ്യധാരാമാധ്യമങ്ങൾ എന്നുവിളിക്കുന്ന മാധ്യമങ്ങൾ വലതുപക്ഷവൽക്കരണത്തിന്റെയും കോർപ്പറേറ്റുവല്ലക്കരണത്തിന്റെയുമൊക്കെ ഭാഗമായിട്ടുണ്ടെങ്കിലും അതേ സ്ഥാനത്ത് സ്വതന്ത്ര മാധ്യമങ്ങൾ ഉണ്ടായി വരുന്നുണ്ട്.

ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ ട്രൂത്ത് ഫുൾ ആയ മാധ്യമങ്ങൾ ഇന്ത്യയിൽ നിലനിന്നിട്ടുണ്ട്. അത്തരം മാധ്യമങ്ങളുടെ നിലനിൽപ്പ് ഭയങ്കര ചലഞ്ചിങ് ആണ്. സാമ്പത്തികമായി മാത്രമല്ല അത്. ഭരണകൂടത്തിന്റെ നേതൃത്വത്തിൽ മാധ്യമങ്ങളെയും മാധ്യമപ്രവർത്തകരെയും ടാർഗറ്റ് ചെയ്യുന്ന ഒരു പ്രവണത ഉണ്ടാവുന്നുണ്ട്. ഇത്തരം നീക്കങ്ങളെ അതിജീവിച്ച് ഇന്ത്യയിൽ അതിഗംഭീരമായിട്ടുള്ള മാധ്യമപ്രവർത്തനവും നടക്കുന്നുണ്ട്. അല്ലാതെ ശരിയായ മാധ്യമപ്രവർത്തനം ഒന്നും നടക്കുന്നില്ലെന്ന് കരുതിക്കൂടാ.

ചോദ്യം: അന്വേഷണാത്മക മാധ്യമ പ്രവർത്തനത്തിൽ ഏർപ്പെടുന്ന മാധ്യമ പ്രവർത്തകരുടെ സുരക്ഷയെക്കുറിച്ച് ആശങ്കയുണ്ടോ?

മാധ്യമ പ്രവർത്തകരുടെ സുരക്ഷയെപ്പറ്റിയുള്ള ഒരു ചർച്ചകളും സമൂഹത്തിൽ നടക്കുന്നില്ല. അതിന് ഒരു പ്രോട്ടോകോളും നിലനിൽക്കുന്നില്ല. പണ്ടു മുതൽതന്നെ ഇങ്ങനെ തന്നെയാണ് അവസ്ഥ. ഒരു മാധ്യമപ്രവർത്തകൻ / മാധ്യമപ്രവർത്തക ഒരു സംഘർഷസ്ഥലത്തേക്ക് പോകുമ്പോളായാലും അല്ലെങ്കിൽ ഹെൽത്ത് ഹസാഡ് റിപ്പോർട്ട് ചെയ്യാൻ പോകുമ്പോൾ ആയാലും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നില്ല.

മാധ്യമപ്രവർത്തനത്തെക്കുറിച്ചും മാധ്യമപ്രവർത്തകരെക്കുറിച്ചും ഉണ്ടായിവന്നിട്ടുള്ള ഒരു കോൺസെപ്റ്റ് തന്നെ നിങ്ങൾ എന്ത് റിസ്ക് എടുത്തും ജോലിചെയ്യേണ്ടവരാണ് എന്നതാണ്. മാധ്യമപ്രവർത്തകർ എടുക്കുന്ന റിസ്കിനെ റൊമാന്റിസൈസ് ചെയ്യുന്ന തരത്തിലാണ് സാഹിത്യവും സിനിമയും പ്രവർത്തിക്കുന്നത്. തീർത്തും തെറ്റാണ് അത്. മറ്റെല്ലാതൊഴിലാളികൾക്കും എന്നപോലെ മാധ്യമരംഗത്ത് തൊഴിൽ എടുക്കുന്നവർക്കും തൊഴിൽ എടുക്കുമ്പോൾ ഉണ്ടാവുന്ന അപകടങ്ങളിൽനിന്നുള്ള സംരക്ഷണം ഉണ്ടാവേണ്ടതുണ്ട്.
ഒരു സംഘർഷസ്ഥലത്തേക്ക് പോകുമ്പോൾ എന്തുചെയ്യണം എന്ത് ചെയ്യരുത് എന്ന പ്രോട്ടോകോൾ ഉണ്ടാവുക, ഹെൽത്ത് ഹസാഡ് റിപ്പോർട്ട് ചെയ്യാൻ ഇറങ്ങുമ്പോൾ ആവശ്യമായ സുരക്ഷ ഉറപ്പാക്കുക, ഹെൽത്ത് പ്രോട്ടോകോൾ പാലിക്കുക തുടങ്ങിയ പ്രാക്ടീസുകൾ ഇന്ത്യയിൽ ഇല്ല.

മാധ്യമങ്ങൾക്കും മാധ്യമപ്രവർത്തകർക്കുമെതിരെ ആർക്കുവേണമെങ്കിലും എപ്പോൾ വേണമെങ്കിലും ഒരു ക്രിമിനൽ കേസ് കൊണ്ടുവരാൻ കഴിയും എന്നൊരു അവസ്ഥ ഇന്ത്യയിലുണ്ട്. കേരളത്തിൽ അതു കുറവാണെങ്കിലും മറ്റുസംസ്ഥാനങ്ങളിൽ വ്യാപകമായി കേസ് എടുക്കുന്ന പ്രവണതയുണ്ട്. യുപിയിലൊക്കെ എഫ്.ഐ.ആർ. രാജാണ് എന്നുതന്നെ പറയാം. ഒരു റുട്ടീൻ വാർത്ത റിപ്പോർട്ട് ചെയ്യുമ്പോൾപോലും പോലീസുകാർക്കോ സർക്കാരിനോ അത് ഇഷ്ടപ്പെട്ടില്ലെങ്കിൽ എഫ് .ഐ.ആർ. ഇടുകയോ നോട്ടീസ് അയച്ചുവിളിപ്പിക്കുകയോ ചെയ്യുന്ന ഒരു സാഹചര്യമാണ് മറ്റുപല സംസ്ഥാനങ്ങളിലും ഉള്ളത്.. ഇക്കാര്യത്തിൽ മാധ്യമസ്ഥാപനങ്ങൾ ഒറ്റക്കെട്ടായി പ്രതിരോധിക്കുകയാണ് വേണ്ടത്. എന്നാൽ മാധ്യമസ്ഥാപനങ്ങൾ റിസ്ക് ഉള്ള കാര്യങ്ങൾ ചെയ്യാതിരിക്കുക എന്നരീതിയാണ് അവലംബിക്കുന്നത്. ഇതല്ല അതിനുള്ള പരിഹാരം.
ചോദ്യം: മാധ്യമപ്രവർത്തക നേഹ ദീക്ഷിതിന്റെ ഇൻവെസ്റ്റിഗേറ്റീവ് റിപ്പോർട്ടിനെ തുടർന്ന് അവർക്ക് ഒരുപാട് ഭീഷണികൾ നേരിടേണ്ടി വന്നതിനെക്കുറിച്ച് വായിച്ചിട്ടുണ്ട്. മാധ്യമ മേഖലയിൽ വനിതാ മാധ്യമപ്രവർത്തകർ കൂടുതൽ വെല്ലുവിളി നേരിടുന്നതായി തോന്നിയിട്ടുണ്ടോ?



വനിതാ മാധ്യമപ്രവർത്തകർ പലപ്പോഴായി നേരിടേണ്ടി വരുന്ന ഏറ്റവും വലിയ വെല്ലുവിളി സ്ലട്ട് ഷെയിമിങ് ആണ്. നേഹ നേരിട്ട ബുദ്ധിമുട്ടുകൾ എന്തൊക്കെയായിരുന്നുവെന്ന് നന്നായി അറിയാവുന്ന ഒരാളാണ് ഞാൻ. നേഹയുടെ സ്ഥാനത്ത് ഒരു പുരുഷ മാധ്യമപ്രവർത്തകനാണെങ്കിൽ നേരിടാവുന്ന ഭീഷണികളുണ്ട്. കേസുകൾ വരാം ഭരണകൂടവേട്ടയാടലുണ്ടാകാം, അതേസമയം ഒരു വനിത മാധ്യമപ്രവർത്തകയാണെങ്കിൽ റേപ്പ് ഭീഷണിയും സൈബർ ആക്രമണവും കൂടി നേരിടേണ്ടിവരും. ഒരു വനിതാ മാധ്യമപ്രവർത്തകചെയ്ത വാർത്ത ഇഷ്ടപ്പെടാത്തവർ ആദ്യം ചെയ്യുന്ന കാര്യം സ്ലട്ട് ഷെയിമിങ്ങാണ്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഇത് വലിയ പ്രശ്നമാണ്. ഇത്തരം പ്രശ്നങ്ങളെ നേരിടാൻ മാധ്യമ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും കൂട്ടായ ഒരുപരിശ്രമവും നടക്കുന്നില്ല. ഇത്തരത്തിൽ വനിതാ മാധ്യമപ്രവർത്തകർ നേരിടുന്ന പ്രശ്നങ്ങൾ മനസിലാക്കാനും ചർച്ചചെയ്യാനും മാധ്യമസ്ഥാപനങ്ങളും പൊതുസമൂഹവും തയ്യാറാവേണ്ടതുണ്ട്.

ചോദ്യം: മലയാള സിനിമാമേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കാൻ ഹേമ കമ്മിറ്റിയെ നിയമിച്ചത് നമുക്കറിയാം. മാധ്യമമേഖലയിലും ഇത്തരം കമ്മിറ്റികൾ ആവശ്യമല്ലേ?

മാധ്യമ മേഖലയിൽ മാത്രമല്ല എല്ലാ തൊഴിൽമേഖലകളിലും ഹേമ കമ്മിറ്റിയെ പോലുള്ളവ ആവശ്യമാണ്. യഥാർത്ഥത്തിൽ കമ്മിറ്റികളർ കമ്മീഷനുകളാണ് വേണ്ടത്. സിനിമ പോലെത്തന്നെ മാധ്യമമേഖലയിലും ചൂഷണവും വിവേചനവും നിലനിൽക്കുന്നുണ്ട്. അതൊന്നുംതന്നെ പുറത്തു വരുന്നില്ല . ഒരു സ്ഥാപനത്തിൽനിന്ന് ലൈംഗികാ തിക്രമം നേരിട്ട സ്ത്രീ അല്ലെങ്കിൽ ഒരു പെൺകുട്ടി പലപ്പോഴും അത് തുറന്നുപറയാൻ പേടിക്കാറുണ്ട്. കാരണം, അത് തുറന്നു പറഞ്ഞാൽ ആ സ്ഥാപനത്തിൽനിന്ന് പുറത്തുപോകേണ്ടിവരും. അങ്ങനെ പുറത്തു പോകേണ്ടി വരുന്ന ഒരാൾക്ക് മറ്റൊരു സ്ഥലത്ത് ജോലി കിട്ടാൻ പ്രയാസവും ആണ് . പ്രശ്നം ഉന്നയിക്കുന്നവരെ പ്രശ്നക്കാരായി കാണുന്നതാണ് നമ്മുടെ രീതി. സ്ത്രീകൾ നേരിടുന്ന ഏറ്റവുംവലിയ പ്രതിസന്ധിയാണിത്. ഈ തൊഴിൽമേഖലയിൽ താരതമ്യേന ഞാനൊരു മുതിർന്ന ആളായതുകൊണ്ട് പുതിയ പലപെൺകുട്ടികളും വ്യക്തിപരമായി തുറന്നു പറഞ്ഞ കാര്യങ്ങളുണ്ട്. പരസ്യമായി അത് തുറന്നുപറയാനുള്ള സാഹചര്യം അവർക്കില്ല. ഈ മേഖലയിൽ ലൈംഗികചൂഷണം അടക്കമുള്ള പലകാര്യങ്ങൾ സംഭവിക്കുന്നുണ്ട്. ഇത് അന്വേഷിക്കാൻ ഫലപ്രദമായ ഒരു കമ്മിഷൻ ആവശ്യമാണ്. മാത്രവുമല്ല നിയമപ്രകാരം മാധ്യമസ്ഥാപനങ്ങളിൽ ഉണ്ടാകേണ്ട ഇൻന്റേണൽ കമ്മിറ്റികൾ ഉണ്ടോയെന്നും ഉണ്ടെങ്കിൽതന്നെ അവ എത്രമാത്രം പ്രവർത്തന ക്ഷമമാണെന്നും സമഗ്രമായി അന്വേഷിക്കേണ്ടിയിരിക്കുന്നു.







നീ നിന്റെ പെൺകുട്ടിയെ വളർത്തുന്നു
നീ നിന്റെ പെൺകുട്ടിയെ സ്കൂളിലയക്കുന്നു
നീ നിന്റെ പെൺകുട്ടിയെ പണം കൊടുത്ത് വിൽക്കുന്നു
നീ നിന്റെ പെൺകുട്ടിയുടെ ശവമടക്കുന്നു

നീ ഒരു പിതാവല്ല
നീ ഒരു കൊലപാതകി
നീ ഒരു പിതാവല്ല
നീ ആക്രിക്കച്ചവടക്കാരനേക്കാളും താഴ്ന്നവൻ
നീ ഒരു പിതാവല്ല
വെറും ഒരു ശവമടക്കുകാരൻ

പെണ്ണേ ...
നീയാണ് ഇര
ഈ ലോകത്തിന്റെ ഇര
നീ ഒരു മൂർഖനാവുക
ആക്രമിക്കുന്നവരെ
തിരിച്ചു കൊത്തുക

**മുഹമ്മദ് അൻഫാസ് സി.പി.**
രണ്ടാം വർഷം, ബി.എ മലയാളം



# Moon's Rise



Once there was a girl
Weak, scared, hesitant
Now she is a woman
Strong, fearless, brave
Still it's a woman,
I am a woman after all
A 'No' is not a 'No'
Enough is not enough
Everybody loves me,
Until I do better than them
They said to belie...



Niya Mareyam
1st BA History

# തിരിച്ചറിവുകൾ

ഒരുപക്ഷെ ആ തെറ്റ് കൂടെനിന്ന പലരെയും അത്രമേൽ വേദനിപ്പിച്ചേക്കാം...... തളർത്തിയേക്കാം ....... ഏതൊരാളുടെ തെറ്റുകളും ശരിയായി മാറുന്ന ചില നിമിഷങ്ങളുണ്ട്. ആ നിമിഷത്തിന്റെ തോന്നലുകളും ചെയ്ത പ്രവൃത്തികളും ഞാൻ എന്ന പെണ്ണിന്റെ ബലഹിനതയാണെന്ന് പിന്നീട് പ്രിയപ്പെട്ടവർ മനസിലാക്കി യിരിക്കുന്നു.

എന്റെ ഹൃദയത്തിന്റെ തീച്ചൂളയിൽതട്ടി പ്രിയപെട്ടവർക്ക് പൊള്ളരുതെന്ന് എനിക്ക് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടാണ് പലതിനെയും എന്നിൽനിന്ന് ആ കഠിനമായ വേദനയിലും അടർത്തി മാറ്റിയത്.. ഹൃദയത്തിൽ വേരുറച്ച പലതും അടർത്തി മാറ്റുമ്പോൾ അറിഞ്ഞില്ല; ഒപ്പം ഹൃദയവും അടർന്നെന്ന്. കലങ്ങി മറിഞ്ഞ ആത്മാവും കടിഞ്ഞാൺ ഇല്ലാത്ത ചിന്തകളും എന്നിൽ പുതിയൊരു വ്യക്തിയെ ജനിപ്പിച്ചു. അത് ഞാൻ ആയിരുന്നോ? ഉത്തരം അറിയുന്ന ചോദ്യത്തിനു പോലും തെറ്റായ ഉത്തരം നൽകേണ്ടിവന്ന ചോദ്യം! അഴിച്ചു വെക്കാൻ സാധിക്കാത്തവിധം എന്നിൽ അള്ളിപ്പിടിച്ച ആ വേഷം ഞാനൊഴികേ എല്ലാവർക്കും ഇഷ്ടമായി. എല്ലാവരെയും പരിഗണിക്കുന്നതോടൊപ്പം അവനവനെ പരിഗണിക്കാൻ മറന്നതല്ല. മറക്കാൻ എന്നെ പ്രിയപ്പെട്ടവർ പഠിപ്പിച്ചിരുന്നു. ശുഭാപ് തിവിശ്വാസം ഏറിയതുകൊണ്ടാവാം അന്ന് പ്രതീക്ഷയുടെ കണിക എന്നിൽ പ്രതിഫലിച്ചത്.

എല്ലാം ശരിയാവും എന്നൊന്നില്ല. പക്ഷെ എല്ലാം ശീലമാവും...

എന്നിലെ ഓരോ പുഞ്ചിരിയും ആഴമേറിയ വേദനകളാണ്.. ഒരിക്കലും ശരിയാവാത്ത ശീലമായ വേദനകൾ.. എന്നിലെ ഓരോ മൗനവും പ്രിയപ്പെട്ടവർക്ക് നോവരുതെന്ന് കരുതി ചുരുട്ടിക്കൂട്ടിയ വാക്കുകളുടെ കൂമ്പാരമാണ്. മൗനം ശൂന്യതയല്ല; മറിച്ച്, തോറ്റവന്റെ അതിജീവനമാണ്.. അഴമേറിയ മൗനങ്ങളിൽ നിന്നുമറിയാം ഒരായിരം വേദനകളുടെ കഥ..

നാളുകൾക്കിപ്പുറം എന്നെ സ്നേഹിച്ചുകൊണ്ട് എന്നോടൊപ്പം തിരക്കിലാണ് ഞാൻ.

എന്നെ ഏറ്റവും നന്നായി സ്നേഹിക്കാൻ എന്നെക്കാൾ മറ്റൊരാൾക്ക്കഴിയില്ല എന്ന് പഠിപ്പിച്ച സാഹചര്യങ്ങളേ

നന്ദിയുണ്ട്!



ലുബ്ന ഫാത്തിമ
ഒന്നാം വർഷം, ബി.എ. ഹിസ്റ്ററി

അലീന ഒ.ടി .
ഒന്നാം വർഷം, ബി.എ. ഹിസ്റ്ററി





# പെണ്ണിവൾ

പൂമ്പാറ്റകളായാണ് വളർത്തിയത്
തൊട്ടാൽ കുത്തുന്ന
കടന്നലുകളായ് വളർത്തേണ്ട പെൺകുട്ടികളെ..

ഇരുകാലുകളിലും സമൂഹം ചങ്ങലകൾ മുറുക്കി....
കടപ്പാടിന്റെ കെട്ടുപാടുകളും
കടമകളുടെ  കൂരമ്പുകളും
അവളിൽ  മുറിവുകളുണ്ടാക്കി

ആഗ്രഹങ്ങളെ സ്വയം ഇരുമ്പറയിലാക്കിയ  ചിലരുണ്ട്....
കരഞ്ഞു കലങ്ങിയ കണ്ണീരിനാലും
അധ്വാനത്തിൻ വിയർപ്പിനാലും
സ്വപ്നങ്ങളെല്ലാം മാഞ്ഞുപോയവർ....
ചിലരവരെ പേരുകൂട്ടിയും
മറ്റുചിലർ അമ്മേയെന്നും
പിന്നെയുള്ളവർ ഏട്ടത്തി,
അമ്മായി എന്നെല്ലാം വിളിക്കുന്നു..
ദൂരെനിന്ന് കാണുന്നവർ പറയും
അവർ വെറും വീട്ടമ്മയാണെന്ന്
ഇനിയും കാലം കഴിയവേ....
അർധരാത്രിയിൽ സ്വാതന്ത്ര്യം കിട്ടിയ മണ്ണിലവൾ
പാരതന്ത്ര്യത്തിന്റെ കെട്ടുകൾ പൊട്ടിച്ച്
പുറത്തു വരേണ്ട സമയമടുക്കുന്നു...



# അവനും അവനു തുല്യയായ അവളും

ചോരത്തുള്ളികൾ അന്ധകാരം സൃഷ്ടിച്ച പെൺ കാൽപ്പാദങ്ങൾ അല്ലയിത്. ചെറുത്തുനിന്ന് പാലൂട്ടിയ മാതൃഭൂമി വരണ്ടു പോയതുമല്ല. മാനത്തിനുവേണ്ടി കണ്ണുനീർമുറിവേറ്റ ഓർമ്മകളുടെ തിരസ്കാരവുമല്ല. മണ്ണോളം സഹിച്ചവൾ പെണ്ണ് എന്ന ഇന്നലെയും തിരുത്തുന്നില്ല. പോയ ഇന്നലെകൾ പെണ്ണിന് കയ്പ്പേറിയതായിരുന്നു. മാനവും വയറും പൊത്തി കരഞ്ഞിട്ടുണ്ടാവാം. അടുക്കളയിൽ അടക്കം തെറ്റാതെ ഒതുങ്ങിയിട്ടുണ്ടാവാം. അവൾ ചുവന്ന് പൂക്കുന്നുവെന്ന കാല്പനികപ്രയോഗത്തിനും ആ ദിവസങ്ങളിലെ ഒറ്റപ്പെടലിൽ നിന്നുമവളെ രക്ഷപ്പെടുത്താനാവയല്ലായിരിക്കാം. പരിഭവവും പരാതിയും ഇല്ലാതെ ജീവിതം ജീവിച്ചുതീർത്തിട്ടുണ്ടാകും. അതെ, അവൾ പെണ്ണാണ്.

പക്ഷെ ഞാൻ പറയാൻ ശ്രമിക്കുന്നത് സ്ത്രീ എന്ന പരിഗണനയെക്കുറിച്ചാണ്.... തുല്യതക്ക് വേണ്ടി വാദിച്ചവരോട് ഒന്ന് ചോദിക്കട്ടെ... ഈ തുല്യതപോലും തുല്യമാണോ? തുല്യത തുല്യമാക്കേണ്ടകാലം കഴിഞ്ഞിരിക്കുന്നു. സ്ത്രീകൾ അവരുടെ വലയത്തിൽനിന്ന് പുറത്ത് വന്ന് പുരുഷനെപ്പോൽ സ്വാതന്ത്ര്യം നേടണം. അതുകൊണ്ടുതന്നെ ഈ വർഷത്തെ വനിതാദിനത്തിന്റെ സന്ദേശമായ'Invest in Women: Accelerate Progress" എന്നത് നമ്മുടെ മനസ്സിൽ ഉറയ്ക്കട്ടെ.

തുല്യതയുടെ മഹത്വംപറയാതെ സാമ്പത്തികമായി മുന്നേറിക്കൊണ്ടിരിക്കുന്ന രാജ്യത്തിൽ സ്ത്രീ /പുരുഷൻ എന്നീ വർഗവ്യതിരിക്തതയെ അടയാളപ്പെടുത്താതെ "പൗരൻ' മാത്രം നേട്ടമുണ്ടാക്കുന്ന കാലമാണിത്. പൗരൻ എന്തെ പൗരി ആവാത്തത് എന്ന് ആകുലതപ്പെടുന്ന സ്ത്രീത്വവാദികൾ മാത്രം. 'ചിലർ തുല്യതയെ, പുരുഷന് തുല്യമാവുക മാത്രം അല്ലാതെ പുരുഷനുമേൽ അധിപത്യം സ്ഥാപിക്കലല്ല എന്നു ചിന്തിക്കുന്നു മറ്റു ചിലർ മറിച്ചും.

ആർത്തവത്തിന്റെയും പ്രസവത്തിന്റെയും മുലയൂട്ടലിന്റെയും പേരിൽ അവൾ ചുവന്നുപൂക്കുന്നുവെന്നും പ്രപഞ്ചത്തിന് ഒരു കുഞ്ഞിവസന്തം നൽകുന്നുവെന്നും പറഞ്ഞുകേട്ടിട്ടുണ്ട് .പക്ഷെ അവൾ ചെയുന്നത് ഭൂമിയിലെ എല്ലാ ജീവജാലങ്ങളും ചെയ്യുന്ന ഒന്നല്ലേ. തലമുറ തുടരാനായി എല്ലാ ജീവജാലങ്ങളും ചെയുന്ന ഒരു ധർമ്മം. എന്തിനാണ് അതിനെ പർവ്വതീകരിക്കുന്നത്? ഒരുതരത്തിൽ അത് പെണ്ണിന്റെ മേലുള്ള ആണിന്റെ വിജയമല്ലേ? വംശം നശിക്കാതിരിക്കേണ്ടത് അവളുടെ കൈകളിൽക്കൂടി മാത്രമാണ് എന്നുള്ള മിഥ്യയല്ലേ അവിടെ പ്രതിഫലിക്കുന്നത്?

**അനാമിക കെ.**
രണ്ടാം വർഷം,
ബി.എ എക്ണോമിക്സ്



അടിവയറ്റിൽ ആരോ നൽകിയ ബീജമെന്ന വാക്കുകളാൽ സ്ത്രീയെ ദുർബലപെടുത്തുന്ന ഇന്നലെകളല്ല ഇത്. കരുത്തുറ്റ സ്ത്രീയുടെ ഇന്നാണ്. അമ്മയാകുന്നതും അച്ഛനാകുന്നതും മാനുഷിക ധർമ്മമാണ്. അല്ലാതെ അമ്മയാവുന്നത് മാത്രമാണ് കോടി പുണ്യമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഇന്നലെകളിലെ സ്ത്രീകൾ ഏറ്റവുമധികം സമയം ചിലവഴിക്കുന്നത് വീട്ടിലാണ്. അച്ഛനെക്കാൾ അമ്മയുടെ സാമിപ്യം ഉണ്ടാവുമ്പോൾ കുഞ്ഞി മനസ്സും തേങ്ങിക്കരയും അമ്മേയെന്ന്. അവിടെ അച്ഛൻ മോശക്കാരനായതുകൊണ്ടല്ല. സമൂഹം ഏൽപ്പിച്ച ചിന്ത മനുഷ്യനിൽ അങ്ങനെ ആയതിനാൽ മാത്രം. വീട്ടുജോലിയും കുഞ്ഞിന്റെ പരിപാലനവും സ്ത്രീയുടെ കർമ്മമെന്ന് പുരുഷകേസരികൾ ഉറപ്പിച്ചതിനാൽ മാത്രം.

ജീവൻപോവും കണക്കുള്ള പ്രസവവേദനയും ചോരത്തുള്ളികൾ ഊർന്ന് വീഴുന്ന ആർത്തവനോവും ചെറുതല്ല... പക്ഷെ അതിനെ ഇന്നത്തെക്കാലം ഒരുപാട് പർവ്വതീക്കരിക്കുന്നതായിത്തോന്നുന്നു. അതോടൊപ്പം പുരുഷന്റെ മനസ്സിനെ അറിയാതെ പോകുന്നുണ്ടോ എന്നും തോന്നുന്നു. ആണ് കരയുന്നത് മോശം എന്ന് പറയുമ്പോൾ ആ ശരീരത്തിലും സ്ത്രീയെപ്പോലെ ഒരു മനസ്സുണ്ടെന്ന് മറക്കുന്നത് ഉചിതമെന്നുതോന്നുന്നില്ല. പെണ്ണിന് അടക്കവും ഒതുക്കവും വേണമെന്ന് വാശിപിടിക്കുന്ന ചിലരുണ്ട്. ഇക്കാലത്തും അവരിൽ സ്ത്രീകൾ ഉണ്ടെന്നത് ഒരു വൈരുദ്ധ്യംതന്നെ. പരസ്പരം ബഹുമാനിക്കാൻ സ്ത്രീ/ പുരുഷൻ എന്ന വേർതിരിവുകളുടെ അളവുകോലുകളില്ലാതായാൽ കാരണമില്ലാതെ ഒന്നിനു മുകളിൽ മറ്റൊന്ന് എന്ന തരത്തിലുള്ള ഈ ആധിപത്യം സ്ഥാപിക്കൽ അവസാനിക്കും.



# തുമ്പ

ഇന്നലെ സന്ധ്യതൻ സുന്ദരയാമത്തിൽ
കണ്ടൂ ഞാൻ
ഉയിരറ്റ തുമ്പപ്പൂക്കൾ.
ഭൂമിതൻ നെറുകയിൽ ചാർത്തുന്ന കുങ്കുമം
ചന്ദനത്തിങ്കളായ് മാറുംപോലെ.
ശുഭ്രമാം പൂക്കളോ
മണ്ണിൽ വളർന്നവ
മണ്ണായിത്തന്നെ തിരിച്ചുപോകും.
തെന്നലിനൊപ്പമാ
തുമ്പതൻ ആട്ടവും
കണ്ടുകണ്ടങ്ങു രസിച്ചനേരം.
ഞെട്ടറ്റ പൂവിന്റെ സ്വപ്നച്ചിറകുകൾ
വെട്ടി നുറുക്കുന്ന കാലനായ് നീ !
ഒറ്റനിമിഷത്തിൽ
ഭ്രാന്തമാം കൈകളോ തല്ലിക്കെടുത്തി ആ പൂങ്കൊടിയെ.
സോദരാ എന്തേ നിൻ പിഞ്ചുകൈകൾ,
ആ തുമ്പതൻ കാലനായ് മാറിപ്പോയി ?

ലയന ടി.
മൂന്നാം വർഷം
ബി.എ. മലയാളം



# വിടരാൻ മറന്നവർ



**ഫർസാന എം.കെ.**
ഒന്നാം വർഷം,
എം.എ. എക്ണോമെട്രിക്സ്

അവളുടെ ലോകം നന്നേ ചെറുതാണ്
പലരും അതു പുലമ്പിക്കൊണ്ടേയിരുന്നു.
കൗമാരത്തിൽ വിടരാൻ വെമ്പി നിൽക്കുന്ന പനിനീർ പുഷ്പമല്ലായിരുന്നോ!
ഓരോ ഇതളും വിടരുമ്പോഴെല്ലാം ലോകത്തെ പുൽകാൻ കൗതുകമേറി.
നാളെയെനിക്കും ഈ ലോകം മുഴുക്കെ കാണാം
മതിവരുവോളം ഇനിയിവിടെ വസിക്കാം..
വിടരുവാൻ കൊതിച്ചു നിന്നവളെയാരോ
അമ്മതൻ മാറിൽ നിന്നും അടർത്തിയെടുത്തു.
ഈ ലോകം മുഴുക്കെ അവൾ കണ്ടു തീർന്നില്ല
പരിഭവമോതിയവൾ പലരോടായ് പറഞ്ഞു.
അവരൊരേ സ്വരത്തിൽ മൊഴിഞ്ഞു.
ഇവിടെ നിനക്ക് ചെയ്തു തീർക്കാൻ പലതുണ്ട്
തെല്ലും മടിവേണ്ട അവയാണ് നിന്റെ ധർമ്മം.
നീയെന്നും ഉണ്ണേണ്ടവളല്ല ഊട്ടേണ്ടവളാണ്
മറന്നിടേണ്ട ആ സത്യം.
നിന്റെയിഷ്ടങ്ങൾ പാദുകങ്ങളേപ്പോൽ
അവ പടിവാതിലിൽ കളഞ്ഞിട്ട് അകത്തു വരിക.
നീയുള്ളിടം സ്വർഗമാക്കീടണം
അതിന് സ്വയം ചിതയിൽ ദഹിക്കൂ..
നാളേക്ക് വേണ്ടി
നല്ലൊരു ലോകം പണിയൂ
ജീവിക്കൂ അവിടെ ഒരു ദാസി പോലെ.
ഇതാണ് നിന്റെ ലോകം. ഇതുമാത്രമാണ് നിന്റെ ലോകം
മറന്നിടേണ്ട പെണ്ണേ നിന്റെ ധർമ്മം.







# അഭിമാനിക്കാമെങ്കിലും അവകാശങ്ങൾക്കിടമില്ല

**ദിപിൻ വിനോദ് കെ. പി.**
ഒന്നാം വർഷം, ബി.എസ് സി . സുവോളജി

ലോകത്തെ ഏറ്റവും വലിയ ഭൂഖണ്ഡവും 60% ലോകജനസംഖ്യയെ ഉൾകൊള്ളുന്നതുമായ ഏഷ്യയിൽ, 2023 വരെ തായ്‌വാനിൽ മാത്രമായിരുന്നു സ്വവർഗാനുരാഗവിവാഹത്തിന് അനുമതിയുണ്ടായിരുന്നുള്ളു. ആ വർഷം കമ്മ്യൂണിസ്റ്റ് ഭരണമുള്ള നേപ്പാൾ അത് രണ്ടാക്കിയുയർത്തി. സ്വവർഗാനുരാഗത്തിനും അതിന്റെ ആവിഷ്കാരത്തിനും ഏറെ പേരുകേട്ട തായ്‌ലൻഡ് അതിനുവേണ്ട നിയമനിർമാണം ആരംഭിച്ചു കഴിഞ്ഞു. ഏറ്റവും ജനസംഖ്യയേറിയതും ആകെ ജനസംഖ്യയുടെ 10% എൽജിബിടി സമൂഹത്തിൽ ഉൾപ്പെട്ടവരുമായിട്ടിമുള്ള ഇന്ത്യ തായ്‌വാനിനും നേപ്പാളിനുമൊപ്പം പേരു ചേർക്കാനുള്ള സുവർണാവസരം നഷ്ടപ്പെടുത്തിയത് കഴിഞ്ഞ വർഷമാണ്.

ഇന്ത്യയുടെ പരമോന്നത നീതിപീഠത്തിന്റെ അഞ്ചംഗ ഭരണഘടനാബെഞ്ച് സ്വവർഗ വിവാഹത്തിന്റെ നിയമസാധുത 2-3 ഭൂരിപക്ഷത്തിൽ തള്ളുകയും നാലുവ്യത്യസ്ത വിധികൾ പുറപ്പെടുവിക്കുകയും ചെയ്തു. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അടങ്ങിയ ബെഞ്ചിന്റെ വിധിയിൽ ഒരേ സമയം ആശാവഹവും നിരാശാജനകവുമാണ്. സ്വവാർഗാനുരാഗികൾക്ക് സിവിൽ യൂണിയൻ ആവാം എന്നും ഒരുമിച്ച് ജീവിക്കാമെന്നും അവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടേതാണ് എന്നും പറഞ്ഞ കോടതി പക്ഷെ തുല്യത ഉറപ്പുവരുത്തുന്നതിൽ നിന്ന് ഒഴിഞ്ഞുമാറി.

2018-ൽ അനുബന്ധമായൊരു കേസിൽ ചരിത്രം സ്വവാർഗാനുരാഗികളോട് മാപ്പുചോദിക്കണമെന്നും നിർബന്ധിത കൺവെർഷൻ തെറാപ്പിയും മറ്റും ഹീനമായ മനുഷ്യത്വഹത്യയാണെന്നും ഇത് മാറ്റാനാവാത്ത സാധാരണപ്രതിഭാസമാണെന്നും ജസ്റ്റിസ് ഇന്ദു മൽഹോത്രയിലൂടെ പറഞ്ഞ കോടതി, പക്ഷെ ഇവിടെ വായടച്ചു. സ്വവാർഗാനുരാഗികൾക്ക് വിവാഹം മൗലികാവകാശമല്ലെന്ന് ഏകകണ്ഠമായി പറഞ്ഞ കോടതിയിലെ വിഭിന്ന അഭിപ്രായങ്ങൾ ശ്രദ്ധയാകർഷിക്കുന്നതാണ്. സ്വവാർഗാനുരാഗികൾക്ക് മറ്റേതൊരണ്ടു പൗരരെയുംപോലെ വൈവാഹികജീവിതം വേണമെന്നും ദത്തെടുക്കാൻ കഴിയണമെന്നുമുള്ള ചീഫ് ജസ്റ്റിസിന്റെ പ്രസ്താവനയോട് ജസ്റ്റിസ് സഞ്ജയ്കിഷൻ കൗൾ യോജിച്ചത് അഭിനന്ദാർഹമാണ്. എന്നാൽ മറ്റു മൂന്നുപേരും പിന്തിരിപ്പൻ നിലപാട് സ്വീകരിക്കുകയാണുണ്ടായത്.

ഇറക്കുമതി ചെയ്യപ്പെട്ട മനോരോഗമെന്ന് സ്വവർഗാനുരാഗത്തെ അധിക്ഷേപിച്ച വിശ്വഹിന്ദു പരിഷത്തിന്റെ ചിതലരിച്ച എതിർപ്പിനെ തള്ളിയ കോടതി, ക്വീർ സമൂഹത്തിന്റെ അവകാശങ്ങളും മറ്റും സംരക്ഷിക്കാനായി സമിതി രൂപീകരിക്കുവാനും ഹോട്‌ലൈൻ നമ്പർ നൽകുവാനും കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തതും നാം കണ്ടു കഴിഞ്ഞു. കേസിൽ എതിർഹർജി സമർപ്പിച്ചവരിൽ ഒരു ഇസ്ലാമിക സംഘടനയുള്ളതും ശ്രദ്ധേയമാണ്. ലൈംഗികവൈവിധ്യമാർന്ന ഒരു ചരിത്രം ഖജുരാഹോ ക്ഷേത്രച്ചുമരുകളെ സാക്ഷിനിർത്തി ഭാരതത്തിനുണ്ടായിരുന്നുവെന്ന് എന്നേ മറന്നുകളഞ്ഞ ഭരണകൂടത്തിനൊപ്പം അതിനേക്കാൾ പഴകി ദ്രവിച്ച നിലപാടുകളുള്ള പ്രബലമതങ്ങളും കൂടി വായ്ത്താരി പാടി. ഒരിക്കൽകൂടി ഭാരതത്തിലെ പ്രബല മതങ്ങൾ മനുഷ്യരെ മനുഷ്യരായി കാണാൻ കൂട്ടാക്കാത്ത മാലിന്യങ്ങളാണെന്ന് തെളിയിച്ചു കഴിഞ്ഞു. സ്പെഷ്യൽ മാരേജ് ആക്ട് മാറ്റാൻ സാധിക്കില്ലായെന്നും അത് പാർലമെന്റിന്റെ ജോലിയാണെന്നും പറഞ്ഞ് ഒഴിഞ്ഞുമാറിയ കോടതി, അതൊരു നിർദേശമായി പറയാൻ പോലും തയ്യാറായില്ല.



സ്വവാർഗാനുരാഗികൾ മറ്റെല്ലാവരെയും പോലെ മനുഷ്യരാണെന്നും അവർക്കും കുടുംബജീവിതത്തിനും രക്ഷാകർത്തൃത്വത്തിനും അവകാശമുന്നെുമുള്ള അടിസ്ഥാന തത്ത്വങ്ങളും ആവശ്യങ്ങളും കേവലം യാഥാസ്ഥിതിക മനോഭാവത്തിലൂന്നിക്കൊണ്ട് മതങ്ങളും ഭരണകൂടവും നിയമനിർമ്മാണവ്യവസ്ഥയും സൗകര്യപൂർവം മറന്നുകളഞ്ഞു. വിവാഹമെന്ന വ്യവസ്ഥവഴി അവർക്ക് ലഭിക്കേ അവകാശങ്ങളും ആനുകൂല്യങ്ങളും നൽകാതെ നീതിപീഠം ഒഴിഞ്ഞുമാറി. ക്വീർ മനുഷ്യർക്കനുകൂലമായിട്ടുള്ള ഒരു നിയമനിർമാണം പഴകിപ്പുളിച്ച മനസ്സുള്ളവർ ചെയ്യില്ല എന്നതുറപ്പാണ്.

സ്വവാർഗാനുരാഗികൾ മറ്റെല്ലാവരെയുംപോലെ മനുഷ്യരാണെന്നും അവർക്കും കുടുംബജീവിതത്തിനും രക്ഷാകർത്തൃത്വത്തിനും അവകാശമുണ്ടെന്നുമുള്ള അടിസ്ഥാനതത്ത്വങ്ങളും ആവശ്യങ്ങളും കേവലം യാഥാസ്ഥിതികമനോഭാവത്തിലൂന്നിക്കൊണ്ട് മതങ്ങളും ഭരണകൂടവും നിയമനിർമ്മാണവ്യവസ്ഥയും സൗകര്യപൂർവം മറന്നുകളഞ്ഞു. വിവാഹമെന്ന വ്യവസ്ഥവഴി അവർക്ക് ലഭിക്കേണ്ട അവകാശങ്ങളും ആനുകൂല്യങ്ങളും നൽകാതെ നീതിപീഠം ഒഴിഞ്ഞുമാറി. ക്വീർ മനുഷ്യർക്കനുകൂലമായിട്ടുള്ള ഒരു നിയമനിർമാണം പഴകിപ്പുളിച്ച മനസ്സുള്ളവർ ചെയ്യില്ല എന്നതുറപ്പാണ്.

എഴുപതിലധികം രാജ്യങ്ങളിൽ നിയമവിരുദ്ധവും 7 രാജ്യങ്ങളിൽ വധശിക്ഷ വിധിക്കുന്ന കുറ്റവുമാണ് സ്വവർഗാനുരാഗം എന്നത് ഈ കാലത്തും ഭയാനകമാണ്. തങ്ങളുടെ അവകാശപ്പോരാട്ടങ്ങൾ കുറച്ചുകാലം കൂടി തുടരേണ്ടിവരുമെന്നും തങ്ങൾ ഇപ്പോഴും ഈ രാജ്യത്ത് മാറ്റിനിർത്തപ്പെട്ടവരാണ് എന്നും നിരാശയോടെ അംഗീകരിക്കേണ്ടിവരുന്നു ആ പച്ച മനുഷ്യർക്ക്. കോടതിവരാന്തയിൽ നിൽക്കേണ്ടിവരുന്നു, ഹോമോഫോബുകൾ ഈ വിധിയെ ആഘോഷിക്കുന്നു.

സ്വവർഗാനുരാഗികൾക്ക് സൈനികസേവനവും രക്ത-അവയവ ദാനവും നിഷിദ്ധമാണ് എന്ന അടിസ്ഥാനരഹിതമായ സ്ഥിതി ഇന്നും രാജ്യത്തിൽ നിലനിൽക്കുന്നു.

ഒരേ കാര്യത്തിൽ തന്നെ വ്യത്യസ്ത കാലയളവിൽ വ്യത്യസ്ത അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ ചരിത്രമുള്ള സുപ്രീംകോടതി, ഭാവിയിൽ ഈ അഭിപ്രായങ്ങളിൽ നിന്നും മാറും എന്നു പ്രത്യാശിക്കുകയേ വഴിയുള്ളു. എല്ലായ്പ്പോഴും നീതിപീഠമാണ് അടിച്ചമർത്തപ്പെട്ടവരുടെ അവസാനപ്രതീക്ഷ. അത് കാത്തുസൂക്ഷിക്കാൻ സുപ്രീം കോടതിക്ക് ബാധ്യതയുമുണ്ട്.

ഒരു കാര്യം ഉറപ്പാണ്. ഒരു നാട് നന്നാവാനോ നന്നാക്കാനോ മതമോ മതം കൊണ്ടുമാത്രം ഉപജീവനം നടത്തുന്നവരോ സമ്മതിക്കില്ല.

# പരമ്പരാഗത സ്ത്രീസങ്കല്പവും മാറ്റത്തിന്റെ കാഹളധ്വനികളും



**മേഘ മനോജ്**
ഒന്നാം വർഷം
ബി.എസ്.സി. കെമിസ്ട്രി



വീടിനും നാടിനുംവേണ്ട സഹജസ്വഭാവങ്ങൾകൂടി തന്റെ ആത്മാവിലേക്ക് ഉൾക്കൊള്ളുകയും പ്രകടിപ്പിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് ഒരു കുടുംബത്തിന്റെ ചക്രം ചലിപ്പിക്കുന്ന പ്രധാന വ്യക്തികളിൽ ഒരാളായി സ്ത്രീകൾ മാറുന്നത്. ചിലപ്പോഴൊക്കെ പുതുചിന്തകളാർജിക്കുന്ന സ്ത്രീ ചെയ്യുന്ന കാര്യങ്ങൾ മതത്തിനും മതചിന്ത കൾക്കുമൊക്കെ അംഗീകരിക്കാൻ കഴിയാതിരിക്കാറുണ്ട്. എല്ലാ മതചിന്തകളിലും അവർക്ക് രണ്ടാം സ്ഥാനം മാത്രമേ ഉള്ളൂ. എല്ലാ മതചിന്തകളിലും സ്ത്രീകൾക്ക് ഒരു നിയമവും പുരുഷന്മാർക്ക് മറ്റൊരു നിയമവുമാണ്. സൂക്ഷ്മമായി പരിശോധിക്കുമ്പോൾ സ്ത്രീയാണ് ലോകജീവിതത്തിലെ സകലതിന്റെയും നടത്തിപ്പ് നിർവഹിക്കുന്നത്. പിന്നെ യെങ്ങനെയാണ് അവരിൽ ചിലരെങ്കിലും പിന്നോക്കം പോകുന്നത്? അർഹതയുള്ള ഇടങ്ങളിലെ അംഗീകരണം, സഹകരണം, പുരുഷനെപ്പോലെ തന്നെ ഒരു വ്യക്തിയാണ് സ്ത്രീയെന്നുള്ള കാഴ്ചപ്പാട്, അവളുടെ വികാരവി ചാരങ്ങളും വേദനകളും ഉത്തരവാദിത്വങ്ങളും തന്റേതു കൂടിയാണെ പുരുഷന്റെ തിരിച്ചറിവ്, പരിഗണന, എന്നിവയൊക്കെ ഇന്ന് കാണാമെങ്കിലും സ്ത്രീക്ക് മാത്രമായി എന്തിന് ഒരു ലോകം എന്ന ചോദ്യം ഇന്നും ഉയരുന്നില്ലേ!

## വിമോചന സങ്കൽപ്പം

സ്ത്രീയുടെ ധാരണകളും ഇഷ്ടങ്ങളും മറ്റുള്ളവരുടെ തിനോട് പൂർണമായും പൊരുത്തപ്പെടണം എന്ന് തീരുമാനിക്കുന്നിടത്താണ് പ്രശ്നങ്ങൾ ആരംഭിക്കുന്നത്. കാലത്തിനും ലോകത്തിനുമനുസരിച്ച് സ്ത്രീ മാറുമ്പോൾ അസഹ്യത അനുഭവപ്പെടുന്നവരാണ് അധികാരം ഉള്ളിൽ പേറുന്നവർ. ദശാബ്ദങ്ങളുടെ പോരാട്ടത്തിനൊടുവിൽ പുരുഷന്റേതെന്ന് മാത്രം കരുതിയിരുന്ന ലോകത്തേക്ക് സ്ത്രീയും എത്തിച്ചേർന്നിരിക്കുന്നു. ലക്ഷ്യങ്ങൾ കൈവ രിക്കാനുള്ള അശ്രാന്തപരിശ്രമത്തിലാണ് അവർ. സാമ്പത്തിക മുന്നേറ്റം, ലിംഗസമത്വം, സാങ്കേതികവിദ്യാമിക വ്,വിദ്യാഭ്യാസം, സാമൂഹികാംഗീകാരം, സ്ത്രീശാക്തീകര ണം എന്നിങ്ങനെ വിവിധ തലങ്ങളിലൂടെ അവൾ മുന്നേറിക്കൊണ്ടിരിക്കുമ്പോൾ ആ കുതിപ്പിന് ആവശ്യമായ ഇന്ധനം നൽകുക എന്നത് സമൂഹത്തിന്റെ ഉത്തരവാ ദിത്തമാണ്. ഈ തിരിച്ചറിവിലൂടെയാണ് സ്ത്രീകൾ ലോക ത്തേക്കുള്ള യഥാർത്ഥ വാതിൽ തുറക്കുന്നത്.

സ്ത്രീകൾക്ക് സുസ്ഥിരമായ ഉപജീവനമാർഗ്ഗം കൈവരുന്നതോടെ തന്നെ മതം,ജാതി,ലിംഗം,ഭാഷ, ദേശം എന്നിവയ്ക്കതീതമായി അവൾ ശാക്തീകരണത്തിന്റെ ആദ്യ ചവിട്ടുപടി കയറി എന്നും പറയാം. കാരണം സാമ്പത്തിക അടിത്തറയിലാണ് സ്ത്രീയുടെ ലോകം പടുത്തുയർത്തേത്. പരാശ്രയത്വം ചങ്ങലകളെ സൃഷ്ടിക്കും. അവളുടെ ചുറ്റുപാടുക ളും ജീവിതാനുഭവങ്ങളു വായന സൃഷ്ടിക്കുന്ന വിപ്ലവാത്മകതയും ഈ അടിത്തറയുടെ ബലം ഊട്ടിയുറപ്പിക്കുന്നു. ഈ ലോകം തുറന്നിടുന്ന ഇത്തരം അവസരങ്ങൾ, സ്ത്രീ സമൂഹത്തെ ചിന്താശേഷിയുള്ള സാഹിത്യപ്രതിഭകളായും സംരംഭകരായും ആക്ടിവിസ്റ്റുകളായും മാറ്റുന്നു.

## സ്ത്രീയാണ് ധനം

ആർക്കാണ് നിങ്ങൾ സ്ത്രീധനം നൽകുന്നത്? എന്തിനാണ് നൽകുന്നത്? ഭർതൃവീട്ടിലോ പഠന സ്ഥലത്തോ ബുദ്ധിമുട്ട് അനുഭവിക്കുന്ന പെൺകുട്ടിയെ ചേർത്തുനിർത്തേത് ആരാണ് ? സദാചാര വിരോധികളെ ഭയന്ന് അവരെ മാറ്റിനിർത്തുന്നത് ആരാണ്? തുടർപഠനത്തിനും ഔദ്യോഗികവൃത്തിക്കും അപ്പുറമാണ് വിവാഹം എന്ന തോന്നൽ ഉണ്ടായാൽ അവിടെയെല്ലാം സ്ത്രീ ലോകം പിറകോട്ടുതന്നെ സഞ്ചരിക്കുമെന്ന് ഇനി ചിലരെങ്കിലും തിരിച്ചറിയട്ടെ.

## സ്ത്രീയുടെ അവകാശങ്ങൾ

ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ പറയുന്ന സ്ത്രീ സമത്വം, 243 അനുച്ഛേദം പറയുന്ന അവകാശങ്ങൾ നടപ്പിലാക്കൽ ,വിവേചനങ്ങൾ ഒഴിവാക്കൽ, ഭരണഘടനയുടെ 73, 74 ഭേദഗതികളിൽ പറയുന്ന അധികാരഘടനകളിലേക്കുള്ള കടന്നുചെല്ലൽ തുടങ്ങിയവയെല്ലാം വെളിവാക്കുന്നത് സ്ത്രീപുരുഷസമത്വം എന്ന ആശയം തന്നെയാണ്. എന്നിട്ടും സ്ത്രീക്ക് സാധാരണ ജീവിതം നയിയ്ക്കാൻ നിയമപരിരക്ഷ അനിവാര്യമായി വരുന്നു. സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ രാഷ്ട്രീയപരമായ വിവേചനങ്ങൾ നേരിടേണ്ടിവരുന്ന പെൺകുട്ടികൾ ആത്മഹത്യ ചെയ്യേണ്ടിവരുന്നു. സുരക്ഷിതത്വ ഭീഷണി നേരിടേിവരുന്നു. പൊതുഇടങ്ങളിൽ അവരെ ഭയം പിന്തുടരുന്നു. നീതി നിഷേധങ്ങൾക്കിരയാകുന്നു. ഇരയാക്കപ്പെടുമ്പോൾ അത് വേട്ടക്കാരുടെ അവകാശമാണെന്ന് സ്ഥാപിക്കപ്പെടുന്നു. സ്ത്രീകളുടെ അന്തസ്സും അഭിമാനവും സംരക്ഷിക്കപ്പെടേത് പരിഷ്കൃത ജനാധിപത്യ സമൂഹത്തിന്റെ പുരോഗതിക്ക് അനിവാര്യമാണെന്ന് തിരിച്ചറിയപ്പെടേണ്ടകാലം കഴിഞ്ഞു. പരാതി പരിഹാരവ്യവസ്ഥിതികൾ എണ്ണയിട്ടയന്ത്രം പോലെ ചലിക്കട്ടെ. ശാക്തീകരണ പ്രക്രിയയുടെ നിയമാവബോധം ഉണ്ടാകട്ടെ. തക്കസമയത്ത് പ്രതികരിക്കാനും നീതി നിഷേധിക്കപ്പെടുന്നവരോടൊപ്പം നിൽക്കാനും നമ്മുടെ പെൺകുട്ടികളെ പ്രാപ്തനരാക്കേണ്ടത് രക്ഷിതാക്കളും അധ്യാപകരും ആണെന്ന സത്യം മറക്കാതിരിക്കാം. ഒപ്പം ആദരവോടും മനുഷ്യത്വത്തോടും കാണേണ്ട ഒരു സഹജീവിയാണ് സ്ത്രീ എന്ന് നമ്മുടെ ആൺകുട്ടികളെ പഠിപ്പിക്കാം. വേദന



അനുഭവിക്കുന്നവർക്ക് സാമൂ ഹിക പിന്തുണയും സുരക്ഷിതത്വബോധവും നൽകാൻ സ്ത്രീക്ക് തന്നെ കഴിയണം.

ഏകദേശം 50%ത്തോളം സ്ത്രീകളുള്ള നമ്മുടെ സമൂഹത്തിൽ അവർക്കുവേണ്ട വിദ്യാഭ്യാസം,ആരോഗ്യം, തൊഴിൽ, പരിരക്ഷ എന്നിവ പ്രാദേശിക വർഗ്ഗ-വർണ്ണ ഭേദമെന്യേ ഓരോ സ്ത്രീകൾക്കും ലഭിക്കേതുണ്ട്. ലോകത്തിലെ വിഭവങ്ങളെല്ലാം ആരുടെയും ദാനം അല്ല. ഏവർ ക്കും അവകാശപ്പെട്ടതാണ്. ഒന്നും ആരും ഒരു വിഭാഗത്തിന് ദാനം ചെയ്യേണ്ട ആവശ്യമില്ല. എല്ലാം എല്ലാവരുടെയും അവകാശമാണെന്ന് തിരിച്ചറിയണം. ഭരണഘടനയുടെ നിർമാണത്തിൽപ്പോലും ആനിമ സ്ക്രീനും ദാക്ഷായണി വേലായുധനും ഉണ്ടായിരുന്നു എന്ന് ഓർമ്മിക്കണം. ഭാരതസ്ത്രീകൾ മിസ് മേയോ മദാമ്മ പരാമർശിച്ച 'വീടാം കൂട്ടിൽ കുരുങ്ങും തത്തമ്മമാരെ'ന്ന ഇടത്തിനുമപ്പുറത്തേക്ക് ഏറെ വളർന്നു. എവിടെയൊക്കെയോ ചിറകുകുരുങ്ങിയവർക്ക് വിശാലമായ ആകാശം തുറന്നു നൽകാൻ നമുക്ക് ഇനിയും ശ്രമിക്കാം.

# സിനിമ



# ചലച്ചിത്രമെന്ന തൊഴിലിടവും സ്ത്രീകളും

നവമാധ്യമങ്ങളിൽ ഇക്കാലത്തെ ഏറ്റവും വലിയ സ്വാധീനമാണ് സിനിമ. സിനിമാ ലോകത്തിലെ സ്ത്രീശബ്ദങ്ങളെ നാം വേർതിരിച്ചറിയാൻ തുടങ്ങിയിട്ട് കുറച്ചു വർഷങ്ങളേ ആയിട്ടുള്ളൂ. അധ്യാപിക, ആക്ടിവിസ്റ്റ്, ചിന്തക, തിരക്കഥാകൃത്ത് എന്നീ നിലകളിൽ ശ്രദ്ധേയയായ ദീദി ദാമോദരൻ ചലച്ചിത്രമേഖലയിൽ ഇന്ന് സമൂലമായ ഉടച്ചുവാർക്കലുകൾക്ക് കാരണമായ WCC എന്ന സംഘടനയുടെ സ്ഥാപകാംഗവും നട്ടെല്ലുമാണ്. ചലച്ചിത്രപ്രവർത്തകരുടെ സാംസ്കാരികസംഘടനയായ മാക്ടയിൽ തിരക്കഥാകൃത്ത് എന്ന നിലയിൽ അംഗത്വമെടുത്ത ആദ്യത്തെ സ്ത്രീയായ ദീദി ദാമോദരൻ തന്റെ മേഖലകളിലെല്ലാം തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.





**ദീദി ദാമോദരനുമായി**
**അനന്യ മോഹൻ സി.,അഞ്ജിത എം.**
**എന്നിവർ നടത്തിയ അഭിമുഖം**



'പുനരാലോചിക്കാം. പുനർ നിർമിക്കാം. മാറ്റങ്ങൾക്കായി ഒന്നിച്ചു നിൽക്കാം. നീതിയുടെയും ആത്മാഭിമാനത്തിന്റെയും ഭാവി രൂപപ്പെടുത്തുക നമ്മുടെ കടമയാണ്. നമുക്കൊരു പുതുവിപ്ലവം സൃഷ്ടിക്കാം'. കുറച്ചു വർഷങ്ങൾക്കപ്പുറം ഒരുകൂട്ടം ആളുകൾ ചേർന്ന് രൂപപ്പെടുത്തുകയും അതിന്റെ നേതൃത്വത്തിൽ അന്വേഷണങ്ങൾ ഉണ്ടാവുകയും തുടർന്ന് വർഷങ്ങൾക്കിപ്പുറം നോക്കുന്ന സമയത്ത് അത് ഫലത്തിൽ എത്തിയിരിക്കുകയും ചെയ്യുന്നു. പെണ്ണുങ്ങൾ ചരിത്രം സൃഷ്ടിച്ചിരിക്കുന്നു. ആ ഒരു സന്തോഷത്തെ എങ്ങനെയാണ് ഞങ്ങളുമായി പങ്കുവക്കുന്നത്?




സന്തോഷംതന്നെ. നമ്മൾ വിചാരിക്കുന്ന വലിയ വിപ്ലവമൊന്നും ഇവിടത്തെ കീഴ്‌വഴക്കം മാറ്റാൻ ആവശ്യമില്ല എന്നാണ് ഞാൻ കരുതുന്നത്. മനുഷ്യരാണ് അത് ഉണ്ടാക്കിയത് എന്നതുകൊണ്ടുതന്നെ അത് മാറ്റാൻ കഴിയുന്നതും അവർക്കാണ്. ലിംഗഭേദത്തെ (ജൻഡർ) ക്കുറിച്ച് പറയുമ്പോൾ അതൊരു സാമൂഹിക നിർമ്മിതിയാണെന്ന് പറയുമല്ലോ? അതും നമ്മളുണ്ടാക്കിയതാണ്,അതും നമ്മൾ തന്നെയാണ് മാറ്റേണ്ടത്. മാറ്റുന്നതും അത്രവലിയ പണിയൊന്നുമല്ല. കീഴ്‌വഴക്കങ്ങൾ പലതും ജീവചര്യപോലെ ആയിത്തീരും. ശ്വാസംപോലെയോ ഭക്ഷണംപോലെയോ ആയിത്തീരും അത്തരം ശീലങ്ങൾ. അതു മാറ്റാൻ നമ്മൾ നിരന്തരം ശ്രമിച്ചു കൊണ്ടിരിക്കണം. സ്ത്രീകളുടെ കാര്യമാകുമ്പോൾ പലപ്പോഴും അത് ആധിപത്യം എന്നാണ് പറയുക. ആ ആധിപത്യത്തെ തകർക്കാൻ അതിനെതിരെ കാര്യങ്ങൾ ചെയ്യുക. അതിന് തെരുവിലൂടെ മുദ്രാവാക്യം വിളിച്ചു നടക്കുകയോ പ്ലക്കാർഡുകൾ ഉണ്ടാക്കുകയോ ഒന്നും ചെയ്യേതില്ല. അടുക്കളയുടെ ഒരു മൂലയ്ക്കിരുത്തുന്ന സ്ത്രീ ഇതുപറ്റില്ല എന്ന് പറഞ്ഞാൽ പറ്റില്ല എന്ന് തന്നെയാണ് അതിനർത്ഥം.

ജീവിതത്തിന്റെ തന്നെ ആവിഷ്കാരങ്ങളാണ് സിനിമകൾ.സിനിമയിലും ആധിപത്യപ്രവണതകൾ ഇല്ലേ?

ആധിപത്യം എന്ന് പറയുന്നതുതന്നെ പുരുഷാധിപത്യമാണ്, പാട്രിയാർക്കൽ. സിനിമയിലും അങ്ങനെയാണ്. കാരണം ആഖ്യാനങ്ങളും അത്തരത്തിലാണ് പോകുന്നത്. മിക്കപ്പോഴും പുരുഷകേന്ദ്രീകൃതമായിരിക്കും സിനിമകൾ. മുഖ്യകഥാപാത്രം പുരുഷൻ ആയിരിക്കും. അയാളുടെ പലകാര്യത്തിൽ ഒന്നുമാത്രമായിരിക്കും സ്ത്രീ. കഥാഗതി നിയന്ത്രിക്കുന്ന പുരുഷനെ സംബന്ധിച്ച് ഒരു ഘടകം മാത്രമാണ് അവിടെ സ്ത്രീ എന്ന് കാണാനാകും.

Male and other –അതിൽ other ൽ ഒന്നാണ് സ്ത്രീ. തനിക്ക് തന്റേതായ അസ്ഥിത്വം ഉണ്ടെന്ന് സ്ത്രീക്കറിയാം. ഞാനും ഇയാളെ പോലെ തന്നെയാണ്, എന്റെ ഒപ്പമാണ് അയാളും വളർന്നത്, ഞാൻ തന്നെ പ്രസവിക്കുകയും ചെയ്തിട്ടുള്ളവരാണ് ഇങ്ങനെയൊക്കെ പെരുമാറുന്നത് എന്നുള്ള തിരിച്ചറിവ് അവൾക്കുണ്ട്. തന്നെക്കാൾ ഒന്നും ഒരു പുരുഷന് കൂടുതലില്ല എന്ന് ഒരു സ്ത്രീക്ക് തോന്നുമ്പോൾ ആ തോന്നലാണ് ഫെമിനിസം എന്ന് അറിയപ്പെടുന്നത്. തനിക്ക് അന്തസ്സോടെ ജീവിക്കണം, അടിയറവു പറയേണ്ടകാര്യമില്ല, ആത്മാഭിമാനം എല്ലാവർക്കും അവകാശപ്പെട്ടതാണ് തുടങ്ങിയ കാര്യങ്ങൾ ഉണ്ടാകുമ്പോൾ ഒരു സ്ത്രീക്ക് സ്വാഭാവികമായും അനുസരണക്കേട് ഉണ്ടാകും. പുരുഷാധിപത്യ വ്യവസ്ഥയ്ക്കകത്ത് ഇത്തരത്തിലൊരു പ്രതിഷേധസ്വരം അനുസരണക്കേടായിത്തന്നെ വ്യാഖ്യാനിക്കപ്പെടും.



പുരുഷാധിപത്യവ്യവസ്ഥയ്ക്കകത്ത് ഒരു സ്ത്രീക്ക് തോന്നുകയാണ്, ഞാൻ അമ്മയായിട്ടുള്ള ജോലി ഒന്നും ചെയ്തിട്ടില്ല, ഭാര്യയായിട്ടുള്ള ജോലിയൊന്നും ചെയ്തിട്ടില്ല അടിസ്ഥാനപരമായി താൻ സ്ത്രീ ആണെന്നും കുറെ നിർദ്ദേശവിധികളായ കാര്യങ്ങൾ ഉണ്ടെന്നും അതിന്റെ ലംഘനം തന്റെതന്നെ കുറ്റമായി അവർ കരുതും. അതെല്ലാം തന്റെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട ഒന്നാണെന്നും മറ്റ് അവയവം പോലത്തെ ഒരു അവയവം മാത്രമാണ് യോനി എന്നും തിരിച്ചറിയുമ്പോൾ സ്വപ്നങ്ങൾക്കും നേട്ടങ്ങൾക്കും പുതു വർണ്ണമായിരിക്കും. ത്യാഗസുരഭിലമായ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന ആളുകളും ഉണ്ടായിരിക്കും, പക്ഷേ എല്ലാവരും അങ്ങനെയാണെന്ന് തെറ്റിദ്ധരിക്കരുത്.

ബലാത്സംഗം ചെയ്യപ്പെട്ട സ്ത്രീകൾ പോലും അവർ കാരണംതന്നെയാണ് ബലാത്സംഗം ചെയ്യപ്പെട്ടത് എന്ന് വിചാരിക്കുമ്പോൾ പലരും പലതും തുറന്നുപറയാതാവുന്നു. അതിൽ തന്റേതായ സംഭാവനകൾ ഉണ്ടെന്നാണ് അവർ കരുതുന്നത്. ഗാർഹിക പീഡനം നടക്കുമ്പോൾപോലും സ്ത്രീക്ക് തോന്നും താനാണ് കുറ്റക്കാരി എന്ന്. അതു മാറാൻ നമ്മളാ ചട്ടക്കൂടിൽ നിന്നും പുറത്തിറങ്ങുക മാത്രമേ നിവൃത്തിയുള്ളൂ. അപ്പോൾ ഒരു ചീട്ടുകൊട്ടാരം പോലെ അതു തകർന്നുവീഴും.

മലയാളസിനിമാമേഖലക്കപ്പുറം സ്ത്രീ തൊഴിലിട ചൂഷണത്തിനെതിരെയുള്ള എതിർശബ്ദവും ചരിത്രത്തിൽ നാഴികക്കല്ലുമായിട്ടുള്ള ഹേമകമ്മിറ്റിയുടെ പ്രവർത്തനത്തെ WCC സ്ഥാപകാംഗം കൂടിയായ മാഡം എങ്ങനെ നോക്കിക്കാണുന്നു?

എല്ലാ തൊഴിലിടങ്ങളിലും പോഷ് ആക്ട് കൊണ്ടുവരണം എന്നാണ് എന്റെ അഭിപ്രായം. നാട്ടിലെ നിയമവ്യവസ്ഥ എന്താണോ ആവശ്യപ്പെടുന്നത് അതിൽ ഉൾപ്പെടുന്നത് ആയിരിക്കണമല്ലോ എല്ലാം. പക്ഷേ അതിലും വെള്ളം ചേർക്കാൻ എല്ലാവർക്കും അറിയാം. സ്ത്രീകളെ സംരക്ഷിക്കാനുള്ള നിയമങ്ങൾ ഉണ്ടായിരുന്നിട്ടും ഇന്ന് അതിന്റെ ലൂപ്ഹോൾസ് എങ്ങനെ ഉപയോഗിക്കണം എന്ന് അന്വേഷിക്കപ്പെടുകയാണ്. ഗാർഹികപീഡനം, സ്ത്രീധനം ഇതെല്ലാം തെറ്റാണ് എന്ന് അറിയാമായിരുന്നിട്ടും ആരെങ്കിലും ഇത് ചെയ്യാതിരിക്കുന്നുണ്ടോ?

സിനിമയെ സംബന്ധിച്ച് ഒന്നും ഇതുവരെ ബാധകമായിരുന്നില്ല. സ്വയം ഒരു ഇൻഡസ്ട്രി എന്ന് വിളിക്കുകയും ഒരു നിർമ്മാതാവിന് പണം ആവശ്യമായിവരുന്ന സമയത്ത് ബാങ്കിനെ സമീപിക്കുന്ന സമയത്ത് പോലും ഒരു ഇൻഡസ്ട്രി എന്നുള്ളനിലയിൽ തന്നെയാണ് ഈ മേഖലയുടെ നിലനിൽപ്പ്. തിരിച്ച് ഒരു തൊഴിലാളി എന്നുള്ള നിലയിൽ ചെയ്യേണ്ട കാര്യങ്ങളുമുണ്ട്. ആ സമയത്ത് അത് ഇൻഡസ്ട്രി അല്ലാതെ ക്രിയേറ്റീവ് ഫീൽഡ് ആണ്. കോവിഡിന് ശേഷം തൊഴിലിടങ്ങൾ വെർച്വൽ സ്പേസുകൾ ആണ്. അതും നമ്മൾ തൊഴിലിടമായി കാണേതുണ്ട്. അങ്ങനെ നിരൂപിച്ചിട്ടില്ല എങ്കിൽ ഇതാണ് അതിനുള്ള സമയം. സിനിമയും തൊഴിലിടമാണ്. ഈ നാട്ടിലുള്ള എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.

സിനിമയ്ക്ക് ഇതൊന്നും ചെയ്യാൻ പാടില്ല എന്നാണെങ്കിൽ ആ സിനിമയേ നടക്കാൻ പാടില്ല എന്നാണ് എന്റെ പക്ഷം. കാരണം നാട്ടിലെ നിയമത്തിന് അനുസൃതമായിട്ടുള്ളതല്ലാതെ ഒരു കാര്യവും നടക്കാൻ പാടില്ല. സ്ത്രീകൾ സിനിമയെ തകർക്കാൻ ശ്രമിക്കുന്നു എന്ന് പറയുന്നുണ്ടല്ലോ പക്ഷേ തകർക്കാൻ ശ്രമിക്കുകയാണോ? ഒരിക്കലുമല്ല; അതിന്റെ കൂടെ നിയമങ്ങളും പാലിക്കപ്പെടണം. സിനിമ തിരഞ്ഞെടുക്കപ്പെട്ട കുറച്ചു പേരുടേത് മാത്രമായി ചുരുങ്ങരുത്.



പെൺകൂട്ടായ്മയെ തകർക്കാൻ പല ശ്രമങ്ങളും നടക്കുകയും കൂട്ടായ്മക്കുള്ളിൽനിന്ന് ചിലർ പിന്മാറുകയും ചെയ്ത അവസരത്തിൽ ആ ഉത്തരവാദിത്തങ്ങളുടെ സമ്മർദ്ദത്തെ അതിജീവിച്ചതെങ്ങനെയായി രുന്നു?

സ്ത്രീകളുടെ കൂട്ടായ്മകളെ ഒരുകാലത്തും ആരും ചേർത്തുനിർത്തിയിരുന്നില്ല. പഴഞ്ചൊല്ലുകളിൽ തന്നെ സ്ത്രീകൾ ഒന്നിച്ചു പോകില്ല എന്ന് പറയാൻവേണ്ടി നിരവധി ഉദാഹരണങ്ങൾ നമുക്ക് മുമ്പിലുണ്ട്. പുരുഷന്മാർ തമ്മിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ഒരിക്കലും പ്രശ്നവൽക്കരിക്കപ്പെടാറില്ല. സ്ത്രീകൾ തമ്മിലുള്ള പ്രശ്നങ്ങളെ പ്രശ്നവൽക്കരിച്ച് കാണിക്കാൻ എല്ലാവർക്കും മിടുക്കുണ്ടുതാനും. ഏതൊരു സംഘടന ആയാലും അതിൽ നിന്ന് പുറത്തു പോകാൻ ചേരുന്ന ആൾക്ക് നിർബന്ധമായും സ്വാതന്ത്ര്യമുണ്ട്. WCCയിൽ നിൽക്കുന്ന പലരും മെമ്പറാണെന്ന് പുറത്തറിയരുതെന്ന് പറഞ്ഞ് കൂടെ നിൽക്കുന്നവരുണ്ട്. മറ്റൊരുവരുമാനം ഉണ്ടായതുകൊണ്ട് എനിക്ക് വിട്ടുവീഴ്ചയൊന്നും ചെയ്യേണ്ടിവന്നിട്ടില്ല. ഒരുകൂട്ടം ആളുകൾ സ്വയം നഷ്ടപ്പെടുത്തിത്തന്നെയാണ് ഇതിന്റെ കൂടെ നിൽക്കുന്നത്. മുൻ മാതൃകകളൊന്നും ഉണ്ടാകാതിരുന്നത് കൊണ്ടുതന്നെ ഘടനാപരമായി ലാറ്ററൽ എന്നുവിളിക്കുകയും കളക്ടീവ് എന്ന നിലയിൽ പ്രവർത്തിക്കുകയുമാണ് സ്ത്രീ സൗഹൃദക്കൂട്ടായ്മ എന്ന നിലയിൽ WCC ചെയ്തിട്ടുള്ളത്.

പുരുഷാധിപത്യത്തിന് പിരമിഡിന്റെ ഘടനയാണ്. തലപ്പത്തുനിന്നും അല്ലെങ്കിൽ വശങ്ങളിൽ നിന്നും ഒരാളെ വലിച്ചാൽ തീർച്ചയായും അത് തകരും. കളക്ടീവ് ആകുമ്പോൾ ഒരാളും ഒരാൾക്കും മേലെയല്ല, അതുകൊണ്ടുതന്നെ ആളുകൾ വിട്ടു പോകുമ്പോൾ ആ ഘടന അങ്ങനെത്തന്നെ തുടരുകയും ചിലപ്പോൾ പുതിയൊരു തുടർച്ച ഉണ്ടാവുകയും ചെയ്യാം. പുരുഷാധിപത്യമാതൃക മാത്രമേ നിലവിലുണ്ടായിരുന്നുള്ളൂ എന്നതുകൊണ്ടുതന്നെ ആ തരത്തിൽ മാത്രമാണ് ഇത് രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞിട്ടുള്ളത് എന്നാൽ ഞങ്ങളുടെ പ്രവർത്തനങ്ങൾ അത്തരത്തിലുള്ളതായിരുന്നില്ല. കണ്ടു ശീലിച്ച സംഘടനകളിൽ നിന്നും ഏറ്റവും കൂടുതൽ ജനാധിപത്യത്തിന് സാധ്യതയുള്ള ഒരു സംഘടനാരീതിയാണ് കളക്ടീവ് എന്ന് പറയുന്നത്. പ്രത്യേകിച്ചും സ്ത്രീകൾക്ക്. ഈ പുരുഷാധിപത്യവ്യവസ്ഥയിൽ നിന്നും ഞാൻ പുറത്തു വരുമ്പോൾ ഒരു ബദൽ സംവിധാനമാണ് അവിടെ എനിക്ക് ആവശ്യമായിത്തീരുന്നത്.

മലയാളചലച്ചിത്രചരിത്രത്തിൽ ജനപ്രിയരാഷ്ട്രീയ സിനിമക്ക് അടിത്തറയിട്ട തിരക്കഥാകൃത്തായിരുന്നല്ലോ അച്ഛൻ ടി. ദാമോദരൻ. അദ്ദേഹത്തിന്റെ സ്വാധീനത്തിലാണോ സിനിമയിലേക്കുള്ള പ്രവേശനം എളുപ്പത്തിൽ സാധ്യമായത്?

ഏകദേശം 71ഓളം സിനിമകൾ അച്ഛൻ ചെയ്തിട്ടുണ്ട്. അതിലെ 30ൽ കൂടുതൽ സിനിമകൾക്ക് ഞാൻ അച്ഛന് സ്ക്രൈബ് ആയി എഴുതി കൊടുത്തിട്ടുണ്ട്. അക്ഷരങ്ങളെ കുറിച്ചുള്ള സംശയങ്ങൾ എല്ലാം തന്നെ അച്ഛനെ എഴുത്തിൽ അസ്വസ്ഥമാക്കും എന്നുള്ളതുകൊണ്ടുതന്നെ അവസാനം മാത്രമാണ് അത്തരത്തിലുള്ള പരിശോധനകൾ ഉണ്ടായിരുന്നത്. മുതിർന്നപ്പോൾ പ്രമേയത്തിലും സംസാരിക്കേണ്ടതുണ്ടെന്ന് ഞാൻ മനസ്സിലാക്കി. ഫെമിനിസ്റ്റ് ഐഡിയോളജിയിലേക്കൊക്കെ അച്ഛനാണ് എന്നെ നയിച്ചത്. നിങ്ങൾക്ക് പോരായ്മകൾ ഒന്നുമില്ലെന്നും എന്റെ പെൺകുട്ടികളിൽ ഞാൻ സന്തോഷവാനാണെന്ന് പറഞ്ഞ് അതിൽ അഭിമാനിക്കുകയും ചെയ്തിട്ടുണ്ട് അച്ഛൻ.

സ്ത്രീയായ എന്റെ ഉള്ളിലും ഈ പുരുഷാധിപത്യവ്യവസ്ഥയുടെ മൂല്യങ്ങൾ തിരുശേഷിപ്പായി നിൽക്കും. അച്ഛനിൽ ഒരുപക്ഷേ അത് കൂടുതലായിരിക്കാം. ഒരു ഘട്ടത്തിൽ സിനിമയുടെ പ്രമേയങ്ങളെ സംബന്ധിച്ച് ഞങ്ങൾ തമ്മിൽ തർക്കങ്ങൾ ഉണ്ടാവുകയും അച്ഛൻ അത് സ്വീകരിക്കുകയുമൊക്കെ ചെയ്തിട്ടുണ്ട്. അച്ഛന്റെ സിനിമകൾ മിക്കവാറും ഹിറ്റുകൾ തന്നെയാണ്. വിരലിലെണ്ണാവുന്ന സിനിമകൾ മാത്രമേ അങ്ങനെ അല്ലാത്തതായിട്ടുള്ളൂ. ആണുങ്ങളുടേതായിട്ടുള്ള ഒരു ലോകത്തെ തൃപ്തിപ്പെടുത്തിയത് കൊണ്ടായിരിക്കാം അത്രയും സിനിമകൾ ഹിറ്റായി മാറിയത്. സ്ത്രീധനം ആവശ്യപ്പെട്ട് സ്ത്രീകളെ ഉപദ്രവിക്കുന്ന പ്രമേയത്തിലുള്ള സിനിമകൾ ഒന്നും അച്ഛൻ ചെയ്തിട്ടില്ല എന്നുള്ളത് എടുത്തു പറയേണ്ട ഒരു കാര്യം തന്നെയാണ്.

അച്ഛന്റെ സിനിമകളിൽ ഏറ്റവും ഇഷ്ടപ്പെട്ട ഒരു സിനിമ ഏതാണ്?

അച്ഛന്റെ സിനിമകളിൽ ഏറ്റവും ഫെമിനിസ്റ്റിക്കായി എനിക്ക് തോന്നിയിട്ടുള്ളത് 'ഇന്നല്ലെങ്കിൽ നാളെ' എന്ന സിനിമയാണ്. ഇന്നും ഞാൻ അത് മനസ്സിൽ സൂക്ഷിക്കുന്നു. ഒരു ഫെമിനിസ്റ്റ് ആകാൻ എന്നെ ഏറ്റവും കൂടുതൽ സഹായിച്ച ഒരു സിനിമയായിട്ടാണ് ഞാൻ അതിനെ നോക്കികാണുന്നത്.

തിരക്കഥാകൃത്ത് എന്നുള്ള നിലയിലേക്ക് കടന്നു വന്ന സാഹചര്യം എന്തായിരുന്നു?

എനിക്ക് പി.എച്ച്.ഡി. ചെയ്യുന്നതിന്റെ ഭാഗമായി കുറേ ആളുകളുമായി പരിചയപ്പെടാൻ കഴിഞ്ഞതാണ് തിരക്കഥ എഴുതാൻ തോന്നാനുള്ള കാരണം.സ്ത്രീകൾ ഒന്നും തിരക്കഥ എഴുതുന്നില്ല, സംവിധാനം ചെയ്യുന്നില്ല, ഗാനരചനയിലോ ഒന്നുമില്ലെന്ന് അത്ഭുതത്തോടെ ഞാൻ തിരിച്ചറിഞ്ഞ ഒരു സമയം കൂടിയായിരുന്നു അത്. പതുക്കെ ഇതിനുള്ളിലെ രാഷ്ട്രീയം എന്തെന്ന് മനസ്സിലാക്കാൻ ശ്രമിക്കുകയും ഇത്തരം രാഷ്ട്രീയമനുസരിക്കപ്പെടുന്ന ഇടങ്ങളിൽ മാത്രമേ സ്ത്രീകൾ ഉള്ളൂ എന്ന് തിരിച്ചറിയുകയും ചെയ്തു. 35 ഓളം സിനിമകൾ എഴുതിയ സമയത്ത് ഒരു സ്ത്രീക്ക് ചെയ്യാൻ ആകുന്നതേയുള്ളൂ തിരക്കഥാരചന എന്ന് മനസ്സിലാക്കി. പിന്നീട് ഞാൻ തിരക്കഥാകൃത്ത് ആകാൻ ഒരുങ്ങുകയായിരുന്നു.

തിരക്കഥാകൃത്ത് ആയതിനുശേഷം ഉള്ള അനുഭവങ്ങൾ എന്തൊക്കെയാണ് അടുത്തിടെ വന്ന ജോൺ എന്ന സിനിമയെ കുറിച്ചും പറയാമോ?

മൂന്ന് സിനിമകൾ എങ്കിലും എഴുതിയാലേ മാക്റ്റയിലും ഫെഫ്കയിലും അതിന്റെ ബയ്ലോ പ്രകാരം അംഗമാകാൻ സാധിക്കുമായിരുന്നുള്ളൂ. ഞാൻ എഴുതികൊടുത്ത ഒരു രീതിയിലല്ല എന്റെ സിനിമകൾ വന്നിട്ടുള്ളത് എന്നതാണ് സത്യം. ഞാൻ എഴുതിയതല്ല ഇതെന്ന് ഞാൻ പറയണമായിരുന്നു ശരി തന്നെയാണ്. പക്ഷേ എന്റെ തിരക്കഥ പുസ്തകം ആക്കി പുറത്തിറക്കുകയാണ് ഞാൻ ചെയ്തത്. എന്റെ സിനിമകളിലെ ലിംഗഭേദത്തെ കുറിച്ചുള്ള പരാമർശങ്ങൾ അപ്പാടെ മാറ്റപ്പെട്ടിരുന്നു. എന്റെ നഷ്ടപ്പെടുത്തലുകൾ വേറൊരു കാര്യം കിട്ടാൻ വേണ്ടിയായിരുന്നു. രേവതിയുടെ കൂടെ ചെയ്തിട്ടുള്ള സിനിമയിലാണ് എന്താണോ ഞാൻ എഴുതിയത് അത് അതുപോലെതന്നെ പ്രേക്ഷകരിലേക്ക് എത്തിക്കാൻ എനിക്ക് പറ്റിയത്. ജോൺ എന്ന സിനിമയുണ്ടാകുന്നതും ഇങ്ങനെത്തന്നെയാണ്. നിരവധി തിരക്കഥകൾ എഴുതുകയും തലേദിവസം മാറിപ്പോവുകയും ചെയ്തിട്ടുള്ള അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പറയുന്ന പ്രമേയങ്ങൾ അങ്ങനെ അല്ലാതെ വരാൻ തുടങ്ങിയപ്പോൾ പോട്ടെ എന്ന് വയ്ക്കേണ്ട ഒരു കാര്യമുണ്ടോ എന്നുപോലും തോന്നിയിട്ടുണ്ട്.

സിനിമാ ചർച്ചകളിൽപോകുന്ന സമയത്ത് എനിക്ക് സമ്മതിച്ചു കൊടുക്കേണ്ടിവരുന്ന ഒരു കാര്യം 'ഞാൻ ഇങ്ങനെയൊക്കെ പറയുകയും പക്ഷേ എന്റെ സിനിമകൾ അങ്ങനെ അല്ലാതിരിക്കുകയും ചെയ്യുന്നു' എന്നുള്ളതാണ്. എന്റെ കയ്യൊപ്പില്ലാത്ത സിനിമ എന്റേതാണെന്ന് പറയാൻ എനിക്ക് ബുദ്ധിമുട്ടുണ്ടായിരുന്നു. എന്റേതാണെന്ന് പറയുന്ന സിനിമയെ ഇനി എന്റെ പേരോട് കൂടി ഇറങ്ങേണ്ടതുള്ളൂ എന്നും ഞാൻ തീരുമാനിച്ചു. ശ്രീനാരായണഗുരു ഇതെന്റെ ശിവനാണ് എന്നു പറഞ്ഞതുപോലെ എന്റെ സിനിമയാണ് ഇത് എന്ന് പറഞ്ഞു കൊണ്ടാണ് ഞാൻ ഒരു സിനിമയെ ഇനി പുറത്തെത്തിക്കുക. അതിന്റെ ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു.

തിരക്കഥാകൃത്താകുന്ന സ്ത്രീകളുടെ ചരിത്രവും നിർമ്മിക്കപ്പെടേണ്ടതല്ലേ? അത്തരം എന്തെങ്കിലും അന്വേഷണങ്ങൾ ഉണ്ടായിട്ടുള്ളതായി അറിവുണ്ടോ? അതിനു സാധ്യതകളുണ്ടോ?

തീർച്ചയായും തിരക്കഥാകൃത്തുക്കൾ ആകുന്ന സ്ത്രീകളെക്കുറിച്ച് പഠിക്കപ്പെടേതുണ്ട്. പക്ഷേ അവരുടെ യാത്രയ്ക്ക് അത്രയും ബൃഹത്പഠനങ്ങൾ ഒന്നും ആവശ്യമില്ല. കാരണം, വളരെ കുറച്ച് ആളുകൾ മാത്രമേ തിരക്കഥകൾ എഴുതുന്നുള്ളൂ. ഓരോ മേഖലയിലും സ്ത്രീ ആവിഷ്കാരങ്ങൾക്ക് എന്തൊക്കെ തടസ്സങ്ങളാണ് ഉണ്ടാകുന്നത് എന്നുള്ളത് ആലോചിക്കേണ്ടതുണ്ട്. പിന്നെ അത്തരം സാധ്യതകൾ നമ്മൾ ഉണ്ടാക്കിയെടുക്കുന്നതാണ്. എന്തിനും സാധ്യതയുള്ളതുകൊണ്ട് അന്വേഷണങ്ങളും ചരിത്രങ്ങളും നമുക്ക് പ്രതീക്ഷിക്കാം.

തൊഴിലുമായി ബന്ധപ്പെട്ടോ അല്ലാതെയോ ഏതെങ്കിലും തരത്തിലുള്ള അവഗണനകളോ പ്രയാസങ്ങളോ നേരിടേതായി വന്നിട്ടുണ്ടോ ?

തീർച്ചയായും ഉണ്ട്. ഗൂഢാലോചനാ സിദ്ധാന്തങ്ങളോടൊന്നും താല്പര്യമില്ലാത്തതുകൊണ്ട് തനിയേ മാറിപ്പോയ സിനിമകൾക്ക് പുറമേ ഞാൻ പോയിട്ടില്ല. വ്യക്തി ബന്ധങ്ങൾക്ക് പോലും പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. WCCയിൽ അംഗമായതോടെ തമാശരൂപത്തിലും അല്ലാതെയും ഫ്രോയിഡ് പറഞ്ഞപോലെ 'നോ ജോക്ക് ഈസ് എ ജോക്ക്' അവസ്ഥയിലൂടെ കടന്നുപോയിട്ടുണ്ട്. തമാശയിലൂടെ അവർ ഒളിച്ചുകടത്തുന്നത് എന്താണെന്ന് എനിക്കറിയാം. അത്തരം ഒറ്റപ്പെടുത്തലുകൾ ധാരാളം ഉണ്ടായിട്ടും ഒരാൾ ഇല്ലാതാക്കാൻ നോക്കുമ്പോൾ ഇല്ലാതായി പോകരുത് എന്ന് ശഠിച്ചിരുന്നു. അത്തരം ദുർബല തീരുമാനങ്ങൾ എടുക്കാതിരിക്കാൻ ഞാൻ എന്നെത്തന്നെ പ്രാപ്തയാക്കിയിരുന്നു.

അധ്യാപിക, തിരക്കഥാകൃത്ത്, ആക്റ്റീവിസ്റ്റ്, തുടങ്ങി നിരവധി മേഖലയിൽ പ്രവർത്തിക്കുന്ന ആളാണ്. ഏതു രംഗത്തെ പ്രവർത്തനമാണ് കൂടുതൽ താല്പര്യപ്പെടുന്നത്.?

എന്നെ സംബന്ധിച്ചിടത്തോളം അങ്ങനെ പ്രത്യേകിച്ച് ഇന്ന മേഖലയിൽ താല്പര്യമെന്നൊന്നില്ല. അടിസ്ഥാനപരമായി ഒരു ഫെമിനിസ്റ്റ് ആയതുകൊണ്ടുതന്നെ എന്റെ എല്ലാതരത്തിലുള്ള ഇടപെടലുകളും അതിന്റെ തന്നെ പ്രകാശനങ്ങളായിരുന്നു. എല്ലാകാര്യത്തിലും ഒരു പെൺവായന നടത്താൻ കുട്ടികളോടും ഞാൻ ആവശ്യപ്പെട്ടിരുന്നു.പ്രത്യേകിച്ചും ക്ലാസിക്കുകളുടെ കാര്യത്തിൽ.

കേരളത്തിലെ ഫെമിനിസ്റ്റ് മൂവ്മെന്റുകൾ ഉണ്ടായ സമയത്ത് അതിന്റെ ഭാഗമായി നിൽക്കാൻപറ്റി എന്നുള്ളത് ഒരു വലിയ കാര്യമായിട്ടാണ് ഞാൻ കാണുന്നത്. അജിത, സാറാജോസഫ് എന്നിവർക്കൊപ്പം പ്രവർത്തിക്കാൻ സാധിച്ചു. സാറാജോസഫിന്റെ ഒരു സംഗീതശില്പം തെരുവ് നാടകമായി അവതരിപ്പിച്ചപ്പോൾ അതിന്റെ റിഹേഴ്സലിന് അവർ വീട്ടിൽ വന്നത് നല്ല ഓർമ്മകളായി എന്റെ ഉള്ളിൽ ഉണ്ട്. എന്നെ രൂപപ്പെടുത്തുന്നതിൽ ഇരുവരും ചെറുതല്ലാത്ത പങ്ക് വഹിച്ചു. ജീവിതത്തിലെ ഏതുതരം ഇടപെടലുകളും എഴുത്ത്, അധ്യാപനം, എല്ലാത്തിലും ഇവിടെ സ്ത്രീകൾ ഉണ്ട്. അവർക്ക് അഭിമാനത്തോടെ ജീവിക്കേണ്ടതുണ്ട് അടിസ്ഥാനപരമായി മികച്ചയിടങ്ങളുള്ള ലോകത്തെ സൃഷ്ടിക്കാൻ നിരന്തരം ഞാനും ശ്രമിച്ചുകൊണ്ടിരിക്കുന്നു.

ഒരു സ്ത്രീയ്ക്ക് ഒരു ഫെമിനിസ്റ്റ് ആകാതിരിക്കാൻ ആവില്ല എന്നാണ് ഞാൻ കരുതുന്നത്. പക്ഷെ ഇന്നും ഫെമിനിസ്റ്റ് എന്ന വാക്ക് കളിയാക്കലുകളിൽ കടന്നുവരുന്നുണ്ട്. അത് എന്തുകൊണ്ടായിരിക്കും? ഫെമിനിസ്റ്റ് ആകാൻ പാടില്ല എന്നു പറയുന്ന സ്ത്രീകളെ കണ്ടിട്ടുണ്ട്. അവരുടെ ഈ ചിന്തയിൽ ആണധികാരത്തിന്റെ സ്വാധീനം ഉണ്ടാകുന്നുണ്ടോ?

ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത് അങ്ങനെ ഒരു സ്ത്രീ പറയുന്നുണ്ടെങ്കിൽ അതൊരു സ്ത്രീ അല്ല പറയുന്നതെന്ന് വ്യക്തമാണ്. പുരുഷാധിപത്യത്തിന്റെ കൈകടത്തൽ അവിടെയുണ്ട്. അത്തരം സ്ത്രീകളെ സഹതാപത്തോടെ കൂടിയേ നോക്കി കാണാനും സാധിക്കൂ. ഒരുപക്ഷേ ഈ വിഷയത്തിൽ തിരിച്ചറിവ് ഉണ്ടായിട്ടും മറ്റു സ്വാധീനത്താൽ അങ്ങനെ പറയുന്നവരും ഉണ്ടാകും. ചിലർ തിരിച്ചറിഞ്ഞിട്ടുപോലുമുണ്ടാവില്ല, അതിനെ ശ്രമിച്ചിട്ടും ഉണ്ടാവില്ല. ശക്തമായ ഒരു സംവിധാനത്തിനകത്ത് അതിലെ പാവം കണ്ണികൾ ദുർബലരായിട്ടുള്ള മനുഷ്യർക്ക് തങ്ങളുടെ താൽപര്യങ്ങൾക്കും ചിന്തകൾക്കും എതിരാണ് തങ്ങൾ പ്രവർത്തിക്കുന്നതെന്ന് അറിയാനാകില്ല. കാരണം ഓരോ പെൺകുട്ടിയും സ്വപ്നം കാണുന്നത് അവളുടെ കല്യാണമാണ്. അത് എത്ര വലിയ നഷ്ടമാണ് ഉണ്ടാക്കുന്നത് എന്ന് അറിയാമെങ്കിൽ പോലും. നിരവധി ഉദാഹരണങ്ങൾ നമുക്കുമുമ്പിൽ തന്നെയുണ്ട്. എന്നാലും ഒരു പെൺകുട്ടി ഒരുങ്ങുന്നത് കല്യാണത്തിനാണ്. നീട്ടി വളർത്തിയ മുടി സൗന്ദര്യമായിട്ടാണ് കാണുന്നത്. ഏത് ഗാർഹിക പീഡനത്തിന്റെയും കൗൺസിലിംഗ് സെന്ററിൽ എത്തിനോക്കുന്ന സമയത്ത് നമുക്ക് അറിയാൻ പറ്റും അയാൾ കുത്തിപ്പിടിക്കുന്നത് അവളുടെ മുടിയിൽ ആണെന്ന്. നീണ്ട മുടി താൽപര്യപ്പെടുന്ന പുരുഷന് മുന്നിൽ ആരും മുടി മുറിച്ച് പ്രതിഷേധിക്കുന്നില്ല. തൊഴിൽപരമായ വ്യക്തിത്വത്തിന് പുറമേ താനുമായി തന്റെ പുരുഷനെ ചേർത്തു നിർത്താൻ സ്ത്രീ ആഗ്രഹിക്കുന്നു എന്നുള്ളതും ഒരു വൈരുദ്ധ്യമാണ്.

സിനിമാമേഖലയിൽ സാധാരണ ഗതിയിൽ എന്തൊക്കെ തരത്തിലുള്ള പ്രശ്നങ്ങളാണ് കൂടുതലായിട്ടുമുള്ളത്? അവയ്ക്ക് എന്തൊക്കെ പരിഹാരങ്ങൾ നിർദേശിക്കാം ?

സിനിമയിലും പുരുഷാധിപത്യമാണ് നിലനിൽക്കുന്നത്. ഇവിടെ പണമാണ് നിയന്ത്രണാധികാരി. അത് കയ്യാളുന്നത് പുരുഷന്മാരാണ് എന്നതുകൊണ്ടു തന്നെ താൽപ്പര്യങ്ങൾ അവരുടേതാണ്. അതാണ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്.

അടിസ്ഥാനപരമായി തുല്യനീതി എന്നു പറഞ്ഞാൽപ്പിന്നെ മാറ്റങ്ങൾ ഓരോന്നോരോന്നായി കൊണ്ടുവരേണ്ടതില്ല. സിനിമാമേഖല സ്ത്രീ സൗഹൃദമാക്കി എങ്ങനെ മാറ്റാം എന്ന ആലോചനകൾ ഉണ്ടാകേണ്ടതുണ്ട്.

പലപ്പോഴും അഭിനേതാക്കൾ എന്ന നിലയിൽ മാത്രം സ്ത്രീകൾ സിനിമയിൽ പരിമിതപ്പെടുകയാണ്. ഹോളിവുഡിനെയും ബോളിവുഡിനെയും വെച്ച് നോക്കുമ്പോൾ സംവിധാനം, തിരക്കഥ, മറ്റ് ടെക്നിക്കൽ വശങ്ങളിലേക്ക് ഇപ്പോഴും സ്ത്രീകളുടെ രംഗപ്രവേശനത്തിന് മലയാള സിനിമയിൽ അവസരങ്ങൾ കുറവാണ്. മനപ്പൂർവം സ്ത്രീ പ്രാതിനിധ്യം തടയാനുള്ള ഒരു ശ്രമം പുരുഷ കേന്ദ്രീകൃതമായ മലയാള സിനിമയിൽ ഉണ്ടെന്ന് കരുതുന്നുണ്ടോ ?

സാധാരണ ആണായാലും പെണ്ണായാലും എന്താണ് ചെയ്യാൻ താല്പര്യം എന്ന് ചോദിക്കുമ്പോൾ വളരെ പരമ്പരാഗതമായ മറുപടി അല്ല വീട്ടുകാർക്ക് ലഭിക്കുന്നതെങ്കിൽ അവരതിൽ പ്രശ്നമുണ്ടാക്കും.സ്ത്രീകളെ സംബന്ധിച്ചിടത്തോളം അവർക്ക് കുടുംബത്തെ പറഞ്ഞു മനസ്സിലാക്കുക എന്നൊരു ഇരട്ടി ഭാരം കൂടിയുണ്ട്. സിനിമക്കകത്തേക്ക് ഒരു സ്ത്രീ പ്രവേശിക്കുന്നതിനെ പലതരത്തിൽ അതിന് പുറത്തു നിൽക്കുന്നവർ നോക്കിക്കാണാറുണ്ട്

അവൈലബിൾ അഥവാ ലഭ്യമാണ് എന്നു പറയുന്നത് പോലെ ആണ് ആ കാഴ്ച്ച വളരുന്നത്.അടിസ്ഥാന സൗകര്യമൊന്നും ഇല്ലാതിരിക്കുന്നതും വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്.

ടെക്നിക്കൽ കാര്യങ്ങൾ പഠിച്ചിറങ്ങുന്ന പെൺകുട്ടികൾ കുറവാണ്. അവസരങ്ങളും അവർക്ക് നന്നേ കുറവാണ്. എന്റെ അഭിപ്രായത്തിൽ ടെക്നിക്കൽ മേഖലയിലേക്ക് പെൺകുട്ടികൾ/സ്ത്രീകൾ കടന്നു വരുന്ന തിനുവേണ്ടി എന്തെങ്കിലും നയരൂപീകരണം നടത്തണം. സൗജന്യമായി പഠിക്കാൻ അവസരം നൽകുക മുതലായവ ആലോചിക്കാവുന്നതാണ്.

ഒരു സിനിമയിൽ ഇത്ര ശതമാനം സ്ത്രീകൾ ഉണ്ടെങ്കിൽ സിനിമയ്ക്ക് ഒരു സബ്സിഡി സർക്കാർ കൊടുക്കുകയാണെങ്കിൽ കാര്യങ്ങൾ കുറെയേറെ മാറും എന്ന് തോന്നുന്നു. അവസരങ്ങൾ നൽകിയാലേ ആർക്കായാലും എവിടെക്കായാലും പ്രവേശിക്കാൻ സാധിക്കൂ.

പുരുഷനോട്ടങ്ങളിലൂടെയല്ലാതെ സ്ത്രീകളെ സ്ത്രീകളായി തന്നെ നോക്കി കണ്ടുകൊണ്ടു നിർമ്മിക്കുന്ന സ്ത്രീകഥാപാത്രങ്ങൾ ശ്രദ്ധയി ൽപ്പെട്ടിട്ടുണ്ടോ?

സാധ്യത കുറവാണ്. സിനിമയുടെ ഭാഷ (സിനിമാറ്റിക് ലാംഗ്വേജ്) തിരക്കഥയുടേത് മാത്രമല്ല. തിരക്കഥയിൽ വിനിമയം ചെയ്യപ്പെടുന്ന കാര്യങ്ങൾ പലതാണ്. അതിന്റെ ഉപകരണം (ടൂൾ) എന്നുപറയുന്നത് പേനയല്ല, ക്യാമറയാണ്. അതുകൊണ്ടാണ് സിനിമയെ പുരുഷനോട്ടം (മെയിൽ ഗെയ്സ്) എന്നു പറയുന്നത്. ഫൗസിയ ഫാത്തിമ, അഞ്ജലി ശുക്ല തുടങ്ങിയവരെ ഒഴിച്ചാൽ വളരെ അപൂർവമായേ ക്യാമറയ്ക്കുപിന്നിൽ സ്ത്രീകളുള്ളൂ.അതുകൊണ്ടുതന്നെ എങ്ങനെയൊക്കെ ആഖ്യാനം നിർവ ഹിച്ചാലും അതിൽ പുരുഷ കേന്ദ്രീകൃത കാഴ്ചപ്പാടുകൾ മുന്നിട്ടു നിൽക്കും.

കാഴ്ചയുടെ ഭാഗം മാത്രമായിട്ട് സ്ത്രീകൾ മാറുന്നുണ്ട്. സ്ത്രീകൾ കാഴ്ചയ്ക്കുള്ളതു മാത്രമാണ് എന്നുള്ള തോന്നൽ കൊണ്ടായിരിക്കുമോ അങ്ങനെ സംഭവിക്കുന്നത്?

സിനിമയുടെ എല്ലാ സിദ്ധാന്തങ്ങളും പറയുന്നത് പുരുഷനോട്ടം എന്നാണ്. ഈ സിദ്ധാന്തങ്ങളുടെ അടിസ്ഥാനവാക്കുതന്നെ പുരുഷനോട്ടം എന്നാണ്. ക്യാമറയ്ക്ക് പിന്നിൽ നിൽക്കുന്ന ആളുടെ താൽപര്യം എന്താണോ അതാണ് പുറത്തേക്ക് കാണാൻ ആകുന്നത്.

ബൈസെക്ഷ്വലോ ലെസ്ബിയനോ അല്ലാത്ത ഒരാൾ സിനിമ കാണുമ്പോൾ എതിർ ലിംഗത്തിൽപ്പെട്ടയാളുടെ നനഞ്ഞ മേനി എനിക്കു കാണിച്ചു തന്നിട്ടില്ല എന്നു ചിന്തിക്കുകയോ ഹെഡ്രോസെക്ഷ്വൽ ആണെങ്കിൽ പോലും ആ വ്യക്തി തന്റെ താൽപ്പര്യങ്ങൾ തുറന്നുപറ യുകയോ ചെയ്യുന്നില്ല. ഇനി ഒരു സ്ത്രീ അത്രയും ഭീകരമായി സിനിമയിൽ അവഹേളിക്കപ്പെടുമ്പോൾപോലും നമ്മൾ ആ സിനിമ കാണാതെ ഇറങ്ങിപ്പോരില്ല. ഒരു സ്ത്രീയുടെ ഉള്ളിലെ സ്ത്രീയെ ഉണർത്താതിരിക്കാൻ സിനിമയിൽ തന്ത്രപൂർവ്വം ശ്രമങ്ങൾ ഉണ്ടാക്കുന്നതു കൊണ്ടാണത്.

ഏതെങ്കിലും വിഷയത്തിൽ പ്രതികരിക്കുമ്പോൾ എന്തുകൊായിരിക്കും ഈ പ്രതികരിക്കുന്നവരെ (സ്ത്രീകൾ,പുരുഷന്മാർ, ദളിതർ, മറ്റുള്ളവർ) പ്രശ്നക്കാരായിമാത്രം കണ്ട് ചർച്ചകൾ ഉണ്ടാകുന്നത്? ട്രാൻസ്ജെന്റർ വിഷയങ്ങൾ എന്തുകൊണ്ട് മാറ്റിനിർത്തപ്പെടുന്നു?

നമ്മൾ ഏതൊരു കാര്യവും പറയുമ്പോൾ സംഭവിക്കുന്നത് അനുസ രണക്കേടാണ്. വലിയ തെറ്റായി തന്നെയാണ് സമൂഹം അതിനെ കാണുന്നത്. ചെയ്യുന്ന തെറ്റിന് എന്തായാലും ഫൈൻ അടപ്പിച്ചി രിക്കും. സ്ത്രീകൾ പ്രശ്നങ്ങൾ പറയുമ്പോൾ അതിലും എത്രയോ മടങ്ങ് പ്രശ്നത്തിലാകും ഒരു ട്രാൻസ്ജെൻഡർ ഉണ്ടാവുക എന്ന് ഓർക്കണം. ന്യൂനപക്ഷവിഭാഗങ്ങളു ടെ മുഖ്യധാരയിലേക്കുള്ള കട ന്നു വരവ് വലിയ ബുദ്ധിമുട്ടാണ്. സ്ത്രീക്ക് അവിടെ താൻ ആരാണ് എന്നുള്ളത് വെളിപ്പെടുത്തേി വരുന്നില്ല. ന്യൂനപക്ഷ വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം താൻ ആരാണ് എന്ന് വെളിപ്പെടു ത്തുക എന്നുള്ളത് വലിയൊരു കടമ്പയാണ്. സമൂഹത്തിന്റെ വിധിക ൾക്കും മുൻവിധികൾക്കും അപ്പുറം പ്രവർത്തിക്കുമ്പോൾ അവരെല്ലാം വഴിപിഴച്ചവരും മുഖ്യധാരയ്ക്ക് പുറ ത്തു നിൽക്കുന്നവരും ആയിത്തീരും.

ഏതുരംഗത്തും പ്രവർത്തിക്കുന്ന സ്ത്രീയോ പുരുഷനോ ആരോ ആയി ക്കൊള്ളട്ടെ, തന്റെ ഏതെങ്കിലും ഒരു തരത്തിലുള്ള അനുഭവം അവര് ഒരു ഓൺലൈൻ പ്ലാറ്റ്ഫോമിൽ തുറന്നു പറയുന്ന സമയത്ത് ആ ഒരു പോസ്റ്റിനുതാഴെ പ്രത്യക്ഷപ്പെടുന്ന കമന്റുകൾ അത് വികൃതമായ ചിന്ത യുടെയും അതുപോലെതന്നെ ആക്ഷേപത്തിന്റെയും വ്യക്തിഹത്യ യുടെയും വലിയൊരു സങ്കലനമാണ്. അതിനെ എങ്ങനെ നോക്കിക്കാ ണുന്നു?

നിരാശയിലാണ്ട് മുങ്ങിക്കഴിഞ്ഞി രിക്കുന്ന മനുഷ്യരുടെ വിഷയമാണിത്. തീർത്തും അവഗണിക്കാവുന്നതേ യുള്ളൂ എന്നാണ് കരുതുന്നത്. ഇരുട്ടത്ത് ഇണചേരുകയും ജനിക്കു കയും ചെയ്തവരാണ് എല്ലാവരും. ഇരുട്ടിന്റെ സന്തതികൾ ആയതുകൊ ണ്ടുതന്നെ ഏതെങ്കിലും തരത്തിലു ള്ള വൈകൃതങ്ങൾ

നമ്മൾ കാണിക്കാതിരിക്കില്ല. സമൂഹമാധ്യമങ്ങളിലെ ഏതെങ്കിലും ഒരു പോസ്റ്റിന് താഴെ കമന്റുകൾ ഇട്ടുകൊണ്ട് അല്ലെങ്കിൽ ബാത്റൂമുകളിൽ എഴുതിക്കൊണ്ട് അവരത് പുറത്തു കാണിക്കുകയാണെങ്കിൽ അത്തരത്തിലുള്ള ശമനം അവർക്ക് കിട്ടുമെങ്കിൽ അത് നല്ലതു തന്നെയല്ലേ.

കുറച്ചു വർഷങ്ങൾക്കുമുൻപ് നടി കനി കുസൃതി തനിക്ക് ലഭിച്ചിട്ടുള്ള അഭിനയ മികവിന്റെ സംസ്ഥാനുരസ്കാരം 'ആട്ടിയോടിക്കപ്പെട്ട ആദ്യകാല നടി റോസിക്ക് ഞാൻ സമർപ്പിക്കുന്നു 'എന്ന് പറഞ്ഞിരുന്നത് ഒരു വലിയ വാർത്തയായിരുന്നു. അത്തരം ചേർത്തുനിർത്തൽ ആവശ്യമായിട്ടുള്ളത് തന്നെയാണ്. പക്ഷേ എത്രമാത്രം സ്ത്രീകൾ സ്ത്രീകളെ തന്നെ ചേർത്തുനിർത്തുന്നു? പുരുഷന്മാർ പുരുഷന്മാരെയും അല്ലെങ്കിൽ ട്രാൻസ്ജെൻഡർ ട്രാൻസ്ജെൻഡേർസിനെയും ഒക്കെ ചേർത്തു നിർത്തുന്നു ?

കനി അങ്ങനെ പറയുമ്പോൾ അത് വലിയൊരു പ്രസ്താവനയാകുന്നത് മലയാളസിനിമയ്ക്ക് പിതാവേ ഉള്ളൂ എന്നതുകൊണ്ടല്ലേ?അതുപോലെ രാഷ്ട്രത്തിനും പിതാവേ ഉള്ളൂ പ്രസിഡന്റിനെ രാഷ്ട്രപതി എന്നാണ് നമ്മൾ വിളിക്കുന്നത് അവരെ വിശേഷിപ്പിക്കാൻ ഒരു സ്ത്രീലിംഗപദമില്ല. പി.കെ.റോസിയുടെ പേരിലല്ല ജെ.സി. ഡാനിയലിന്റെ പേരിലാണ് അടുത്തിടെ നടി ഷീല അവാർഡ് വാങ്ങുന്നത്. പക്ഷേ അവർക്ക് തോന്നുന്നില്ല പി.കെ. റോസിയുടെ പേരിലുള്ള അവാർഡ് ആണ് താൻ വാങ്ങേണ്ടിയിരുന്നത് എന്ന്. ജെ.സി. ഡാനിയലിനെ പിതാവ് എന്ന് വിളിക്കുന്നതിൽ തെറ്റുണ്ട് എന്നല്ല, സാമ്പത്തികമായി അദ്ദേഹത്തിന് ഒരുപാട് നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പി.കെ. റോസിക്ക് നഷ്ടപ്പെട്ടതുമായി താരതമ്യം ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ നഷ്ടങ്ങൾ എത്രയോ ചെറുതാണ്. പി.കെ. റോസിയുടെ ഒരു ചിത്രം പോലും നമുക്കില്ല. ജീവിതം തന്നെ ഇല്ലാതാക്കി. ജീവനോടെയുണ്ടോ എന്നുപോലും ആർക്കും അറിയില്ല. അവരുടെ പേരിൽ അല്ലാതെ എങ്ങനെയാണ് മലയാള സിനിമ അറിയപ്പെടേണ്ടിയിരുന്നത്?

ലിംഗനീതിയുടെയും സമത്വത്തിന്റെയും പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാനുള്ള ശ്രമങ്ങളും മലയാളസിനിമയിൽ പുതുമയും പോസിറ്റീവുമായ പ്രവണതയായി കാണുന്നു. അതിനെ എങ്ങനെവിലയിരുത്തുന്നു?

ഇതിവൃത്തങ്ങളുടെ കാര്യത്തിൽ എപ്പോഴും പറയുന്നത് പുരുഷ കേന്ദ്രീകൃതമാണ് അവ എന്നതാണ്. മമ്മൂട്ടിയെ പോലൊരു നടൻ കാതൽ എന്നുള്ള സിനിമയിൽ അഭിനയിക്കുന്നു എന്നതാണ് ആ സിനിമയെ ശ്രദ്ധേയമാക്കുന്നത്. തന്റെ സ്നേഹത്തെ കണ്ണാടിയിൽ മാത്രം ചേർത്തു പിടിക്കേണ്ടിവരുന്ന സുധിയെ ഓർക്കുന്നില്ലേ? ഇടപെടലുകൾ വളരെ പോസിറ്റീവ് ആയിത്തന്നെ കാണുന്നു. ജിയോ ബേബിയെ പോലുള്ള സംവിധായകന്റെ സിനിമ പ്രത്യേകിച്ചും. അദ്ദേഹത്തിന്റെ തന്നെ ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ എന്നുള്ള സിനിമയിൽ മുഖ്യകഥാപാത്രം ആയിട്ടുള്ള സ്ത്രീയും പുരുഷനും ഒരേ പ്രതിഫലത്തിലാണോ അഭിനയിച്ചത് എന്നുള്ള ചോദ്യം വരുന്നിടത്ത് ആ സിനിമയോടുള്ള ആവേശം അവസാനിക്കുന്നുണ്ടെന്നുകൂടി മനസിലാക്കണം.

സ്ത്രീകൾ അവകാശസംരക്ഷണത്തിനു പോരാടുമ്പോൾ അത് അവരുടെ അഹങ്കാരം എന്നാണ് വ്യാഖ്യാനിക്കപ്പെടുന്നത്. ഇവിടെ ഞങ്ങൾ നൽകേണ്ടതാണ് അവകാശങ്ങൾ എന്നുള്ള ബോധം പുരുഷന്മാർക്കും അവരിൽ ..നിന്ന് ഞങ്ങൾക്ക്കിട്ടേണ്ടതാണ് അവകാശങ്ങൾ എന്നുള്ള ഒരു ബോധം സ്ത്രീക്കും ഉണ്ടാകുന്നുണ്ടോ?

പുരുഷാധിപത്യവ്യവസ്ഥയിൽ നിന്ന് ഉൽഭവിക്കുന്ന ചിന്തകളാണ് അവകാശം കൊടുക്കുക എന്നുള്ളത്. പേറ്റുനോവുപോലും 'അവനവന്റെ' എന്നാണ് പറഞ്ഞിരുന്നത് എന്തുകൊണ്ട് 'അവളവളുടെ' എന്ന് പറഞ്ഞുകൂടാ എന്ന് സാറാജോസഫ് ഒരിക്കൽ ചോദിക്കുകയുണ്ടായി. ഷുവാൾക്കർ സ്ത്രീകളോട് അവശ്യപ്പെടുന്നതും നിങ്ങളുടെ ചരിത്രം പറയാൻ പുതിയ വാക്കുകൾ ഉണ്ടാക്കാനും കണ്ടുപിടിക്കാനുമാണ്.

തുറന്നുപറച്ചിൽ കൊണ്ടുണ്ടാകുന്ന ഭവിഷ്യത്തുകൾ പലർക്കും തങ്ങൾ നേരിടുന്ന ചൂഷണം തുറന്നു പറയുന്നതിനുള്ള ഭയത്തിനു കാരണമാകുന്നുണ്ട്. ഏതൊക്കെ തരത്തിൽ അതിനെ മറികടക്കാം?

ഉണ്ടാകാൻ പോകുന്ന ഭവിഷ്യത്തുകൾ തനിക്ക് ഉണ്ടായിരിക്കുന്ന നഷ്ടത്തേക്കാൾ ഒന്നുമല്ല എന്നുള്ള തിരിച്ചറിവ് തന്നെയാണ് അവിടെ പ്രധാനമാകുന്നത്. തന്റെ തീരുമാനങ്ങൾ ആർക്കെങ്കിലും ധൈര്യം പകർന്നാൽ അതുതന്നെയാണ് വലിയ നേട്ടം.

ദളിത്, സ്ത്രീ, പരിസ്ഥിതി ഇവ എന്നും പ്രശ്നവൽക്കരിക്കപ്പെടുന്ന വിഷയങ്ങളാണ്. എന്ത് കാരണമാകാം അതിന് അടിസ്ഥാനമായി പ്രവർത്തിക്കുന്നത്?

അരികുവൽക്കരണത്തിന്റെ ഭാഗമായി എങ്ങനെയാണ് ഇത്തരത്തിൽ ഒരു ചേർത്തുനിർത്തൽ എന്ന് എനിക്ക് മനസ്സിലാകുന്നില്ല. നമ്മൾ വിചാരിക്കേത് ഇതിനെ പൊളിച്ചെഴുതാനാണ്. ഇത് ഒരു കുടക്കീഴിൽ വരുന്ന വാക്കുകൾ ആണ് എന്ന് ഞാൻ കരുതുന്നില്ല. ഓരോന്നും സവിശേഷ സ്വഭാവമുള്ള മേഖലയാണ് എന്നിരിക്കെ അത്തരത്തിലുള്ള പഠനങ്ങളും ഇടപെടലുകളുമാണ് നടക്കേണ്ടത്.

ആക്റ്റീവിസ്റ്റ് എന്ന നിലയിൽ ദളിത് പ്രശ്നങ്ങളെ എങ്ങനെ നോക്കി കാണുന്നു?

എല്ലാ അനുഭാവത്തോടും കൂടി അവരുടെ പ്രശ്നങ്ങളിൽ ഞാൻ കൂടെ നിന്നിട്ടുണ്ട്. അവരായിരിക്കുക എന്നത് അവരാണ് ചെയ്യേത്. അതിന് ഞാനല്ല. അവർ തന്നെയാണ് മുന്നോട്ടിറങ്ങേതും. എല്ലാ പിന്തുണയും എന്റെ ഭാഗത്തുനിന്നും ഉണ്ട്. അവനവന് വേണ്ടി അവരവർ തന്നെയാണ് സംസാരിക്കേണ്ടത്. അവരെ അതിന് പ്രാപ്തരാക്കുക എന്നുള്ളതാണ് പ്രധാനം. മുഖ്യധാരയിൽ നിന്നും മാറ്റിനിർത്തപ്പെടുന്ന ഒരു വിഭാഗം ജനങ്ങൾ എന്നുള്ള നിലയിൽ ഒട്ടനവധി പ്രശ്നങ്ങൾ അവർക്കും ഒപ്പം സ്ത്രീകൾക്കും മനസ്സിലാക്കാൻ ആകുമെന്ന് ഞാൻ കരുതുന്നു. അതുകൊണ്ടുതന്നെ നമുക്കുള്ളിൽ ജൈവികമായി ആ അനുഭാവം എന്നും നിലനിൽക്കും.



ദളിത് രചനകൾ ആഘോഷിക്കപെടാത്തത് എന്തുകൊണ്ടായിരിക്കും?

മറ്റു താൽപര്യങ്ങൾക്കെതിരായതുകൊണ്ട് തന്നെയാണ് ദളിത് രചനകൾ ആഘോഷിക്കപ്പെടാതിരിക്കുന്നത്. അധികാരവ്യവസ്ഥയിൽ അഭിരമിക്കാനുതകുന്ന ചിന്തകൾക്കും കൃതികൾക്കും മാത്രമേ നിലനിൽക്കാൻ സാധിക്കൂ. മുതലാളിത്തത്തിന്റെ നിയന്ത്രണവും ഇവിടെ ശക്തമാണ്.

പെൺസാഹിത്യം വേറെ ദളിത് സാഹിത്യം വേറെ എന്നു പറയും. സാഹിത്യം എന്ന് പറയുന്ന എന്തോ ഒന്ന് ഇതൊന്നുമല്ലാത്ത ഒന്നായി നിലനിൽക്കുന്നുണ്ടെന്നും ഇതരകാര്യങ്ങൾക്ക് പുറത്തുനിൽക്കുന്നതാണെന്നും ഒരു തോന്നൽ ഉണ്ട്. സവർണസാഹിത്യമാണ് സ്വീകാര്യമാകുന്നത്. ഇതിനെതിരെ സിനിമകൾ ചെറിയ തോതിലല്ലാ പ്രതികരിച്ചിരിക്കുന്നത്.

ദളിത്‌വിഭാഗത്തിൽനിന്നുവരുന്ന കുട്ടികളെ അടിക്കുകയും നിലത്തിരുത്തുകയും സഹപാഠികളെക്കൊണ്ട് മുഖത്തടിപ്പിക്കുകയും ചെയ്യുന്ന അധ്യാപകർ. എപിജെ അബ്ദുൽ കലാമിന്റെയും ഗാന്ധിജിയുടെയും അനുഭവങ്ങളിൽ നിന്നാണ് നമ്മൾ ഇവ വായിച്ചറിഞ്ഞിട്ടുള്ളത്. എന്നാൽ നോർത്തിന്ത്യയിൽ അത്തരം സംഭവങ്ങൾ കൂടുതലായി അരങ്ങേറുന്നു. ആ ഒരു മാനസികാവസ്ഥയിലേക്ക് എന്തുകൊണ്ടായിരിക്കും അധ്യാപകർ എത്തിച്ചേരുന്നത് എന്നുള്ളതിനെ അധ്യാപിക എന്ന നിലയിൽ എങ്ങനെ വിലയിരുത്തുന്നു?

അവർണ്ണൻ എന്ന വാക്കുതന്നെ ഹിന്ദു അല്ലാത്തവൻ എന്നാണ് എന്നുള്ള തിരിച്ചറിവ് എത്രപേർക്ക് ഉണ്ടെന്ന് എനിക്കറിഞ്ഞുകൂടാ. വർണാശ്രമത്തിന് പുറത്ത് പരിശീലനം ചെയ്യപ്പെടുന്നതാണ് ഹിന്ദുയിസമെങ്കിൽ അവർണൻ എങ്ങനെ ഹിന്ദുവാകും? ഉടച്ചുവാർക്കാനോ തകർത്തെറിയാനോ പറ്റാത്ത ഒന്നായാണ് ഇന്നും ജാതി നിലനിൽക്കുന്നത്. പുരോഗമനപ്രസ്ഥാനങ്ങൾ ഉണ്ടായിരുന്നിട്ടും അതിനെ തുടച്ചുനീക്കാൻ ആയിട്ടില്ല. സാംസ്കാരിക നായകന്മാരുടെ പേരിന്റെ കൂടെ ജാതിപ്പേരിനെ അതിജീവിക്കാൻ പറ്റിയിട്ടുണ്ടങ്കിൽ അത് ഇവിടെനിന്നും ഒരിക്കലും മാറിയിട്ടില്ല എന്നതിന്റെ തെളിവാണ്. വരേണ്യത കൈയൊഴിയാൻ, സമൂഹത്തിനെ മുന്നോട്ടുകൊണ്ടുപോകാൻകഴിയുമെന്ന് വിചാരിക്കുന്ന സാഹിത്യകാരന്മാർക്ക്, കലാകാരന്മാർക്ക് അതിനുകഴിയില്ല എന്നാണെങ്കിൽ അത് ഇവിടെനിന്ന് പോയിട്ടില്ല എന്ന് തന്നെയാണ് അർത്ഥം.

എന്റെ പേരിന്റെ കൂടെ ഞാനൊരു ജാതിപ്പേരെടുത്തണിയുമ്പോൾത്തന്നെ മറ്റുള്ളത് എന്നൊരു കാര്യം പറയാതെ പറയുന്നുണ്ട്. ജാതിപ്പേര് എന്റെ പേരിനൊപ്പം ചേർക്കുന്ന സമയത്ത് ഞാൻ ഉറക്കെ പറയുന്ന ഒരു കാര്യം ഞാൻ ഒരു ദളിതനല്ല സവർണ്ണനാണ് എന്നുള്ളതാണ്. അത്തരത്തിൽ ഞാൻ ജാതിയെ ഊട്ടിയുറപ്പിക്കുക തന്നെയല്ലേ അവിടെ ചെയ്യുന്നത്? നമ്മൾ ആലോചിച്ചു നോക്കിയാൽ ഇവിടെയുള്ള ആളുകൾ ഒന്നും തന്നെ താൻ ജാതിക്കതീതനാണെന്ന് പറയും എന്ന് കരുതാനാകില്ല. മാട്രിമോണിയൽ കോളങ്ങളിൽപ്പോലും ഈ ജാതിക്കാരെ മതി എന്നു പരസ്യമായി പറയുന്ന അഭ്യസ്തവിദ്യരാണ് നമ്മൾ. അങ്ങനെ ആലോചിക്കുമ്പോൾ നോർത്തിന്ത്യയിലെ ഏതോ ഒരു ഗ്രാമത്തിൽ നടന്ന സംഭവം എന്നുള്ള നിലയിൽ ഇതിനെ വിലയിരുത്താൻ സാധിക്കില്ല.

ദശാബ്ദങ്ങളായി മലയാളസിനിമയിൽ അന്യായമായി ആഘോഷിക്കപ്പെടുന്ന സ്ത്രീവിരുദ്ധതയ്ക്കെതിരെ ശക്തമായ പ്രഹരമാണ് ഇന്ന് ചില സിനിമകൾ നൽകുന്നത്. ഒരു ബദൽ മൂല്യവ്യവസ്ഥയുടെ അടിത്തറ പാകാനുള്ള പുരുഷാധിപത്യ ധാർമികതയുടെ അടിത്തറ ഇളകുകയാണോ ഇത്തരം ഇടപെടലുകൾ?.

സ്ത്രീ വിരുദ്ധതക്കെതിരെ ഇടപെട്ട സിനിമകളില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സ്ത്രീമുന്നേറ്റത്തെ പ്രോത്സാഹിപ്പിക്കുന്ന സിനിമകളും ഉണ്ടായിട്ടില്ല. പുറപ്പെട്ടുപോകുന്ന റാണിയും പത്മിനിയും അവസാനം എത്തുന്നത് ആരംഭിച്ചിടത്തേക്ക് തന്നെയല്ലേ. കുമ്പളങ്ങി നൈറ്റ്സ് വിപ്ലവകരമായ നിലപാടുകൾ പുറത്തേക്ക് വിട്ടു. അതിലും സ്ത്രീവിരുദ്ധത കാണാൻ സാധിക്കും. വേഷംമാറി നടക്കുന്ന ഇത്തരം സിനിമകളാണ് കൂടുതൽ അപകടം ചെയ്യുക.

# ക്വീർ.. ദളിത്സാഹിത്യം










## ആദിയുമായി

**ഒന്നാം വർഷ**
**എം.എ. മലയാളം വിദ്യാർത്ഥികളായ**

## അഖില വി.എസ്,
## അസ്ന ഷെറിൻ പി.,
## ശ്രീഹരി എസ്.

**എന്നിവർ നടത്തിയ അഭിമുഖം**

യുവകവിയും ക്വീർ ആക്ടിവിസ്റ്റുമാണ് ആദി. ശ്രീ ശങ്കരാചാര്യ സംസ്കൃതം സർവ്വകലാശാലയിൽ റിസർച്ച് സ്കോളറാണ്. പെണ്ണപ്പൻ' എന്ന കവിത സമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുവരെ തങ്ങളെ അടയാളപ്പെടുത്തിയിട്ടില്ലാത്ത മലയാള സാഹിത്യത്തിൽ ആ ന്യൂനപക്ഷത്തെക്കൂടെ ഉൾപ്പെടുത്തുകയാണ് ആദി. ക്വിയർ വിഷയത്തിൽ നിരന്തരം എഴുതുകയും സംസാരിക്കുകയും ചെയ്യുന്ന ആദിക്ക് കൃത്യമായ രാഷ്ട്രീയബോധമുണ്ട്. ആദിയുടെ കവിതകളെല്ലാം സമൂഹമനസ്സാക്ഷിക്ക് പുതിയൊരു അനുഭവവും ആദി പ്രതിനിധീകരിക്കുന്ന ന്യൂനപക്ഷത്തിന് രേഖപ്പെടുത്താതെ പോയ ജീവിതവുമാണ്. ഭാഷാപരവും സാമൂഹികപരവുമായുള്ള ഘടനകളെ പൊളിച്ചടുക്കാനും അരികുവൽ ക്കരിക്കപ്പെട്ട മനുഷ്യർക്ക് കൂടുതൽ ദൃശ്യത ലഭിക്കാനും ആദി തന്റെ കവിതകളിലൂടെ നിരന്തരമായി പരിശ്രമിക്കുന്നതായി കാണാം.



ആദി എങ്ങനെയാണ് സ്വയം പരിചയപ്പെടുത്തുന്നത്?

എന്റെ പേര് ആദി. ശ്രീ ശങ്കരാചാര്യ കാലടി യൂണിവേഴ്സിറ്റിയിലെ മലയാളം ഗവേഷക വിദ്യാർത്ഥിയാണ് ഞാൻ. സമകാലിക എഴുത്തുകാരനാണ്.

നിലവിൽ ഏതെങ്കിലും എഴുത്തിലാണോ? വിഷയം എന്തെങ്കിലും കണ്ടു വച്ചിട്ടുണ്ടോ?

ഞാനെന്റെ രണ്ടാമത്തെ പുസ്തകത്തിന്റെ എഴുത്തിലാണ്. ഈ വർഷം കഴിഞ്ഞാൽ പ്രസിദ്ധീകരിക്കും എന്ന് പ്രതീക്ഷിക്കുന്നു.

എഴുത്തുകാർക്ക് നേരെ ആക്രമണങ്ങൾ അഴിച്ചുവിടാൻ ആളുകൾക്ക് മടിയില്ലാത്ത കാലമാണല്ലോ ഇത്. ആ ഒരു സാഹചര്യത്തിൽ എന്തെങ്കിലും വിഷയത്തെ ഭയത്തോടുകൂടി താങ്കൾ സമീപിച്ചിട്ടുണ്ടോ?

ഞാൻ എഴുതുന്ന വിഷയത്തിൽ അങ്ങനെയൊരു ജാഗ്രത പുലർത്താറില്ല. അങ്ങനെയൊരു ആക്രമണം പ്രതീക്ഷിച്ചു ഞാൻ എഴുതേണ്ടവിഷയത്തിൽ എഴുതാതിരിക്കൽ ധാർമികമായി ശരിയായിരിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. അത്തരത്തിൽ ഞാനൊരു അരിക്കൽ ഒന്നും നടത്താറില്ല.

പെണ്ണപ്പൻ എന്നപേര് സൃഷ്ടിച്ച വിമർശനങ്ങളെ എങ്ങനെ നോക്കിക്കാണുന്നു?

സത്യംപറഞ്ഞാൽ 'പെണ്ണപ്പൻ ' എന്ന കവിത 2019 തുടക്കത്തിലാണ് ഞാൻ സോഷ്യൽ മീഡിയയിൽ എഴുതി ഇടുന്നത്. ആ കവിതയ്ക്ക് അന്ന് വലിയ രീതിയിൽ സ്വീകാര്യത ലഭിക്കുകയും ഒരുപാട് വായിക്കപ്പെടുകയും ചെയ്തു. അതുകൊണ്ടാണ് ഞാൻ ആ കവിതയുടെ പേര് തന്നെ എന്റെ പുസ്തകത്തിന്റെ തലക്കെട്ട് ആക്കിയത്. ആ വാക്കിലൂടെയാണ് ഞാൻ എന്നെ അടയാളപ്പെടുത്തുന്നതും ആളുകൾ എന്നെ അറിയുന്നതും. അതിനെച്ചൊല്ലിയുണ്ടായ വിമർശനങ്ങൾ എന്തെന്നാൽ, അത് രാഷ്ട്രീയപരമായ ശരിയല്ല, ഒരധിക്ഷേപസൂചനയുള്ള വാക്കായതിനാൽ അങ്ങനെയൊരു പേരിനെ നമ്മൾ ഉയർത്തിപ്പിടിക്കുന്നതിൽ ഒരു ശരികേടുണ്ട്. പൊളിറ്റിക്കലി ഇൻകറക്ട് ആണ് എന്നൊക്കെയാണ്. ഈ വിമർശനം പുസ്തകം ഇറങ്ങിയതിനു ശേഷമായിട്ടാണ് ഉണ്ടായിട്ടുള്ളത്. പക്ഷേ ഞാൻ അതിനെ അങ്ങനെ മനസ്സിലാക്കുന്നില്ല, മറിച്ച്, ജീവിതം രാഷ്ട്രീയ ശരിയുടേതല്ല, എന്ന നിലപാടിൽനിന്നുകൊണ്ടാണ് ഞാനതിനെ കാണുന്നത്. എന്റെ കവിത അങ്ങനെ രാഷ്ട്രീയ ശരിയുടേതല്ല. ജീവിതത്തിനെ രാഷ്ട്രീയ ശരി, രാഷ്ട്രീയ തെറ്റ് എന്നിവയിലൂടെ വിശദീകരിക്കാൻ കഴിയുന്നതല്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെ ഒരു അനുഭവത്തെ ആവിഷ്കരിക്കാൻ ആ ഒരു വാക്യം അല്ലാതെ മറ്റൊന്നുമില്ലായിരുന്നു. അതുകൊണ്ടുതന്നെ ഞാൻ പെണ്ണപ്പൻ എന്ന വാക്ക് ഉപയോഗിച്ചു.

അതൊരു നല്ലവാക്കാണെന്നോ ചീത്തവാക്കാണെന്നോ ഞാൻ കരുതിയില്ല. ഇത്തരത്തിലുള്ള ഒരു വിമർശനം വരുന്ന സമയത്താണ് ഞാൻ ഈ വാക്കിന്റെ മറ്റൊരു വശം മനസ്സിലാക്കുന്നത്. എന്നെ സംബന്ധിച്ചിടത്തോളം എന്നോട് അടുത്തുനിൽക്കുന്ന ഞാനൊക്കെ കേട്ടിട്ടുള്ള എന്റെ ശരീരത്തിനെ പലപ്പോഴായിട്ട് വിശേഷിക്കപ്പെട്ടതുമായ ഒരുവാക്കായിട്ടാണ് ഞാൻ അതിനെ കാണുന്നത്. അതുകൊണ്ടുതന്നെ ഈയൊ രു സങ്കീർണതയെ അവതരിപ്പിക്കാനായി ആൺ/പെൺ എന്ന ബൈനറിയെ ചോദ്യം ചെയ്യുന്ന ഒരു വാക്ക് എന്ന രീതിയിലാണ് ഞാൻ അതിനെ ഉപയോഗിക്കുന്നത്.

മറ്റു സാഹിത്യ ശാഖകളെ അപേക്ഷിച്ച് കവിതയ്ക്ക് വായനക്കാർ കുറവല്ലേ? എന്താണ് അഭിപ്രായം?

പൊതുവേ കവിത എന്ന് പറയുന്നത് അങ്ങനെ എല്ലാവർക്കും എളുപ്പം പിടിക്കുന്ന ഒരു രൂപമല്ല. രൂപപരമായിത്തന്നെ അതിനു കുറേ പ്രശ്നങ്ങളുണ്ട്. പുതിയ കവിത എന്ന് പറയുന്നത് പിന്നെയും വായനക്കാർക്ക് കുറെക്കൂടി മനസ്സിലാക്കാൻ കഴിയുന്നതാണ്. ഗദ്യത്തിന്റെ അല്ലെങ്കിൽ നോവലോ ചെറുകഥയോ പോലെ എളുപ്പത്തിൽ മനസ്സിലാക്കാൻ പറ്റുന്ന ഒരുആശയമല്ലല്ലോ കവിതയ്ക്കുള്ളത്.

രൂപപരമായിട്ട് അതിന്റെ അർത്ഥം എന്ന് പറയുന്നത് നമ്മൾ കണ്ടെത്തേതാണ്. കവിതയിൽ പ്രയോഗിക്കുന്ന വാക്കുകൾ, വരികൾ എന്നിവയൊന്നും നമ്മളോട് നേരിട്ട് അർത്ഥം പറയുന്നതല്ല, മറിച്ച് നമ്മൾക്ക് അതിന്റെ രൂപപരമായിട്ടുള്ള ഘടനയോട് ബന്ധമുണ്ടെങ്കിൽമാത്രമേ അത് നമ്മളോട് ആശയവിനിമയം നടത്തുകയുള്ളൂ. അതുകൊണ്ടാണ് ഇതിൽ വായനക്കാർ കുറയുന്നത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷേ പുതിയ കവിത ഭാഷാപരമായുള്ള ഈ തടസ്സങ്ങളെയും രൂപപരമായുള്ള പരിമിതികളെയും മറികടന്ന് കുറേക്കൂടി വായനക്കാരോട് അടുത്തുനിൽക്കുന്നതായി തോന്നുന്നു.

കവിതയിൽ വ്യക്തിപരവും രാഷ്ട്രീയപരവും ആയിട്ടുള്ള പിരിമുറുക്കങ്ങളെ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത്?

കവിതയിൽ വ്യക്തിപരമായോ രാഷ്ട്രീയപരമായോ ഒരു പിരിമുറുക്കം എനിക്ക് അനുഭവപ്പെട്ടിട്ടില്ല. ഈയിടയിൽ എന്റെ കവിതയ്ക്ക് കുറെ വായനക്കാർ ഉണ്ടാവുകയും ശ്രദ്ധിക്കപ്പെടുകയും ചെയ്യുന്നു. അപ്പോൾ സ്വാഭാവികമായി ഉണ്ടാകുന്ന വിമർശനങ്ങൾ 'ഇത് കവിതയാണോ? ഇതിനെ കവിത എന്ന് വിളിക്കാമോ?' എന്നിവയാണ് ആ രീതിയിലുള്ള അഭിപ്രായങ്ങളും അതുണ്ടാക്കുന്ന പിരിമുറുക്കങ്ങൾ അല്ലാതെ വേറൊന്നും എന്നെ ബാധിക്കുന്നില്ല. വലിയ രീതിയിലുള്ള ഒന്നായി ഞാൻ അതിനെ കാണുന്നില്ല. എന്നെ സംബന്ധിച്ചിടത്തോളം കവിത, എന്റെ വ്യക്തിപരമായ സങ്കടങ്ങളെ അല്ലെങ്കിൽ സന്തോഷങ്ങളെ ഒക്കെ കൺവേ ചെയ്യാനുള്ളതും അനുഭവങ്ങളെ അവതരിപ്പിക്കാനുള്ളതുമായ ഒരു മാധ്യമമാണ്. എന്റെ മുറിവുകളെ ഉണക്കാനുള്ള ഒരു മീഡിയം എന്ന രീതിയിലാണ് ഞാൻ കവിതയെ കാണുന്നത്.

നിങ്ങളുടെ ആശയത്തെ ആവിഷ്കരിക്കാൻ ഭാഷയ്ക്ക് പരിമിതികൾ ഉണ്ടെന്ന് തോന്നിയിട്ടുണ്ടോ?

നമ്മൾ ഉപയോഗിക്കുന്ന ഭാഷ എന്നുപറയുന്നത് എപ്പോഴും പരിമിതമാണ്. ഭാഷയ്ക്ക് എപ്പോഴും എല്ലാത്തിനെയും ആവിഷ്കരിക്കാനുള്ള ശേഷിയില്ല. വളരെ സാമാന്യമായിട്ടുള്ള കാര്യങ്ങളെല്ലാം സൂചിപ്പിക്കാനുള്ള കെൽപേ ഭാഷയ്ക്കുള്ളൂ. അതുപോലെ എല്ലാ അനുഭവങ്ങളെയും ആവിഷ്കരിക്കാൻ ഭാഷയ്ക്ക് പറ്റുന്നില്ല. പൊതുവേ പറയാറുള്ളത് സ്നേഹം തന്നെ പലതരത്തിലാണ് എന്നാണല്ലോ. ഓരോ മനുഷ്യനോടും നമുക്കുതോന്നുന്ന സ്നേഹം പലേതരത്തിലാണ്. പക്ഷേ, അതിനെ സൂചിപ്പിക്കുന്നത് 'സ്നേഹം' എന്ന ഒറ്റവാക്ക് കൊണ്ടാണ്. ഈ വ്യക്തികളോട് നമുക്കുള്ള അടുപ്പത്തിൽ വ്യത്യസ്തമായിട്ടുള്ള അതിരുകൾ ഉണ്ട്. അതിനെ ഓരോന്നിനെയും സൂക്ഷ്മമായി അവതരിപ്പിക്കാനോ ആവിഷ്കരിക്കാനോ ഭാഷയ്ക്കു ശേഷിയില്ല. വേറൊരു അർത്ഥത്തിൽ നോക്കുകയാണെങ്കിൽ ഞാനൊരു ക്വീർ ആയിട്ട് നിൽക്കുന്ന വ്യക്തിയാണ്. നമ്മൾ ഉപയോഗിക്കുന്ന ഭാഷ എന്ന് പറയുന്നത് ആണിന്റെയും പെണ്ണിന്റെയും മാത്രമായിട്ടുള്ള ഒരു ഭാഷയാണ്. വ്യാകരണപരമായി ഭാഷയുടെ ഉള്ളിൽ നിൽക്കുന്നത് ആണിന്റെയും പെണ്ണിന്റെയും ഘടന മാത്രമാണ്. ഞങ്ങളുടെ ശരീരങ്ങളെയൊക്കെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്ന വാക്കുകളൊക്കെ തെറിവാക്കുകളാണ്. അങ്ങനെ ഒരു പരിമിതി ഭാഷയ്ക്കുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ സാഹിത്യവിദ്യാർഥിനിയാണ്. ഭാഷയും സാഹിത്യവുമൊക്കെ പഠിക്കുന്ന സമയത്ത് എന്റെ അനുഭവം അല്ലെങ്കിൽ എന്നെ കാണാൻ കഴിയുന്ന ഒരു സ്ഥലം ഒരിക്കലും ഉണ്ടായിട്ടില്ല. കവിതയിലാണെങ്കിലും നോവലിലാണെങ്കിലും ശരി. ആ രീതിയിൽ ഞങ്ങൾ ഭാഷയിൽ ഇടപെടുന്ന/സാഹിത്യത്തിൽ ഇടപെടുന്ന സമയത്ത് ഞങ്ങളെ എങ്ങനെ അവതരിപ്പിക്കും? ആ രീതിയിൽ പുതിയ ഭാഷ സൃഷ്ടിക്കപ്പെടുകയാണ്. അല്ലെങ്കിൽ അതുവരെ പ്രസക്തമായ ഭാഷ അപ്രസക്തമാക്കിക്കൊണ്ട് പുതിയൊരു ഭാഷ നിർമ്മിക്കുകയാണ്.



ഭാഷയുടെ ഈ ശാഠ്യങ്ങളെ, കണിശതകളെ, വ്യാകരണ പരമായുള്ള കാർക്കശങ്ങളെ മറികടിക്കുന്ന മട്ടിലേക്ക് എങ്ങനെ ഉപയോഗിക്കാം എന്നുള്ള രീതിയിലാണ് ഞങ്ങൾ ഭാഷയിൽ ഇടപെടുന്നത്. ഞാനെപ്പോഴും പറയുന്ന ഒരു ഉദാഹരണമുണ്ട; വിജയരാജമല്ലിക. വിജയരാജമല്ലിക എന്ന എഴുത്തുകാരി എഴുതിയ താരാട്ട് പാട്ട് വലിയ രീതിയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ആൺകുട്ടിക്കും പെൺകുട്ടിക്കും വേണ്ടിയുള്ള താരാട്ടുപാട്ടല്ല അത്. മറിച്ച്, ആണിന്റെയും പെണ്ണിന്റെയും ശരീരങ്ങൾക്കല്ലാതെയുള്ള താരാട്ടുപാട്ടാണ്. അതിനകത്ത് ഒരു പൊളിറ്റിക്കൽ ആയിട്ടുള്ള നീക്കമുണ്ട്, വിപ്ലവാത്മകമായിട്ടുള്ള നീക്കവും ഉണ്ട്. അപ്പോൾ ഭാഷയ്ക്ക് അകത്തുതന്നെ അട്ടിമറി നടത്താനുള്ള ശ്രമം സംഭവിക്കുന്നുണ്ട്. പുതിയ വാക്കുകൾ സൃഷ്ടിച്ചും പഴയ വാക്കുകളെ പുതിയ രീതിയിൽ അവതരിപ്പിച്ചും വാക്കുകൾക്ക് പുതിയ ചില ഇടങ്ങൾ നൽകുന്നുണ്ട്. ഇങ്ങനെയൊക്കെയാണ് ഭാഷയിൽ ഇടപെടുന്നത്. ഇതു ഭാഷയുടെ പരിമിതിയായി മാത്രം കാണുകയല്ല, മറിച്ച് നമ്മൾ ജീവിക്കുന്ന സമൂഹത്തിന്റെ പ്രശ്നം തന്നെയാണ് സ്വാഭാവികമായും ഭാഷയിലും കാണുന്നത്.

ജാരനെന്ന കവിതയിൽ വീട്ടമ്മ ഒരു പുരുഷനെയല്ല മറിച്ച് തന്നെ സ്നേഹിക്കുന്ന അംഗീകരിക്കുന്ന ഒരാളെയല്ലേ സ്വീകരി ക്കുന്നത്, പുരുഷാധിപത്യസമൂഹത്തിലെ സാധാരണ സ്ത്രീകളുടെ വിങ്ങലുകളല്ലേ കവിത അടയാളപ്പെടുത്തുന്നത്?

അതെ, ഞാൻ വിചാരിക്കുന്നത് കുടുംബം, കുടുംബഘടന അതിനകത്തുള്ള ബന്ധങ്ങൾ, ഭാര്യ, ഭർത്താവ്, കുട്ടി, ഇതിനെയൊക്കെ വെല്ലുവിളിക്കാനും അതിനകത്തുള്ള സങ്കീർണ്ണതകൾ തുറന്നുകാട്ടനും ശ്രമിക്കുന്നവയാണ് എന്റെ കവിതകൾ എന്നാണ്. എന്റെ കവിത നിൽക്കുന്നത് ഈ ഘടനകളെ വെല്ലു വിളിച്ചാണ് സമൂഹത്തിൽ പുരുഷധിപത്യം എന്ന് പറയുന്നത് കേവലം സ്ത്രീകളെ മാത്രം ബാധിക്കുന്ന ഒരു കാര്യമല്ല. അടിച്ചമർത്തൽ/ ചൂഷണം എന്ന് പറയുന്നത് എല്ലാതരം ശരീരങ്ങളെയും ആണും പെണ്ണുമായി പരിത്തിമിതപ്പെടുത്തുന്നതിലും പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്ന വ്യാപകമായ ഒന്നാണ്. അതിനെയൊക്കെ ചോദ്യംചെയ്യുക, ഭാര്യാഭർതൃ ബന്ധമാണെങ്കിലും നിലവിലുള്ള പ്രേമമാണെങ്കിലും മാതൃത്വമാണെങ്കിലും പിതൃത്വമാണെങ്കിലും അതിനെയൊക്കെ വെല്ലുവിളിക്കുക. അതിനൊക്കെവേണ്ടിയാണ് ഈ കവിതകൾ നിൽക്കുന്നത്.

സെൻസിബിലിറ്റിയും സാഹിത്യവും തമ്മിൽ ബന്ധമുണ്ടല്ലോ? എഴുത്തുകാരൻ പ്രതിനിധാനം ചെയ്യുന്ന വിഭാഗത്തിന്റെ മാനസികാവസ്ഥ കലാസൃഷ്ടിയിൽ പ്രത്യക്ഷത്തിലോ പരോക്ഷത്തിലോ പ്രതിഫലിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഒരു എഴുത്തുകാരന്റെ പുതിയ ഒരു സെൻസിബിലിറ്റിയോടുകൂടിയ രചന എല്ലാ അർത്ഥത്തിലും ഇന്നത്തെ സമൂഹം പരിഗണിക്കുന്നുണ്ടോ?

ഇപ്പോൾ വായനയിലാണെങ്കിലും കാഴ്ചപ്പാടിലാണെങ്കിലും ചെറിയ തോതിലുള്ള മാറ്റങ്ങൾ ഉണ്ടാവുന്നുണ്ട്. ഞാൻ എഴുതുന്നത് സ്വഭാവികയിട്ടും ഞാൻ പ്രതിനിധാനം ചെയ്യുന്ന വിഭാഗത്തിന്റെയും എന്റെ വ്യക്തിപരമായ അനുഭവത്തിന്റെയും അടിസ്ഥാനത്തിലുമാണ്. അപ്പോൾ അതിനെ സ്വീകരിക്കാൻ പോകുന്ന, അതിന്റെ പ്രാധാന്യം ഉൾക്കൊള്ളാൻ പോവുന്ന സമൂഹം ഉണ്ടായി വരുന്നതിന്റെ ഭാഗമായിട്ടാണ് വായനക്കാരുണ്ടാവുന്നതും, എന്റെ കവിതകൾക്ക് അംഗീകാരം ലഭിക്കുന്നതും.

ഭാവനയുടെ സൗന്ദര്യാവിഷ്ക്കാരമാണല്ലോ സാഹിത്യം. പക്ഷേ ദലിത് സാഹിത്യത്തിൽ സ്വപ്നസദൃശ്യമായ ആസ്വാദനം എന്ന നിലയ്ക്ക് ഭാവനയ്ക്ക് സ്ഥാനമില്ല. യുക്തിചിന്തയാണ് അതിന്റെ അടിസ്ഥാനം. എഴുത്തിൽ ഭാവനയുടെ തുറന്ന സ്വാതന്ത്ര്യം ഈ ഒരു കാരണത്താൽ പരിമിതപ്പെട്ടു എന്ന് തോന്നിയിട്ടുണ്ടോ?



ദളിത്സമൂഹത്തെ സ്വത്വപരമായി അടഞ്ഞമട്ടിലല്ല ഞാൻ മനസ്സിലാക്കുന്നത്. ഞാനൊരു ക്വീർ വ്യക്തി കൂടിയാണ്. കേവലം ഒരു സ്വത്വത്തിൽമാത്രം ജീവിക്കുന്ന ആളല്ല. അതിനെതിരെ നീണ്ടുന്ന സ്വത്വങ്ങളോ ലോകങ്ങളോ ഉണ്ടാവാം. എല്ലായിപ്പോഴും ഭാവനയിൽ മാത്രമാണോ എഴുതുന്നത് എന്ന ചോദ്യവും ഭാവനയെ എങ്ങനെയാണ് മനസിലാക്കുന്നത് എന്ന ചോദ്യവും ഉണ്ട്. പൊതുവെ നമ്മൾ കാൽപനികമായ ഭൂമിയെ വേരില്ലാത്ത ഒന്നായിട്ടാണ് നമ്മൾ കാണുന്നത്. ഭൗതികമായ ഒന്നിനെ കയ്യൊഴിഞ്ഞു എഴുതുന്ന ഒന്നാണ് സാഹിത്യരചന അല്ലെങ്കിൽ സർഗ്ഗാത്മകരചന എന്നാണ് ഞാൻ മനസിലാക്കുന്നത്. നമ്മളുടെ അനുഭവങ്ങൾ ആ രീതിയിലല്ലെങ്കിൽ നമ്മൾ അത് എങ്ങനെ ആവിഷ്കരിക്കും എന്ന ചോദ്യം വരും. കുറച്ച് ദിവസം മുമ്പ് എന്റെ കവിതയെ മുൻനിർത്തി ഒരു ഡിസ്കഷൻ ഉണ്ടായിരുന്നു. പൊതുവേ നമ്മൾ കവിതയുടെ കാര്യങ്ങൾ സംസാരിക്കുമ്പോൾ അതിന്റെ ഭാഷാ ഘടന, രൂപം,അലങ്കാരം, വർണ്ണനകൾ, ആലങ്കാരിക പ്രയോഗങ്ങൾ തുടങ്ങിയവയാണ് ചർച്ച ചെയ്യാറുള്ളത്. ആ മട്ടിലുള്ളതാണ് പരമ്പരാഗത കവിതകൾ. അതിനകത്ത് അടങ്ങിയ പ്രകൃതിയായാലും പുരാണങ്ങൾ ആയാലും പരാമർശങ്ങൾ ആയാലും എല്ലാം ആ രീതിയിലാണ് കവിതയുടെ ചർച്ച പോവുക. എന്നാൽ എന്റെ കവിതയെ കുറിച്ചുള്ള ചർച്ച പോകുന്നത് സാമൂഹ്യവിധിയെക്കുറിച്ചുള്ള വലിയ ചോദ്യങ്ങളിലേക്കാണ്. നമ്മൾ ജീവിക്കുന്ന സമൂഹത്തിൽ എങ്ങനെയാണ് ഒരു വിഭാഗം ആളുകളെ ഭാഷ പുറന്തള്ളുന്നത് ? എങ്ങനെയാണ് ശരീരങ്ങൾ ഇങ്ങനെ മെരുക്കപ്പെടുന്നത്? എന്തുകൊണ്ടാണ് ഇവർക്ക് അവകാശങ്ങൾ നിഷേധിക്കപ്പെടുന്നത്? ഇങ്ങനെ കുറച്ചുകൂടി ഭാവിയെ തൃപ്തിപ്പെടുത്താൻ പറ്റുന്ന ചർച്ചയിലേക്കാണ് എന്റെ കവിതകൾ പോകാറുള്ളത്. അതുവഴി സമൂഹത്തിൽ എങ്ങനെ അവബോധം ഉണ്ടാക്കാം എന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. ഇതൊരു പ്രധാനപ്പെട്ട കാര്യമാണെന്ന് എനിക്ക് തോന്നുന്നു. ഭാവനയെ നമ്മൾ കാല്പനികമായാണ് മനസ്സിലാക്കുന്നതെങ്കിൽ, ജീവിതമായും യാഥാർത്ഥ്യമായും ബന്ധമില്ലാത്ത ഒന്നിനെക്കുറിച്ചാണ് സൂചിപ്പിക്കുന്നതെങ്കിൽ ആ ഭാവനയെ ഞാൻ തുറന്ന ഒന്നായിട്ടല്ല കാണുന്നത്. മറിച്ച്, അടഞ്ഞ ഒന്നായിട്ടാണ്. ഞാൻ എപ്പോഴും കരുതുന്നത് എന്റെ പ്രതിബദ്ധത എന്ന് പറയുന്നത് സമൂഹത്തോടും എന്റെ മനുഷ്യരോടുമാണെന്നാണ്. കാൽപനികമായ ലോകത്തെക്കുറിച്ചോ ആ മട്ടിലുള്ള ഭാവനയെക്കുറിച്ച് സംസാരിക്കാനോ എഴുതാനോ അതുകൊണ്ടുതന്നെ എനിക്ക് പറ്റിക്കോളണമെന്നില്ല.

ന്യൂനപക്ഷ എഴുത്തുകാരെ ഇന്ന് ജനകീയമായി വായിക്കപ്പെടുന്നുണ്ടോ? ഉണ്ടെങ്കിൽ സമൂഹമാധ്യമങ്ങൾ എപ്രകാരം അതിന് സഹായകരമാകുന്നു?

എഴുത്ത്, സാഹിത്യരചന എന്നൊക്കെ പറയുന്നത് നമ്മൾക്ക് എളുപ്പത്തിൽ പ്രവേശനം/ അംഗീകാരം ലഭിക്കുന്ന ഒന്നല്ല. അതുകൊണ്ട് പുസ്തക രൂപത്തിലേക്കു വരുന്നതും ആനുകാലികങ്ങളിൽ നമ്മളുടെ എഴുത്തു വരിക എന്ന് പറയുന്നതൊന്നും എളുപ്പമുള്ള കാര്യമല്ല. അതുകൊണ്ടുതന്നെ സോഷ്യൽ മീഡിയ തരുന്ന സ്വാതന്ത്ര്യം വളരെ വലുതാണ്. നമ്മുടേതായിട്ട് എഴുതാനുള്ള ഇടവും അതോടൊപ്പം അഭിപ്രായങ്ങൾ പങ്കുവയ്ക്കാനും മറ്റുള്ള എഴുത്തുകൾ വായിക്കാനും സോഷ്യൽമീഡിയ സഹായിക്കുന്നുണ്ട്. ഇതൊക്കെ വലിയ തുറവി തരുന്നുണ്ട്. അച്ചടിയിലേക്ക് പ്രവേശിക്കുക എന്നത് എല്ലാവർക്കും കഴിയണം എന്നുള്ള കാര്യമല്ല. എന്റെ എഴുത്തുകൾ അധികവും വന്നിട്ടുള്ളത് സോഷ്യൽ മീഡിയയിലൂടെയാണ് ആനുകാലികങ്ങളിൽ ഒന്നും എഴുത്തുകൾ അധികം വന്നിട്ടില്ല. അങ്ങനെ അംഗീകരിക്കപ്പെടുന്ന സമയത്താണ് മുഖ്യധാര പ്രസാധകരെല്ലാം എന്നോട് ചോദിച്ചു വരുന്നത്. സോഷ്യൽ മീഡിയയിൽ എഴുതാൻ കിട്ടുന്ന സ്വീകാര്യതയിൽ നിന്നാണ് അച്ചടിയിലേക്ക് വരുന്നത്. ആ രീതിയിൽ എഴുത്തുകൾ സ്വീകരിക്കപ്പെടുന്നതിന്റെ പ്രധാനപ്പെട്ട കാരണമായി സമൂഹമാധ്യമം മാറിയിട്ടുണ്ട്.

എല്ലാ ഭാഷയും അങ്ങേയറ്റം ജന്റേഡ് ആണെന്ന് ആദി തന്നെ പറഞ്ഞിട്ടുണ്ട്. അങ്ങനെയെങ്കിൽ ഭാഷയിലെ പരിമിതികൾ മറികടക്കാൻ ബഷീറൊക്കെ രചനകളിലൂടെ കൊണ്ടുവന്ന പുതുരൂപങ്ങളെപ്പോലുള്ള ശ്രമങ്ങൾ ആദിയിൽ നിന്ന് പ്രതീക്ഷിക്കാമോ? 'പെണ്ണപ്പൻ 'എന്ന നാമത്തെ അങ്ങനെ കണ്ടുകൂടെ?

പരമ്പരാഗതമായി മനസ്സിലാക്കുന്ന വാക്കുകളുടെ അർത്ഥത്തിൻമേലുള്ള അട്ടിമറി, പുതിയ വാക്കുകൾ നിർമ്മിക്കൽ എന്നിങ്ങനെ വാക്കുകളെ വേറെ ഇടങ്ങളിൽ കൊണ്ടുപോയി ഉപയോഗിച്ച് ഒരു വാക്യത്തിന്റെ അർത്ഥത്തിനെ അട്ടിമറിച്ചു കൊണ്ടുള്ള ശ്രമങ്ങൾ ഉണ്ടാവുന്നുണ്ട്. പെണ്ണപ്പൻ എന്ന കവിത തന്നെ ഇത്തരത്തിലാണ്. എന്റെ പ്രേമം (തം). ഈ രീതിയിൽ ഭാഷാപരമായ അട്ടിമറി, വിജയരാജമല്ലിക എഴുതുന്നതായി ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. പ്രണയത്തിന് പ്രളയം എന്നെഴുതിയിട്ടുണ്ട്. പ്രണയം ആർക്കാണ് ഒരു പ്രളയസമാനമായി മാറുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. അങ്ങനെ പരമ്പരാഗതമായ അർത്ഥങ്ങൾക്കകത്ത് അട്ടിമറികൾ നടത്തുക, പുതിയ വാക്കുകളെ സൃഷ്ടിക്കാനുള്ള ശ്രമം നടക്കുക, അല്ലെങ്കിൽ നിലവിൽ അധിക്ഷേപത്തിലുള്ള വാക്കുകൾ പുതിയ സൂചകങ്ങളായി ഉപയോഗിക്കുക. പെണ്ണപ്പൻ എന്ന വാക്ക് അങ്ങനെയൊരു നീക്കമായാണ് നിൽക്കുന്നത്. ആ രീതിയിലൊക്കെ നമുക്ക് ഭാഷയുടെ ജെന്റേർഡായ സ്വഭാവത്തിനെ ചിലപ്പോൾ അട്ടിമറിക്കാൻ സാധിക്കും. നമ്മൾക്ക് ജെന്റേർഡായ ഭാഷയാണ് ഉള്ളതെന്ന് കരുതി ആ ഭാഷയെ അപ്പാടെ കൈവിട്ടുകളയാൻ സാധ്യമല്ല. നമുക്ക് ലഭ്യമായ ഭാവിയെ എങ്ങനെ കുറെക്കൂടി അട്ടിമറിച്ചു നന്നായി ഉപയോഗിക്കാൻ പറ്റും എന്ന് ശ്രമിക്കാനേ കഴിയുകയുള്ളൂ.

യഥാർത്ഥത്തിൽ അരികുവൽക്കരിക്കപ്പെട്ടവരെ ചേർത്തുപിടിക്കാനുള്ള ശീലം ബാല്യം മുതൽ ഉണ്ടാവേതല്ലേ? പ്രൈമറി ക്ലാസുകൾ മുതൽ തന്നെ ഇത്തരത്തിൽ ഒരു അവബോധം നൽകേണ്ടതില്ലേ? എന്താണ് ഇതിനെക്കുറിച്ചുള്ള അഭിപ്രായം?

അതെ. നമ്മളുടെ വിദ്യാഭ്യാസത്തിൽ എങ്ങനെ പെരുമാറണം എന്നത് എവിടെയും ഉൾക്കൊള്ളുന്നില്ല. മനുഷ്യനെ സംബന്ധിച്ച്, മാനുഷികമൂല്യങ്ങളെ സംബന്ധിച്ചുള്ള ഒരു വിദ്യാഭ്യാസപദ്ധതി നമുക്കില്ലല്ലോ. അരികുവൽക്കരിക്കപ്പെട്ട സമൂഹത്തെക്കുറിച്ച് പഠിച്ചതുകൊണ്ടല്ല ഒരു അവബോധപരമായ മാറ്റമാണ് ആവശ്യമെന്നാണ് ഞാൻ കരുതുന്നത്. കാരണം സിലബസിൽ നമ്മൾ പഠിക്കാൻ വേണ്ടി പലതും പഠിക്കുന്നുണ്ട്. പക്ഷെ ആ പഠിക്കുന്നതിനെ ഒരവബോധമാക്കി മാറ്റുന്നതിലുള്ള പ്രശ്നമാണ് ഞാൻ ചൂണ്ടിക്കാട്ടുന്നത്. പഠിച്ചകാര്യങ്ങളെ ഉൾക്കൊണ്ട് അത് പ്രാവർത്തികമാക്കാനും വ്യക്തിക്ക് സാധിക്കണം. അല്ലെ ങ്കിൽ പഠിക്കുന്ന കാര്യങ്ങൾ പരീക്ഷാപേപ്പറിൽ എഴുതിവെയ്ക്കും. പരീക്ഷ പാസ്സാവും. മാർക്കുകൾ നേടും. അതിൽക്കവിഞ്ഞു ജീവിതത്തിൽ പ്രായോഗികവൽക്കരിക്കപ്പെടുമോഎന്നുള്ളത് ചോദ്യമായി നിൽക്കുന്നുണ്ട്. അങ്ങനെയൊരു വൈവിധ്യം അതിനകത്തുന്നെ് തോന്നിയിട്ടുണ്ട്.



ദളിത് സാഹിത്യകാരന്മാർക്ക് നേരമ്പോക്കല്ല സാഹിത്യം ഇത് വാസ്തവത്തിൽ ശരിയല്ലേ? കവിതകളെ ഒരു ആക്ടിവിസത്തിന്റെ അല്ലെങ്കിൽ പ്രതിരോധത്തിന്റെ രൂപമായി നോക്കിക്കാണുന്നുണ്ടോ?

ഇതാണ് സാഹിത്യം, ഇതല്ല സാഹിത്യം എന്ന തീർപ്പ് കൽപ്പിക്കൽ എന്റെ പണിയല്ല. അങ്ങനെ വിധിനിർണ്ണയം ചെയ്യേണ്ട ഒരാളായി എന്നെ ഞാൻ കാണുന്നില്ല. അങ്ങനെ വിധിനിർണ്ണയിക്കേണ്ട അവകാശം ആർക്കെങ്കിലും ഉണ്ടെന്നും എനിക്ക് തോന്നുന്നില്ല. ഞാൻ എഴുതുന്നത് കവിതയാണെന്നോ ഞാൻ കവിയാണെന്നോ ഉള്ള അവകാശവാദങ്ങൾ എനിക്ക് പറയാനും പറ്റില്ല. എന്റെ മനുഷ്യരാരും കവിതകളെഴുതിയിട്ടില്ല എന്ന് എന്റെ പുസ്തകത്തിൽ തന്നെ പറയുന്നുണ്ട്. ആർക്കാണ് കവിതകളെഴുതാൻ പറ്റുക, ആർക്കാണ് കവിതകളെഴുതാൻ സമയമുള്ളത്. എനിക്ക് കവിതയെഴുതാൻ പറ്റുന്നത് ഞാൻ ജീവിച്ചിരുന്നു എന്ന ഒറ്റക്കാരണത്താലാണ്. എനിക്കുമുന്നേ ഒരുപാട് മനുഷ്യർ ഇവിടെ ഉണ്ടായിരുന്നു എന്നെപ്പോലെ എന്റേതന്നെ അനുഭവങ്ങളും ഉള്ള മനുഷ്യരിവിടെ ഉണ്ടായിട്ടുണ്ട്. അവർക്കാർക്കും കവിത എഴുതാൻ സാധിച്ചില്ല. അവർ മരിച്ചുപോയി. അവർ ജീവിച്ചിരിക്കാൻ പോലും വളരെ സമരം ചെയ്ത മനുഷ്യരാണ്, അവർക്ക് കവിതകൾ എഴുതാൻ കഴിയാത്തത് വളരെ സ്വാഭാവികമാണ്. എഴുതുക, വായിക്കുക, അനുഭവങ്ങൾ ഉണ്ടാവുക എന്നൊക്കെ പറയുന്നത് ഒരു പ്രിവിലേജിന്റെ ഭാഗമാണ്. ആ രീതിയിൽ സാഹിത്യത്തിലെ വലിയ ആളായോ സാഹിത്യം എന്തെന്ന് തീരുമാനിക്കുന്ന ഒരാളായോ ഞാൻ എന്നെക്കണ്ടിട്ടില്ല. പരമ്പരാഗത കാവ്യം പാരമ്പര്യങ്ങൾ സൃഷ്ടിച്ച അതിരുകെട്ടലുകൾക്കും കുറുകെ നീങ്ങുന്നതും വെല്ലുവിളിക്കുന്നതും ഒക്കെ ആയിട്ടാണ് ഞാൻ സാഹിത്യത്തെയും ജീവിതത്തെയും മനസ്സിലാക്കുന്നത്.



# വിദ്യാഭ്യാസം

# THE CHANGING LANDSCAPE OF HIGHER EDUCATION IN INDIA



Sharath Sundar
UGC Librarian

The National Education Policy 2020, often praised as a transformative framework, aims to tackle key challenges such as the low Gross Enrollment Ratio, fragmented educational structures, and inadequate research output. Replacing a 34-year-old system, it seeks to modernise and reimagine higher education in India by increasing enrollment, promoting interdisciplinary studies, and strengthening research capacities. Despite its ambitious goals,the policy faces significant hurdles in implementation, including infrastructural constraints and disparities in access across various regions. One of the most glaring issues is the multiple entry and exit system, which, in practice, risks devaluing the academic qualifications students earn. In a country where full degrees are still considered essential for employability, the idea that students can leave with certifications after partial completion creates uncertainty in the job market. Moreover, this fragmented approach may encourage early exits without the necessary skills for future employment. Also, the emphasis on research and the establishment of the National Research Foundation overlooks the fact that many higher education institutions in India are already underfunded and need more infrastructure to promote meaningful research. While the policy intends to position India as a global research hub, the ground reality is starkly different. This goal remains unrealistic unless there is substantial investment and funding, especially for lesser-known universities.Technology is also heavily relied upon to increase access, but this assumption is naive in the context of India's deep digital divide. The push for online education through platforms like SWAYAM could further marginalize students from rural and economically weaker backgrounds who do not have reliable internet access or digital literacy. This creates a two-tier system in which urban, tech-savvy students benefit while rural and marginalized students fall further behind.One noteworthy development in line with NEP is Kerala's adoption of the four-year undergraduate program, which is an attempt to align the state's education system with the broader vision of interdisciplinary and flexible learning. While Kerala is known for its strong education system, the four-year program, like NEP faces challenges like faculty shortages, infrastructural issues, and alignment with job market demands.While the National Education Policy is not without its challenges, it has the potential to revolutionize India's higher education system. The policy's commitment to interdisciplinary learning, research, and flexible academic pathways offers students a broader educational experience and greater autonomy. If implemented effectively, with attention to infrastructure,faculty development, and digital access, NEP can serve as a powerful catalyst for rebuilding and modernizing India's educational landscape.The policy aims not only to address existing disparities but also to create a more holistic and adaptive education system that meets the demands of a rapidly evolving global environment. If properly supported with the necessary investments and reforms, it could bridge gaps in accessibility, affordability, and quality, and ultimately empower India's youth with the skills and knowledge required for future success.By fostering innovation, inclusivity, and flexibility, the NEP lays a foundation for an education system that not only caters to the present but also anticipates the future needs of the country and the world.



# സ്ത്രീ ശാക്തീകരണത്തിൽ വിദ്യാഭ്യാസത്തിന്റെ പങ്ക്

**അഞ്ജലി എം.എസ്.**
ഒന്നാം വർഷം, ബി.എ. ഇംഗ്ലീഷ്



'ന: സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന മനുസ്മൃതി വാക്കുകളിൽ മാത്രം തളയ്ക്കപ്പെട്ടുപ്പോയ ഒരു ജീവിതമായിരുന്നു പഴയകാലത്ത് സ്ത്രീകൾ അനുഭവിച്ചുകൊണ്ടിരുന്നത്. ആ കാലഘട്ടത്തിലെ സ്ത്രീകൾ അനുഭവിച്ച കഷ്ടതകൾക്കും ദുരിതങ്ങൾക്കും കണക്കില്ലായിരുന്നു. കേവലം നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങിപ്പോയ ഒരു ജീവിതം തന്നെയായിരുന്നു അവരുടേത്.

വളരെയധികം പീഢനങ്ങളും പരിഹാസങ്ങളും അപമാനങ്ങളും അസമത്വങ്ങളും സഹിച്ച് കുഞ്ഞുങ്ങളെ പ്രസവിച്ചു വളർത്താനും വീട്ടുജോലികൾ ചെയ്യാനും മാത്രം വിധിക്കപ്പെട്ട ഒരു ജീവിതമായിരുന്നു ആ കാലഘട്ടത്തിലെ സ്ത്രീകൾ നയിച്ചു വന്നത്. പഴയ കാലത്തിൽ നിലനിന്നു പോന്നിരുന്ന അയിത്തം ഏറ്റവും കൂടുതൽ ബാധിച്ചിട്ടുള്ളത് സ്ത്രീകളെയായിരുന്നു. തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ തുടങ്ങിയ ദുരാചാരങ്ങൾ കുറച്ചൊന്നുമല്ല സ്ത്രീകൾ നരകതുല്യമായ ജീവിതം നയിക്കുന്നതിന് കാരണമായിട്ടുള്ളത്.

എന്നാൽ സ്ത്രീകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതപൂർണമായ ജീവിതം മനസ്സിലാക്കിയ പുരുഷൻമാരിൽ ചിലരിലെങ്കിലും ഈ അനീതി ഇല്ലായ്മ ചെയ്യണമെന്നുള്ള ചിന്ത ഉടലെടുത്തു. അതിന്റെ ഫലമായി ചില പുരോഗമനപ്രസ്ഥാനങ്ങളും നവോത്ഥാന പ്രസ്ഥാനങ്ങളും രൂപംകൊണ്ടു. ഇതിന്റെ ഫലമായി സ്ത്രീകൾ പതുക്കെപ്പതുക്കെ വീടിനു വെളിയിലേക്കറങ്ങിത്തുടങ്ങി. ഈ പ്രസ്ഥാനങ്ങളുടെയെല്ലാം പിൻതുണയോടെ സ്ത്രീകൾക്ക് വിദ്യാഭ്യാസം നേടാനുള്ള അവസരങ്ങൾ ഉണ്ടായി.

വി.ടി. ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകം അക്കാലത്തെ സ്ത്രീകൾക്ക് ഒരു വലിയ പ്രചോദനം തന്നെയായിരുന്നു. വിദ്യാഭ്യാസം ലഭിച്ചു തുടങ്ങിയതുമുതൽ തങ്ങൾ പുരുഷസമൂഹത്തിന്റെ അടിമകളല്ലെന്നും കുഞ്ഞുങ്ങളെ പ്രസവിച്ചു വളർത്താനും, വീട്ടുജോലികൾ ചെയ്യാനും മാത്രമുള്ള ഒരു ഉപകരണമല്ല എന്നും തങ്ങൾക്ക് സ്വന്തമായി ഒരു വ്യക്തിത്വം ഉണ്ടെന്നും തങ്ങളും പുരുഷൻമാരെപ്പോലെ സ്വതന്ത്രരാണെന്നും ഈ ലോകം പുരുഷൻമാരെപ്പോലെ തങ്ങളുടേതുകൂടിയാണെന്നും ഞങ്ങൾ ആരുടെയും അടിമകളല്ലെന്നും അവർ തിരിച്ചറിഞ്ഞു. ഈ ഒരു തിരിച്ചറിവിന്റെ ബലത്തിൽ സ്ത്രീകൾ പൊരുതി നേടിയെടുത്തതാണ് ഇന്നവർ അനുഭവിച്ചു കൊണ്ടിരിക്കുന്ന സ്വാതന്ത്ര്യവും തുല്യതാബോധവും.

പുരുഷന്മാരോടൊപ്പമോ ഒരു പക്ഷെ, അവരേക്കാൾ ഒരു പടി മുന്നിലോ ആയി എത്തിപ്പെടണമെന്ന ഒരു തരം വാശിയും, ത്യാഗമനോഭാവവുമാണ് ഇന്ന് എവറസ്റ്റ് കൊടുമുടിയിലും ചന്ദ്രനിൽ വരെയും സ്ത്രീയെ കൊണ്ടെത്തിച്ചത്. ഇന്ന് ലോകത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീകൾ തങ്ങളുടെ സ്ഥാനം അടയാളപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു.

രാജ്യത്തിന്റെ ഭരണനിർവഹണം, ശാസ്ത്രരംഗം, ആരോഗ്യരംഗം, വിദ്യാഭാസരംഗം, കലാസാംസ്കാരിക രംഗം എന്നുവേണ്ട ലോകത്തിന്റെ പുരോഗതിയുടെ സമസ്ത മേഖലകളിലും സ്ത്രീകൾ തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിച്ചു കഴിഞ്ഞു. ഝാൻസി റാണി, സരോജിനി നായിഡു, ക്യാപ്റ്റൻ ലക്ഷ്മി, ഫൂലൻ ദേവി, നക്സൽ അജിത, കൽപന ചൗള, ബച്ചേന്ദ്രി പാൽ, ജൻകോടാബി, ഇന്ദിരാഗാഡ്ധി, സോണിയ ഗാന്ധി, ജസ്റ്റിസ് ഫാത്തിമാ ബീവി, ബേനസീർ ഭൂട്ടോ എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത പട്ടികയായി ഇതു നീളുന്നതിന് മാറിക്കൊണ്ടിരിക്കുന്ന കാലവും വിദ്യാഭ്യാസവും മുഖ്യകാരണങ്ങളാണെന്ന് നമുക്ക് ഉറപ്പിച്ചു പറയാം.

# RE-IMAGINING THE CLASSROOM SPACES: PERSPECTIVES ON NEP (2020)



Christy Alex Varghese
Assistant Professor, Department of History

"Tell me and I forget. Teach me and I remember. Involve me and I learn."
- Benjamin Franklin

Ever since the inception of discussions revolving the much-anticipated National Education Policy (2020), there has been a plethora of deliberations regarding the radical reconceptualization of the classroom spaces too. However, to bring out a monolithic and linear narrative on the changing nature of classrooms that could come along with NEP (2020) would be a superficial one. Because the whole idea of classroom itself provides a varied experience, keeping in mind the vantage point of analysing (i.e. being a 'teacher' or a 'learner') and also upon the space (i.e. Are we narrating about a Kinder Garden Classroom or Post Graduate Classroom?/ is the classroom located in rural tribal village of Chhattisgarh or the Metropolitan state of Delhi?) about which we are analysing.
However, the 'classroom' spaces (with whatever connotations and adjectives being attributed) have always remained in history as the core of any educational system. The classroom has long been the central hub where formal education takes place, shaping the foundational experiences of learning for students. It serves as an intellectual space where ideas are exchanged, skills are developed, and critical thinking is fostered under the guidance of a teacher.

Though there have been a multitude of studies on the idea of classrooms, a pioneering reference that could serve pertinent for the present article could be the French Philosopher Michel Foucault. Though he did not focus exclusively on classrooms, but his work on Power/Knowledge and discipline can be applied for better comprehension of educational settings in modern society; thus to point out the nuances and etiquettes of a classroom space. In his famous work Discipline and Punish (1975), Foucault discussed how institutions like schools are places where discipline and control are exercised. He argued that classrooms are spaces where students are subjected to subtle forms of surveillance and regulation. Developing from Jeremy Bentham's idea of the panopticon (a prison design where inmates are always visible to a central authority), Foucault suggests that classrooms function similarly by fostering internalized discipline. The physical layout, the teacher's position, and the routines in classrooms create a controlled environment where students self-discipline because they feel they are constantly being watched. Foucault further opined that power and knowledge are intertwined; i.e. one caters to the other and thus feeding both. Those who control what is taught, learned, and accepted as truth wield power, as knowledge shapes perceptions, behaviors, and societal norms. In this way, power produces knowledge, and knowledge reinforces power, creating systems of influence and authority. The educational system plays a critical role in shaping knowledge, and teachers, as knowledge bearers, exercise power over students by controlling what is taught and how it is taught.

EVOLUTION OF CLASSROOM LEARNING- A HISTORICAL PERSPECTIVE

Keeping in mind the above-mentioned notions, it is an imperative to have an eagle's eye view of the evolution of classroom learning. Any discussion on the educational system or classroom learning has to be started with the Ancient Greece. Education in Ancient Greece varied throughout each city state. However, the crux of the teaching was to create loyal citizen for the city state; and Primary focus was marital arts. Even if there were teaching on poetry or literature, it was limited to memorising facts and words by heart. Needless to opine, the education always had a gender bias as it was always limited to the male population alone. This gender bias has continued even during the Middle Ages in Europe. During the Middle Ages, Education was almost a luxury, and it was limited to the priestly and the noble classes. It was during the 19th century in United States, Public schools were getting established for people of all classes and religion. It was Horace Mann, an educational reformer in the U. S State of Massachusetts, who has invented the concept of 'modern' school. These schools were known as 'common schools' and they were mostly tax funded and hence, all children irrespective of their financial status could attend them.

The hindsight view makes it explicit that the modern education system, as we understand it today, has largely corresponded with ideological needs

of the Industrial Revolution of the developed nations. The traditional structure of large urban schools, colleges, and universities—characterized by age-based grouping, students gathering in cohorts, and fixed time schedules—was well-suited to an industrial society. Essentially, our educational system continues to largely follow this factory-like model, which remains our default approach today. The classroom setting exemplifies this model: students are grouped into classes that regularly convene at the same location and time each day, for specific durations across terms or semesters. What we are attempting to achieve through this mentality is nothing short of whatever is needed from an industrious society- i.e. regularity, conformity and disciplinarity.

Coming to the 'Indian' specific discourses on Classroom, the reference has to begin with the
Gurukula Sambradhayam (The Gurukula System). This educational system where students (known as shishyas) lived with their teacher (the guru) in the guru's residence (or gurukula) This residential system emphasized not only academic learning but also the overall development of the student's character, discipline, and spirituality. However, what is more important to focus here is the power relationship between the Guru and Shishya. The Guru is believed and portrayed to the epitome of knowledge and the zenith of all sources from which knowledge emanates. It should be highlighted that the perceived notion over here is the fact that knowledge is not created rather it is emanated from the Guru; which makes it explicit that the Guru is infallible. For attaining this divine knowledge, complete servitude and obedience was expected from Shishya. Any deviance from the same will not only bring out rejection from Gurukulam (rejection from gurukulam meant rejection from education itself as there weren't many other institutions imparting knowledge); but will also invite the Gurushapam (the curse of Teacher).

What became more crucial in the Indian scenario was the existence of the rigid and regressive Caste system. The Varnashramadharama (the duties and responsibilities (dharma) assigned to individuals based on varna/caste and ashrama/stage) and the Chathurvanyam (fourfold classification) based societal

notions of the pre- British times in India, made sure that only the dvija (those who belong to the top castes) will be entitled to education. It would be too naïve to perceive that this sort of discrimination was limited to 'Hindu' religion alone as it transcended religious borders and thus engulfing the cultural ethos of the region. To the present author, the first step in the democratisation process of formal education in India happened with British Colonialism. In that context, a special mention needs to be made about the hefty work carried out by the missionaries of the time; of which our own institution, Malabar Christian College stood out as a ray of hope imparting 'education without discrimination'. Historical studies have proved that the introduction of English education in India was to meet the needs of British colonialism. According to Gauri Viswanathan (a pioneering historian on English education in India), the primary objective (of the introduction of English education in India) was to form a class of interpreters between the British rulers and the millions of Indians they governed. It won't be a superficial claim to argue that the aim of English education in India was not to create a Shakespeare but to create stenographers, clerks and gumasthas (peons).

